


ഖുത്വ്ബ
സിറിയ: പ്രശ്നവും പരിഹാരവും

# സത്യദൂതൻ

2013 നവംബർ | ലക്കം 11
വില ₹ 20



## മതാധിഷ്ഠിത രാഷ്ട്രീയം ഏറ്റവും വലിയ ഭീഷണി
ഫാറൂഖ് മൗദൂദി

## മുഹമ്മദ് നബി(സ)യെപ്പറ്റി ഹൈന്ദവപുരാണങ്ങളിൽ

## സൃഷ്ടിവാദവും പരിണാമ വാദവും



Nasir Mosque, Surinam



Masjid Rahim, McBean, Trinidad



The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2013 നവംബർ
ഹി.ശ.1392 – നുബുവ്വത്ത്
1434 – ദുൽഹജ്ജ് – മുഹറം
പുസ്തകം 85 ലക്കം 11
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
പ്രഭാഷണം
**ആരാണ് മുസ്‌ലിം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

**13**
**അല്ലാഹുവിനെക്കുറിച്ചുള്ള അറിവാണ് ഏറ്റവും അനിവാര്യമായിട്ടുള്ളത്**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

(1930 ഡിസംബറിൽ നടന്ന വാർഷിക സമ്മേളനത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) സ്ത്രീകളോടു ചെയ്ത പ്രസംഗത്തിൽ നിന്ന്

**15**
**ഒരു പുരുഷന് പകരം രണ്ട് സ്ത്രീയോ? ഖുർആൻ എന്ത് പറയുന്നു**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**16**
കവിത
**പർദ**
പി.കെ. മുഹമ്മദ് ബശീർ, ഐരാപുരം




**17**
**സൃഷ്ടിവാദവും പരിണാമ വാദവും**
ഹസ്സൻ ഖാൻ

സൃഷ്ടിവാദവും പരിണാമ വാദവും തമ്മിലുള്ള തർക്കത്തിൽ ഖുർആൻ പരിണാമവാദത്തിന്റെ പക്ഷത്താണ് നിൽക്കുന്നത്. ബൈബിളിലെ ആദമിന്റെ സൃഷ്ടി കഥയെ അനുകരിച്ച് മിക്ക വ്യാഖ്യാതാക്കളും ഖുർആൻ വചനങ്ങളെ തെറ്റിദ്ധരിക്കുകയായിരുന്നു. നാസ്തികരായ പരിണാമവാദികൾ ഉയർത്തുന്ന അയുക്തികമായ ആകസ്മികതാവാദം ഖുർആൻ തള്ളിക്കളയുന്നു.

**20**
അഭിമുഖം
**മതാധിഷ്ഠിത രാഷ്ട്രീയം ഏറ്റവും വലിയ ഭീഷണി: ഫാറൂഖ് മൗദൂദി**

**26**
**വിവാഹ സമയത്ത് ഹദ്റത്ത് ആയിശ സിദ്ദീഖ (റ) യുടെ പ്രായം**
(ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ)

ആയിശ (റ) ന്റെ വിവാഹപ്രായത്തെക്കുറിച്ച് നിലനിൽക്കുന്ന ആശയക്കുഴപ്പത്തിന് ചരിത്രപരമായ തെളിവുകളുടെ അടിസ്ഥാനത്തിലുള്ള ഒരു പരിശോധന

**28**
**കൂഫയിലെ ഇമാറത്തും ഖിലാഫത്തിനോടുള്ള അനുസരണവും**
മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

**32**
**മുഹമ്മദ് നബി(സ)യെപ്പറ്റി ഹൈന്ദവപുരാണങ്ങളിൽ**
എ. ക്യു. മഹ്ദി

**34**
**വിവാഹം: അലംഘനീയമായ വിശുദ്ധ ബന്ധമോ? ഉടമ്പടിയോ?**
ഡോ. കൗസർ എടപ്പകത്ത്

**39**
കുറിപ്പുകൾ
**വന്നു പോവുന്ന ധൂമകേതുക്കൾ**
മുസാഫിർ

**42**
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ അവരത്രെ അല്ലാഹുവിന്റെ സ്മരണ കൊണ്ട് മാത്രമേ മനസ്സമാധാനം കൈവരുകയുള്ളൂ.(13:29)



## നബിവചനം

അബ്ദുല്ലാ(റ) നിവേദനം: ഒരു കടുകുമണിതൂക്കം സത്യവിശ്വാസം ഹൃദയത്തിലുള്ള യാതൊരാളും നരകത്തിൽ പ്രവേശിക്കുകയില്ല. ഒരു കടുകുമണിതൂക്കം അഹംഭാവം ഹൃദയത്തിലുള്ള യാതൊരാളും സ്വർഗത്തിൽ പ്രവേശിക്കുകയില്ല.
**(മുസ്ലിം)**

## വാഗ്ദത്ത മസീഹിന്റെ വചനം



ഭൗതികമയ സഹായോപാധികളെക്കുറിച്ച് ന്യായമായ അതിരോളം ചിന്തിക്കുന്നതിനെ ഞാൻ നിങ്ങൾക്ക് വിലക്കുന്നില്ല. മറ്റു സമുദായ ക്കാരെ പോലെ എല്ലാ ഭൗതിക സഹായസാമഗ്രികളെയും നിയന്ത്രിക്കുന്നവനായ ദൈവത്തെ പാടെ വിസ്മരിച്ചുകൊണ്ട് നിങ്ങൾ ഭൗതികോപാധികളുടെ അടിമകളായിത്തീരുന്നതിനെയാണ് ഞാൻ വിലക്കുന്നത്. നിങ്ങൾക്ക് കാണാനുള്ള കണ്ണുണ്ടെങ്കിൽ ദൈവം മാത്രമേ ഉള്ളുവെന്നും മറ്റെല്ലാം നിസ്സാരമാണെന്നും മനസ്സിലാക്കാൻ കഴിയും അവന്റെ അനുമതി അകൂടാതെ നിങ്ങൾക്ക് കൈനിവർത്താനോ മടക്കുവാനോ പോലും സാധ്യമല്ല. ഇപ്പറയുന്നതിന്ന്നേരെ ആത്മീയ മൃതി പ്രാപിച്ചവൻ പരിഹാസച്ചിരി പൊഴിച്ചേക്കാം, അങ്ങനെ ചിരിക്കുന്നതിന് മുമ്പായിട്ടു തന്നെ അവൻ മരിച്ചു പോയെങ്കിൽ ഹാ, അവനെത്ര നന്നായിരുന്നു.
**(കശ്തീ നൂഹ്)**

എഡിറ്റോറിയൽ

# മനുഷ്യാസ്തിത്വത്തിന്റെ യാഥാർത്ഥ്യം

മനുഷ്യന്റെ ജനനവും ജീവിതവും അവന്റെ ഇച്ഛാശക്തി കൊണ്ടോ ആസൂത്രണം കൊണ്ടോ സംഭവിച്ചതല്ല, സ്രഷ്ടാവായ ദൈവത്തിന്റെ അനുഗ്രഹ കേദാരത്തിൽ ഒരു പരാദത്തെപോലെ ജീവിക്കുന്ന മനുഷ്യൻ പരാശ്രിതനും സ്രഷ്ടാവിന്റെ നിസ്സാരനായ ഒരു സൃഷ്ടിയും മാത്രമാണ്. ശുദ്ധ ശൂന്യതയിൽ നിന്നാണ് അവൻ അസ്തിത്വത്തിലേക്ക് വന്നത്. അത്കൊണ്ട് തന്നെ അവന്റ ജീവിത ലക്ഷ്യം സ്വയം നിർണയിക്കുന്നത് യുക്തി സഹമല്ല.

മനുഷ്യൻ, അവൻ ഇച്ഛിച്ചാലും ഇല്ലെങ്കിലും മരണം എന്ന ഒഴിഞ്ഞുപോവാത്ത വിധി ഒരുനാൾ അവനെ പരിഗ്രഹിക്കുന്നു. അല്ലാഹു ഖുർആനിൽ പറയുന്നു: ***'നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടും. നിങ്ങൾ സുശക്തമായി പണിതുയർത്തിയ കോട്ടക്കുള്ളിലായിരുന്നാലും ശരി (6:4).*** പിന്നീട് മനുഷ്യാത്മാവ് അദൃശ്യവും അജ്ഞാതവുമായ ഒരിടത്തേക്ക് മാറ്റപ്പെടുന്നു, മനുഷ്യൻ മനസ്സിലാക്കിയ സത്യങ്ങളിൽ സർവജനസുഗ്രഹമായ ഒരേയൊരു സത്യമാണ് മരണം. അതായത് സർവരും മരണത്തിന് വിധേയരാകും എന്ന മഹാസത്യം. പക്ഷേ ആസക്തരായ നമ്മിൽ മിക്കവരും ഏറ്റവും കൂടുതൽ മറക്കുന്നതും ഈ സത്യമാണ്. ഇങ്ങനെ ദൈവവിധിയുടെ അലംഘനീയ യാഥാർഥ്യങ്ങൾക്കിടയിൽ വിധേയനും ആശ്രിതനും ശരണാർഥിയുമായി നിസ്സഹായനായ മനുഷ്യൻ കഴിയുന്നു. മനുഷ്യാസ്തിത്വത്തിന്റെയും മനുഷ്യവ്യവഹാരങ്ങളുടെയും മൗലിക യാഥാർഥ്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ട് അല്ലാഹു പറയുന്നു:

***'അവൻ തന്നെയാണ് ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്നത്. മരിപ്പിക്കുകയും ജീവിപ്പിക്കൂകയും ചെയ്യുന്നതും അവൻ തന്നെ, രേതസ്കണം തെറിപ്പിക്കപ്പെടുമ്പോൾ അതിൽ നിന്നും ആൺ പെൺ എന്നീ രണ്ടിനങ്ങളെ സൃഷ്ടിക്കുന്നതും അവൻ തന്നെയാണ്. പുനരുത്ഥാനം ചെയ്യിക്കുന്നതും അവന്റെ ചുമതലയാണ്. മനുഷ്യനെ സമ്പന്നനാക്കുന്നതും പരാശ്രയ രഹിതനാക്കുന്നതും അവൻ തന്നെയാണ്.'(53: 44-49)***

ഇത്രയും നിസ്സഹായനും അരക്ഷിതനുമായ മനുഷ്യന്റെ ജീവിത ലക്ഷ്യം എന്താണെന്ന് അവന്റെ സ്രഷ്ടാവായ അല്ലാഹു തന്നെ നിശ്ചയിച്ചിരിക്കുന്നു. ***'എന്നെ അറിയുന്നതിനും ആരാധിക്കുന്നതിനുമായിട്ടു മാത്രമാണ് ഞാൻ ജിന്നുകളെയും ഇൻസുകളേയും സൃഷ്ടിച്ചത്' (51:57)***

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: *'ഈ ഖുർആൻ വാക്യമനുസരിച്ച് മനുഷ്യന്റെ ജീവിതോദ്ദേശ്യം സ്രഷ്ടാവായ ദൈവത്തെ അറിയുകയും അവനെ ആരാധിക്കുകയും അവനായ് കൊണ്ട് ജീവിക്കുകയും ആകുന്നു. തന്റെ ജീവിതത്തിന് സ്വേച്ഛയായ ഒരുദ്ദേശ്യം നിശ്ചയിക്കുവാൻ മനുഷ്യന് അധികാരമില്ല. എന്തെന്നാൽ അവൻ ഈ ലോകത്ത് സേച്ഛാനുരോധേന വരുകയോ സ്വമേധയാ ഇവിടെ നിന്ന് തിരിച്ചുപോകുകയോ ചെയ്യുന്നില്ല. അവൻ ഒരു സൃഷ്ടി മാത്രമാണ്. അവനെ നാസ്തിയായ അവസ്ഥയിൽ നിന്ന് ഉദ്ഭവിപ്പിക്കുകയും അവനു ഇതര ജീവികളെ അപേക്ഷിച്ചു പാവനവും ഉത്കൃഷ്ടവുമായ ശക്തികളും ബോധനങ്ങളും പ്രദാനം ചെയ്യുകയും ചെയ്തിരിക്കുന്ന സ്രഷ്ടാവു തന്നെയാണ് അവന്റെ ജീവിതത്തിനു ഒരുദ്ദേശ്യം കൽപ്പിച്ചിട്ടുണ്ട്. ഈ സംഗതി അവൻ മനസ്സിലാക്കിയാലും ഇല്ലെങ്കിലും അവന്റെ ജീവിതോദ്ദേശ്യം യഥാർഥത്തിൽ ദൈവത്തെ അറിയുകയും അവനെ വണങ്ങുകയും അവനിൽ ലയിക്കുകയുമാണെന്നത് നിസ്സന്ദേഹമാണ്. '( ഇസ്‌ലാം മതതത്ത്വജ്ഞാനം)*



ഹദ്റത്ത് അഹ്മദ് (അ)

# നരകത്തിന്റെ യാഥാർഥ്യം

നരകം എന്താണെന്നുള്ളത് നാം മനസ്സിലാക്കേണ്ടതാണ്. ഒന്ന് മരണശേഷം അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ലഭിക്കുന്ന നരകമാകുന്നു. രണ്ടാമത്തേത് നമ്മുടെ ഭൗതീക ജീവിതം ദൈവത്തിനായി സമർപ്പിതമല്ലെങ്കിൽ അതും ഒരു നരകമാകുന്നു. അത്തരത്തിൽ നരകം വഹിക്കുന്നവരെ പ്രയാസത്തിൽ നിന്ന് കരകയറ്റാനും സമാധാനം നൽകാനും അല്ലാഹു ബാധ്യസ്ഥനല്ല. ഏതെങ്കിലും ഭൗതീക സ്വത്തോ, ധനമോ, അധികാരമോ, സമ്പത്തോ, ആദരവോ, സന്താനാധിക്യമോ ഒരു വ്യക്തിയുടെ ഏതെങ്കിലും തരത്തിലുള്ള സമാധാനത്തിനും സംതൃപ്തിക്കും ശാന്തിക്കും ഹേതുവാകുന്നു എന്ന് ചിന്തിക്കരുത്. പ്രസ്തുത ബന്ധങ്ങൾ സ്വർഗം തന്നെയാണോ? ഒരിക്കലുമല്ല. സ്വർഗീയാനുഗ്രഹങ്ങളായ ആ സംതൃപ്തിയും സമാധാനവും ശാന്തിയും ഇവയിൽ നിന്ന് ലഭിക്കുകയില്ല. അല്ലാഹുവിൽ തന്നെ ജീവിക്കുകയും മരിക്കുകയും ചെയ്യുമ്പോഴാണ് അത് ലഭ്യമാകുക. അത് കരസ്ഥമാക്കുന്നതിനായി പ്രവാചകരുടെ വിശേഷിച്ച് ഇബ്റാഹിം (അ), യഅ്ഖൂബ് (അ) എന്നിവരുടെ ഉപദേശം, വലാ തമൂത്തുന്ന ഇല്ലാവ അൻതും മുസ്ലിമൂൻ, (2.133) എന്നതായിരുന്നു. (ആജ്ഞാനുസാരിയല്ലാത്ത നിലയിൽ നിങ്ങൾ മരിക്കാൻ ഇടവരരുത്), ഭൗതീകാനന്ദങ്ങൾ ഒരു തരത്തിലുള്ള അവിശുദ്ധ പ്രത്യാശ ജനിപ്പിച്ചുകൊണ്ട് ദാഹത്തെയും മോഹങ്ങളെയും വർധിപ്പിക്കുന്നു. ദാഹരോഗികളെ പോലെ അവരുടെ ദാഹം ഒരിക്കലും ശമിക്കുന്നതല്ല. അവസാനം അവർ നാശമടയുന്നു.


ചുരുക്കത്തിൽ വ്യർഥമായ അഭിലാഷങ്ങളുടെയും നിരാശകളുടെയും ഈ അഗ്നി, മനുഷ്യഹൃദയത്തിന് സമാധാനവും സംതൃപ്തിയും ലഭ്യമാക്കാത്ത മുൻപരാമർശിച്ച അതേ നരകത്തിന്റെ അഗ്നിയാകുന്നു. മാത്രമല്ല, അതിനെ ചഞ്ചലവും അസ്വസ്ഥജനകവും ആക്കിത്തീർക്കുന്നു.

അതിനാൽ ധനത്തിനോടും സമ്പത്തിനോടും സ്ത്രീകളോടും സന്താനങ്ങളോടുമുള്ള സ്നേഹാവേശവും ലഹരിയും, അവരിലും അല്ലാഹുവിലും ഒരു മറയായിത്തീരുന്ന തരത്തിൽ മനുഷ്യനെ ഭ്രാന്തനാക്കി തീർക്കരുത് എന്ന വസ്തുത എന്റെ മിത്രങ്ങളുടെ ദൃഷ്ടിയിൽ നിന്ന് ഒരിക്കലും മറഞ്ഞിരിക്കരുത്. അക്കാരണത്താൽ തന്നെയാണ് സമ്പത്തിനെയും സന്താനങ്ങളെയും ഫിത്ന (പരീക്ഷണം) എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. അതിലൂടെ മനുഷ്യന് ഒരു നരകം തയ്യാറാകുന്നു. സമ്പത്തും സന്താനങ്ങളും അവരിൽ നിന്നും അകറ്റപ്പെടുമ്പോൾ കഠിനമായ അസ്വസ്ഥതയും പരിഭ്രമവും പ്രകടിപ്പിക്കുന്നു. അങ്ങനെ **നാറുല്ലാഹിൽ മൂഖദത്തുല്ലത്തീ തത്വലിഉ അലൽ അഫ്ഇദ** (104.7,8) എന്നത് ലിഖിതമായിട്ടല്ല പ്രത്യുത, യുക്തിക്ക് നിരക്കുന്ന തരത്തിൽ രൂപം പ്രാപിക്കുന്നു. (അല്ലാഹുവിന്റെ കത്തിച്ച് ജ്വലിപ്പിക്കപ്പെടുന്ന അഗ്നിയാണിത്. ഹൃദയങ്ങളിൻ മേൽ ആളിപ്പരുന്ന (അഗ്നി)).

ചുരുക്കത്തിൽ മനുഷ്യഹൃദയത്തെ കരിച്ച് കബാബ് പോലെയാക്കിത്തീർക്കുകയും, ഒരിക്കൽ കത്തിക്കഴിഞ്ഞ കൽക്കരിയേക്കാൾ ഇരുണ്ടതും അന്ധകാരമയവുമാക്കി മാറ്റുന്ന ഈ അഗ്നി, അത് ദൈവേതരങ്ങളോടുള്ള സ്നേഹമാകുന്നു.

രണ്ടു വസ്തുക്കളുടെ പരസ്പര ഘർഷണത്തിലൂടെയും ഉരസലിലൂടെയും ഒരു ചൂട് ഉടലെടുക്കുന്നു. അതേ പോലെ മനുഷ്യസ്നേഹവും, ഭൗതീകതയും ഭൗതീകതയോടുള്ള സ്നേഹവും തമ്മിലുള്ള ഘർഷണം മൂലം ദൈവീക സ്നേഹം കത്തിച്ചാമ്പലാകുന്നു. ഹൃദയം ഇരുണ്ടതായിക്കൊണ്ട് ദൈവത്തിൽ നിന്ന് അകന്നുപോകുന്നു.

ശേഷം പേജ് 19–ൽ




# ആരാണ് മുസ്‌ലിം?

(ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ചെയ്ത യു.കെ ജൽസ 2013ലെ സമാപന പ്രഭാഷണത്തിൽനിന്ന്)

**അ**ല്ലാഹുവിന്റെ മാർഗത്തിൽ അധ്വാനിക്കേണ്ട മുറപ്രകാരം നിങ്ങൾ അധ്വാനം ചെയ്യുവിൻ. അവൻ തന്നെയാണ് നിങ്ങൾക്ക് മഹത്വം നൽകിയത്. നിങ്ങൾക്കവൻ മതകാര്യത്തിൽ ഒരു പ്രയാസവും ഉണ്ടാക്കിവെച്ചിട്ടില്ല. നിങ്ങളുടെ പിതാവിന്റെ, ഇബ്റാഹീമിന്റെ മാർഗത്തെ നിങ്ങൾ സ്വീകരിക്കുക. അവനത്രെ ഇതിനു മുമ്പും ഈ ഗ്രന്ഥത്തിലും നിങ്ങൾക്ക് 'മുസ്‌ലിംകൾ' എന്ന് പേര് വെച്ചിരിക്കുന്നത്. (ഇങ്ങനെയെല്ലാം ചെയ്തത്) ഈ ദൈവദൂതൻ നിങ്ങൾക്കു സാക്ഷിയും നിങ്ങൾ മനുഷ്യകുലത്തിന് സാക്ഷിയും ആകുന്നതിനു വേണ്ടിയാണ്. അതിനാൽ നിങ്ങൾ നമസ്കാരം നിലനിർത്തുക. സകാത്ത് കൊടുക്കുക. അല്ലാഹുവിനെ മുറുകെ പിടിക്കുക. അവൻ നിങ്ങളുടെ യജമാനനാകുന്നു. അതിനാൽ അവൻ എത്ര നല്ല യജമാനൻ! എത്ര നല്ല സഹായകൻ. (22:79)

'ഇസ്‌ലാം', 'മുസ്‌ലിംകൾ' എന്നീ വാക്കുകളുടെ ആശയത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മനോഹരമായ ഒരു നാമവും മനോഹരമായ പ്രവർത്തനവും മനോഹരമായ ഒരു സമൂഹത്തിന്റെയും ഭാവനയാണ് മനസ്സിൽ വരുന്നത്. യഥാർഥത്തിൽ അങ്ങനെയാണ് വരേണ്ടത്. കാരണം ഇസ്‌ലാം എന്ന വാക്കും മുസ്‌ലിം എന്ന വാക്കും ഏതെല്ലാം അക്ഷരങ്ങൾ കൂടിച്ചേർന്നാണോ ഉണ്ടായിട്ടുള്ളത് ആ അക്ഷരങ്ങൾ മുഖേന രൂപപ്പെടുന്ന എല്ലാ വാക്കുകളും അർഥമാക്കുന്നത് സംരക്ഷണം, ശാന്തി, സമ്പൂർണ അനുസരണം, ബലഹീനതകളിൽ നിന്നുള്ള സ്വാതന്ത്ര്യം, തെറ്റുകളിൽ നിന്നുള്ള മോചനം, സ്വഭാവ ദൂഷ്യങ്ങളിൽ നിന്നുള്ള വിടുതൽ എന്നിവയാണ്. മറ്റുതരത്തിൽ പറഞ്ഞാൽ ഇസ്‌ലാം എന്നത് അർഥമാക്കുന്നത് അല്ലാഹുവിനെ പൂർണമായും അനുസരിക്കുകയും അവനുമായി സുശക്തമായ ബന്ധം സ്ഥാപിക്കുകയും ചെയ്യുകയും അതേ പോലെ മാനവരാശിയോടുള്ള സൽപെരുമാറ്റം, പരസ്പര സ്നേഹം, ഐക്യവും അഖണ്ഡതയും സ്ഥാപിക്കുക, ഫിത്നയും കുഴപ്പവും ഇല്ലാതാക്കുക എന്നിവയാണ്. അല്ലാഹുവുമായി സുദൃഢബന്ധം സ്ഥാപിക്കുകയും അവനെ പൂർണമായും അനുസരിക്കുകയും അതോടൊപ്പം മാനവസമൂഹത്തിന്റെ അവകാശങ്ങൾ നിറവേറ്റാനായി ശ്രമിക്കുകയും ചെയ്താൽ അങ്ങനെയുള്ള വ്യക്തി അല്ലാഹുവിന്റെ സംരക്ഷണകോട്ടയിൽ പ്രവേശിക്കുന്നതാണ്. ലോകത്തിന് സമാധാനവും ശാന്തിയും നൽകുന്നവനായി അവർ മാറുന്ന

താണ്.

ഇതിന്റെ അടിസ്ഥാനത്തിൽ ആരാണോ അല്ലാഹുവിന്റെ കൽപന ക്കുമുമ്പിൽ തന്നെ പൂർണമായും സമർപ്പിക്കുന്നത്, അല്ലാഹുവിനെ പൂർണമായും അനുസരിക്കുന്ന വനായി മാറുന്നത്, അവനാണ് മുസ്‌ലിം എന്ന് പറയപ്പെടുക. അതേ പോലെ ആരാണോ തന്നെ കുഴപ്പ ങ്ങളിൽ അകപ്പെടുന്നതിൽ നിന്നും സംരക്ഷിക്കുന്നത്, ഉപദ്രവങ്ങളിൽ നിന്നും വഞ്ചനകളിൽ നിന്നും അക്രമങ്ങളിൽ നിന്നും തന്നെ സംരക്ഷിക്കുന്നത്, കളവ്, വഞ്ചന, വിദ്വേഷം, പക തുടങ്ങിയവയിൽ നിന്നും തന്നെ സംരക്ഷിക്കുന്നത് അവനാണ് മുസ്‌ലിം. ഇതെല്ലാം ചെയ്യുന്ന വ്യക്തിയാണ് യഥാർഥ മുസ്‌ലിം. ഇങ്ങനെയുള്ള പ്രവർത്ത നങ്ങൾ ചെയ്യാനുള്ള അധ്യാപ നങ്ങളാണ് യഥാർഥ ഇസ്‌ലാമിക അധ്യാപനങ്ങൾ. ഈ നിർവചന ത്തിന്റെ അടിസ്ഥാനത്തിൽ ആരാ ണോ ഇതിനു വിരുദ്ധമായി പ്രവർ ത്തിക്കുന്നത്, അല്ലാഹുവിന്റെയും സൃഷ്ടികളുടെയും കടമകൾ നിറ വേറ്റാത്തത്, ശാന്തിക്കും സമാധാന ത്തിനും കാരണമാകുന്നതിനു പകരം ഫിത്നകൾക്കും കുഴപ്പ ത്തിനും കാരണമായിത്തീരുന്നത്, അവർ തങ്ങളെ പതിനായിരം വട്ടം താൻ മുസ്‌ലിമാണെന്ന് പറഞ്ഞാ ലും അവർ വെറും നാമമാത്ര മുസ് ലിമാണ്.

ഒരു സുദീർഘ അന്ധകാര കാല ഘട്ടത്തിനു ശേഷം ഇസ്‌ലാം എന്ന തിന്റെ യഥാർഥമായ അർഥം ഹദ്റത്ത് മസീഹ് മൗഊദ് (അ) ആണ് നമുക്ക് മനസ്സിലാക്കി ത്തന്നിരിക്കുന്നത്. ഇസ്‌ലാം എന്ന വാക്കിന്റെ അർഥ ത്തെ കുറിച്ചും അതിന്റെ ആശയ ത്തെ കുറിച്ചും വിവരിച്ചു കൊണ്ട് ഒരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു.

''അറബി ഭാഷയിൽ 'ഇസ് ലാം'എന്ന് പറഞ്ഞാൽ അർഥമാക്കു ന്നത് ഒരു വസ്തുവിന് മുൻ കൂറായി തുക നൽകുക, തന്റെ ജോലി ആരെയെങ്കിലും ഏൽ പ്പിക്കുക, സമാധാനത്തിനായി ആഗ്രഹിക്കുക, എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ അതിനെ ഉപേ ക്ഷിക്കുക എന്നിവയാണ്. എന്നാൽ ഇസ്‌ലാം എന്നതിന്റെ സാങ്കേതിക അർഥം വിശുദ്ധ ഖുർആനിൽ പറഞ്ഞതാണ്.

അതായത് മുസ്‌ലിം എന്ന് പറ ഞ്ഞാൽ അല്ലാഹുവിന്റെ മാർഗ ത്തിൽ തന്റെ സർവതും സമർ പ്പിക്കുന്നവനാണ്. തന്റെ അസ്തിത്വ മാസകലത്തെയും അല്ലാഹുവിന് വേണ്ടി, അവന്റെ ഉദ്ദേശ്യങ്ങളനു സരിച്ച് പ്രവർത്തിക്കുന്നതിന് വേ ണ്ടി, അവന്റെ പ്രീതികരസ്ഥമാ ക്കുന്നതിന് വേണ്ടി പൂർണമായും സമർപ്പിക്കുക. തുടർന്ന് അല്ലാഹു വിന് വേണ്ടി സൽപ്രവർത്തികളിൽ അടിയുറച്ച് നിൽക്കുക. തന്റെ അസ്തിത്വത്തിലെ പ്രവർത്തന ശക്തികൾ സർവതും അവന്റെ മാർഗത്തിൽ വിനിയോഗിക്കുക. അതായത്, വിശ്വാസപരമായും കർമപരമായും പൂർണമായി അല്ലാ ഹുവിന്റേതായിത്തീരുക. വിശ്വാസ പരമായി എന്ന് പറഞ്ഞാൽ തന്റെ അസ്തിത്വം പൂർണമായും ദൈവ ത്തെ തിരിച്ചറിയുന്നതിനും അവനെ അനുസരിക്കുന്നതിനും അവന്റെ സ്നേഹവും പ്രേമവും അവന്റെ പ്രീതിയും കരസ്ഥമാക്കുന്നതിനു വേണ്ടി സൃഷ്ടിക്കപ്പെട്ടതാണെന്ന് കരുതുക. കർമപരമായി എന്ന് പറഞ്ഞാൽ മനുഷ്യന്റെ സർവ ശക്തികളുമായും ദൈവിക സഹാ യങ്ങളുമായി ബന്ധപ്പെട്ട എല്ലാ യഥാർഥ നന്മകളും ദൈവത്തിനു വേണ്ടി മാത്രം ചെയ്യുക. എത്ര മാത്ര മെന്നാൽ തന്റെ അനുസരണത്തി ന്റെ ദർപ്പണത്തിലൂടെ അവൻ തന്റെ യഥാർഥ ആരാധ്യന്റെ തിരു മുഖം ദർശിക്കുന്നതുപോലെ പൂർണ താത്പര്യത്തോടും മനസാന്നിധ്യ ത്തോടും കൂടിയായിരിക്കണം ഈ പ്രവർത്തികൾ ചെയ്യേണ്ടത്.''

ചുരുക്കത്തിൽ, ദൈവത്തോടു ള്ള കടപ്പാടുകളും സൃഷ്ടികളോ ടുള്ള കടപ്പാടുകളും ദൈവപ്രീതി ക്കായി ചെയ്യുന്നവനാണ് യഥാർഥ മുസ്‌ലിം. ഈ കടമകളുടെ വിശദീ കരണം വിശുദ്ധ ഖുർആനിൽ അല്ലാ ഹു വിവരിച്ചിട്ടുണ്ട്........

മറ്റൊരു സ്ഥലത്ത് ആ മഹാ ത്മാവ് പറയുന്നു: ''ഇസ്‌ലാമിന്റെ പൊരുൾ വളരെ ഔന്നത്യമുള്ളതാ ണ്. തന്റെ അസ്തിത്വത്തെ അതി ന്റെ ആഗ്രഹങ്ങളോടും ഉദ്ദേശ്യല ക്ഷ്യങ്ങളോടു കൂടി പൂർണമായും ദൈവസമക്ഷം സമർപ്പിക്കാതെ, അതേപോലെ തന്റെ അഹം എന്ന ഭാവത്തെ പൂർണമായും കൈവിട്ട് കൊണ്ട് തന്നെ ദൈവമാർഗത്തിൽ പൂർണമായും സമർപ്പിക്കുകയും ചെയ്യാതെ ഒരാൾക്കും തന്നെ ഇസ്‌ലാം എന്ന പാവനമായ നാമ ത്തിന്റെ യഥാർഥ അർഥത്തിൽ താൻ ഉൾപ്പെട്ടവനാണെന്ന് പറ യാൻ കഴിയില്ല. അതിനാൽ ഒരാളെ യഥാർഥ അർഥത്തിൽ മുസ്‌ലിം ആണെന്ന് പറയപ്പെടുന്നത് ആ വ്യക്തിയുടെ നിരുത്തരവാദപരമായ ജീവിതത്തിൽ ഒരു മഹാ വിപ്ലവം സംജാതമാക്കിക്കൊണ്ട് തന്റെ ദോഷപ്രവണമായ ആത്മാവിനെ അതിന്റെ സർവ വികാരങ്ങളു മടക്കം പൂർണമായി മായ്ച്ചു കളയു കയും തുടർന്ന് ഈ മരണത്തിനു ശേഷം അല്ലാഹുവിന്റെ കൃപാവര ത്തിന്റെ അടയാളമായി അവനിൽ ഒരു പുതുജീവൻ സംജാതമാകുക യും ചെയ്യുമ്പോഴാണ്. അവന്റെ ഈ പവിത്രമായ ജീവിതത്തിൽ സ്രഷ്ടാ വിനെ അനുസരിക്കുക, സൃഷ്ടിക ളോട് സഹാനുഭൂതിപ്രകടിപ്പിക്കുക എന്നിവയല്ലാതെ മറ്റൊന്നും തന്നെ ഉണ്ടായിരിക്കുന്നതല്ല.''

ഹദ്റത്ത് മസീഹ് മൗഊദ് (അ) വരച്ചു കാണിച്ച ഇസ്‌ലാം, മുസ്‌ലിം എന്നതിന്റെ മനോഹരമായ രൂപമാ ണിത്. ദൈവത്തിൽ നിന്നും നിയോ ഗിക്കപ്പെട്ടവർക്ക് മാത്രമേ ഇത്രയും മനോഹരമായ ഈ രൂപം സമർ പ്പിക്കാൻ സാധിക്കുകയുള്ളൂ. ഈ വിശദീകരണത്തിന് ശേഷം 'ഇസ് ലാം'എന്ന വാക്കും 'മുസ്‌ലിം' എന്ന വാക്കും മനോഹരമായ വാക്കു കളല്ലെന്ന് ആർക്കും പറയാൻ സാധ്യമല്ല. ഇങ്ങനെയുള്ള അധ്യാപ നങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന സമൂഹത്തെ മനോഹര സമുദായ മല്ലെന്നും പറയാൻ കഴിയില്ല.

ഇസ്ലാം, മുസ്ലിം എന്നീ വാക്കുകളുടെ ആശയം എന്താണെന്ന് നമുക്കിവിടെ വ്യക്തമായി. അതനുസരിച്ച് പ്രവർത്തിക്കുന്നവർ തന്നെയാണ് യഥാർഥ മുസ്ലിംകൾ. എന്നാൽ ഇവിടെ വരുന്ന പ്രശ്നമിതാണ്. ഇതിന്റെ പ്രവർത്തന രൂപം ഈ ലോകത്ത് നമുക്ക് കാണാൻ സാധിക്കുന്നുണ്ടോ? അങ്ങനെയൊന്നുണ്ടെങ്കിൽ അതെവിടെയാണ്? ഇസ്ലാമിൽ എഴുപത്തിരണ്ട് കക്ഷികളുണ്ട്. ഓരോ കക്ഷിയും മുകളിലെ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളെയും മറ്റു കക്ഷികളെയും മുസ്ലിംകളാണെന്ന് കരുതുന്നുണ്ടോ? അവർ കരുതുന്നില്ലെങ്കിൽ ഇസ്ലാമിനെ കുറിച്ച് ഓരോ കക്ഷിയുടെയും നിർവചനം എന്താണ്? കാരണം ഓരോ കക്ഷിയും തന്നെ പറയുന്നത് തങ്ങൾ മുസ്ലിമാണെന്നാണ്. മുസ്ലിംകളുടെയും അമുസ്ലിംകളുടെയും മുമ്പിൽ വരുന്ന ചോദ്യമാണിത്. ഇതു കാരണം ഇസ്ലാമിനോട് സ്നേഹമുള്ള മുസ്ലിംകൾ അസ്വസ്ഥരാകുന്നു. അവർ ഇപ്രകാരം അല്ലാഹുവിനോട് കരഞ്ഞുകൊണ്ട് പ്രാർഥിക്കുന്നു. അല്ലാഹുവേ! ഈ മനോഹരമായ നാമത്തിന്റെയും അധ്യാപനത്തിന്റെയും പ്രവർത്തനരൂപം ഞങ്ങൾക്ക് എവിടെനിന്ന് ലഭിക്കും? കാരണം ഞങ്ങൾ ഞങ്ങളുടെ പണ്ഡിത വർഗത്തിലേക്ക് കണ്ണോടിക്കുമ്പോൾ അവിടെ ഞങ്ങൾക്ക് കടമകൾ നിറവേറ്റുന്നതിന് പകരം വഞ്ചനയുടെ പർവതങ്ങളാണ് കാണാൻ സാധിക്കുന്നത്. സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിന് പകരം സ്വന്തം താത്പര്യസംരക്ഷണത്തിൽ മുങ്ങിക്കുളിക്കുന്ന രംഗമാണ് കാണുന്നത്. സ്നേഹത്തിന്റെ പാഠം നൽകുന്നതിന് പകരം അവിടെ വിദ്വേഷത്തിന്റെ ലാവയാണ് പൊട്ടിപ്പുറപ്പെടുന്നത്. ശാന്തിയുടെ അന്തരീക്ഷത്തിന് പകരം നിഷ്കളങ്കരെകൊന്നൊടുക്കുന്ന രക്തപങ്കിലമായ കൈകളാണ് കാണുന്നത്. നീതിനടപ്പിൽ വരുത്തുന്നതിന് പകരം അവകാശധ്വംസനത്തിന്റെ അധ്യായമാണ് കാണുന്നത്. അല്ലാഹുവിന്റെയും റസൂലിന്റെയും അധ്യാപനത്തിന്റെ പേരിൽ ഭീകരതയുടെ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നതാണ് കാണുന്നത്. അല്ലാഹുവിനെ പൂർണമായും അനുസരിക്കുന്ന തിനുപകരം അതിരുകടന്ന നിഷേധമാണ് എല്ലാ മുസ്ലിം നാടുകളിലും കാണുന്നത്. അമുസ്ലിംകൾ മുസ്ലിംകളുടെ ഈ അവസ്ഥ കണ്ട് ഇസ്ലാമിനെ പരിഹസിക്കുകയും കളിയാക്കുകയും അപമാനിക്കുകയുമാണ് ചെയ്യുന്നത്. ഇസ്ലാമിനെ അപകീർത്തിപ്പെടുത്തുന്നതിനും അതിന്റെ പേരിൽ ലോകത്ത് വിദ്വേഷം ജനിപ്പിക്കുന്നതിനും വേണ്ടി ഒരു പഴുതും അവർ കളയുന്നില്ല. എത്രമാത്രമെന്നാൽ ഞങ്ങളുടെ പ്രിയ യജമാനും ഞങ്ങൾ പിൻപറ്റുകയും ചെയ്യുന്ന ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ് (സ) തിരുമേനിയുടെ വ്യക്തിത്വത്തെ പോലും ആക്ഷേപത്തിനു പാത്രമാക്കിക്കൊണ്ടിരിക്കുകയാണ്.

ചുരുക്കത്തിൽ ഇസ്ലാമിനെ സ്നേഹിക്കുന്ന ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം ഈ അവസ്ഥ വളരെയധികം വേദനിപ്പിക്കുന്നതാണ്. വ്യക്തികളിൽ നിന്ന് പുറത്ത് കടന്ന് ഇസ്ലാമിനെ എവിടെ നാം അന്വേഷിക്കും. ഏത് ജമാഅത്തിലാണ് യഥാർഥ ഇസ്ലാം ഉള്ളത്. ഇന്ന് എഴുപത്തിരണ്ട് കക്ഷികളുണ്ട്. അതിലെ ഓരോ കക്ഷിയും താൻ മുസ്ലിമാണെന്ന് അവകാശപ്പെട്ടുകൊണ്ട് മറ്റു കക്ഷിയെ കാഫിറാണെന്ന് പറയുന്നതാണ് കണ്ടു വരുന്നത്. ഇത് ഇന്നത്തെ മാത്രം കാര്യമല്ല. ഇരുണ്ട കാലഘട്ടം തുടങ്ങിയനാൾ മുതൽ കുഫ്റിന്റെ ഈ ഫത്വകൾ നിത്യസംഭവമായി മാറിയിരിക്കു കയാണ്. ഇന്നും ഈ ഫത്വകൾ നൽകപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ഫത്വകളുടെ ചില മാതൃകകൾ മാത്രം ഞാൻ സമർപ്പിക്കട്ടെ. ഈ കുഫ്റ് ഫത്വകൾ യഥാർഥ വിശ്വാസികളെ അസ്വസ്ഥരാക്കിയിരിക്കുകയാണ്. കാരണം സ്നേ ഹത്തിന്റെയും സാഹോ ദര്യത്തിന്റെയും അധ്യാപനം നൽകുന്ന ഈ മതം റുഹുമാഉ ബൈനഹും നിങ്ങൾ പരസ്പരം സ്നേഹത്തോടും സൗഹാർദത്തോടും വർത്തിക്കുക എന്ന പാഠം നൽകുന്ന ഈ മതം, 'നിങ്ങളോട് സലാം പറയുന്നവരെ നിങ്ങൾ മുഅ്മിനല്ല എന്ന് പറയരുത്' എന്ന് പാഠം നൽകുന്ന ഈ മതം ഇന്ന് ഇവിടെ വെറുപ്പും വിദ്വേഷവുമാണ് പഠിപ്പിക്കുന്നത്. സലാം പറയുന്നവരെ കുറിച്ച് പറയുന്നത് നിങ്ങൾ മുഅ്മിനല്ല, കാഫിറാണ് എന്നാണ്. സലാം വ്യാപിപ്പിക്കുന്നവരെ കുറിച്ച് പറയുന്നത് നിങ്ങൾ മുഅ്മിനല്ല കാഫിറാണ് എന്നാണ്. ഞാൻ പറഞ്ഞത് പോലെ ഫത്വകളുടെ ഒരു കൂമ്പാരം തന്നെ ഇവർ പരസ്പരം നൽകിയതുണ്ട്. അതിന്റെ ചില ഉദാഹരണം കേൾപ്പിക്കാം.

1883 ലെ ഫത്വയാണിത്. ഇത് വളരെ പഴക്കം ചെന്ന ഫത്വയാണ്. അഹ്ലെ സുന്നത്ത് പണ്ഡിതന്മാരോട് ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി. മുഖല്ലദീങ്ങളല്ലാത്തവരെ കുറിച്ച് നിങ്ങൾ എന്താണ് പറയുന്നത്. മുഖല്ലദീങ്ങളല്ലാത്ത കക്ഷികളെ ഈ നാട്ടിൽ തിരിച്ചറിയപ്പെടുന്നത് ഇപ്രകാരമാണ്. അവർ നമസ്കാരത്തിൽ ഉച്ചത്തിൽ ആമീൻ പറയുന്നു. നമസ്കാരത്തിൽ കൈകൾ ഉയർത്തുന്നു. നെഞ്ചത്ത് കൈ കെട്ടുന്നു. ഇമാമിനു പിന്നിൽ സൂറാ ഫാത്തിഹ ഓതുന്നു. ഇവർ അഹ്ലെ സുന്നത്തിൽ നിന്നും പുറത്താണ്. റാഫിസി, ഖാരിജി എന്നീ വഴി പിഴച്ച കക്ഷികളെ പോലെ വഴികേടിലായവരാണ്. കാരണം ഇവരുടെ പല വിശ്വാസങ്ങളും മത കർമങ്ങളും അഹ്ലെ സുന്നത്ത് കക്ഷിക്ക് വിരുദ്ധമായതാണ്.

പറയുന്നു; മുഖല്ലദീങ്ങളല്ലാത്തവരുമായി സദസ്സ് പങ്കിടുക എന്നതും അവരെ സന്തോഷത്തോടെ നമ്മുടെ പള്ളികളിൽ വരാൻ അനുവദിക്കുക എന്നതും ശറഇയായി തന്നെ വിലക്കപ്പെട്ടതാണ്. എന്തുകൊണ്ടെന്നാൽ അവരുടെ കർമങ്ങളിൽ നിന്നും മനസ്സിലാകുന്നത് ഇവർ ബിദ്ഈ പ്രസ്ഥാനമാണ്.

സുന്നത്തിനെ പിൻപറ്റുന്നവരല്ല. ബിദ്ഈ പ്രസ്ഥാനവുമായി കൂടിക്കലരുകയും അവരുമായി സദസ്സ് പങ്കിടുന്നതും ശറഇന്റെ അടിസ്ഥാനത്തിൽ വിരോധിക്കപ്പെട്ടതാണ്.

മറ്റൊരു ചോദ്യത്തിന് മറുപടിയായി പറയുന്നു. അവരുടെ കർമങ്ങളിൽ നിന്നും മനസ്സിലാകുന്ന മറ്റൊരു കാര്യം അവരുടെ പിന്നിൽ നമസ്കരിക്കാൻ പാടില്ല എന്നാണ്. കാരണം അവരുടെ വിശ്വാസവും കർമവും നമസ്കാരത്തെ ദുർബലപ്പെടുത്തുന്നതും നമസ്കാരത്തെ ഇല്ലാതാക്കുന്നതുമാണ്.......

ഞാൻ പറഞ്ഞത് പോലെ ഈ പണ്ഡിത വർഗം എപ്പോഴും പരസ്പരം കുഫ്റ് ഫത്വ നൽകിക്കൊണ്ടേ ഇരുന്നിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്തിനെ ഇവർ കാഫിറെന്ന് പറയുന്നു. എന്നാൽ പരസ്പരം ഇവർ കുഫ്റ് ഫത്വ നടത്തിയത് ഇപ്പോഴും നിലനിൽക്കുന്നു. ഇവർ തങ്ങളെ കാഫിർ എന്ന് പറയുന്നുണ്ടെങ്കിൽ അതത്ര പ്രശ്നമുള്ള കാര്യമല്ല. കാരണം തിരുനബി (സ)യുടെ ഒരു പ്രവചനമാണ് ഇതിലൂടെ പൂർത്തിയാകുന്നത്.

ഒരു ഹദീസിൽ ഇപ്രകാരം വരുന്നു. ഹദ്റത്ത് മുആവിയബ്നു സുഫ്യാൻ ഞങ്ങളുടെ മുമ്പിൽ എഴുന്നേറ്റ് നിന്നു. അദ്ദേഹം പറഞ്ഞു: തിരുനബി (സ) ഞങ്ങളുടെ ഇടയിൽ എഴുന്നേറ്റ് നിന്ന് കൊണ്ട് പറഞ്ഞു: "കേൾക്കുക ! നിങ്ങൾക്കു മുമ്പ് ഗ്രന്ഥം നൽകപ്പെട്ടവർ 72 കക്ഷികളായി പിരിഞ്ഞിരുന്നു. എന്നാൽ ഈ സമുദായം 73 കക്ഷികളായി പിരിയുന്നതാണ്. 72 ഉം നരകത്തിലായിരിക്കും ഒന്ന് സ്വർഗത്തിലും. അത് ജമാഅത്തായിരിക്കും."

ഹദ്റത്ത് ഔഫ്ബ്നു മാലിക്ക് (റ) നിവേദനം ചെയ്യുന്നു. തിരുനബി (സ) അരുളി: "എന്റെ ഉമ്മത്ത് 70 ൽ കൂടുതൽ കക്ഷികളായി പിരിയും. എന്റെ ഉമ്മത്തിൽ ഫിത്നയുടെ കാര്യത്തിൽ ഏറ്റവും വലിയ കക്ഷി പ്രശ്നങ്ങൾ തങ്ങളുടെ അഭിപ്രായമനുസരിച്ച് തീരുമാനിക്കുന്നവരായിരിക്കും. ഇതു കാരണം അവർ ഹറാമിനെ ഹലാലും, ഹലാലിനെ ഹറാമുമായി വിധിക്കുന്നതാണ്."

ഈ ഹദീസുകളെ കുറിച്ച് വിശദീകരിക്കേണ്ട ആവശ്യമില്ല. ഞാൻ ഇത്രമാത്രമാണ് പറയാൻ ആഗ്രഹിക്കുന്നത്. ഇന്ന് ഭൂമുഖത്ത് ജമാഅത്ത് എന്ന നിലയിൽ ഏഷ്യയിലും യൂറോപ്പിലും ആഫ്രിക്കയിലും ആസ്ത്രേലിയയിലും ദ്വീപുകളിലും അറിയപ്പെടുന്ന ജമാഅത്ത് അഹ്മദിയ്യാ ജമാഅത്ത് ഒന്നുമാത്രമാണ്. 72 കക്ഷികളും ഒന്നിച്ചു കൊണ്ട് ഈ ജമാഅത്തിനെതിരിലാണ് ഫത്വ നൽകിയിരിക്കുന്നത്.

അവർ പരസ്പരം ഓരോരുത്തരെയും ഇസ്‌ലാമിക വൃത്തത്തിൽ നിന്ന് പുറത്താക്കുന്നുണ്ട് എന്നത് ശരിതന്നെ. ഹദീസിൽ പറയപ്പെട്ടതു പോലെ ഒരു തെളിവുമില്ലാതെ ഹലാലിനെ ഹറാമും ഹറാമിനെ ഹലാലുമായി ഇവർ പ്രഖ്യാപിക്കുന്നു. ഇവരുടെ ഉള്ളറകളിലേക്കൊരു എത്തിനോട്ടം നടത്തുകയാണെങ്കിൽ നാം ലജ്ജിച്ച് തലതാഴ്ത്തും. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും പേരിൽ തങ്ങളുടെ ദേഹേച്ഛകളെ പൂർത്തിയാക്കുന്നതിനായി വിശുദ്ധ ഖുർആന്റെ സുവ്യക്തമായ കല്പനകളെപോലും ഇവർ കാറ്റിൽ പറത്തുന്നതായി കാണാം. ഇവിടെ പറയാൻ പറ്റാത്ത ചില കാര്യങ്ങൾ നമുക്കറിയാൻ സാധിക്കുന്നു. ഏതായിരുന്നാലും അത് അവരുടെ പ്രവർത്തനമാണ്. അവരുടെ കണക്കെടുപ്പ് അല്ലാഹു നടത്തുന്നതാണ്. നാം അവരെ കുറിച്ച് ഒരു ഫത്വയും നൽകുന്നില്ല. അല്ലാഹു മുസ്‌ലിംകളിൽ ആരെയാണ് ഉൾപ്പെടുത്തുന്നത് എന്ന ഒരു കാര്യം മാത്രമാണ് ഞാനിപ്പോൾ പറയാൻ ആഗ്രഹിക്കുന്നത്.

വിശുദ്ധ ഖുർആന്റെ രണ്ട് വചനങ്ങൾ നേരത്തെ ഞാൻ ഓതിക്കേൾപ്പിച്ചതാണ്. സൂറ ബഖറയിൽ അല്ലാഹു പറയുന്നു.

''നിങ്ങൾ പറയുക. ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്കവതരിക്കപ്പെട്ടതിലും ഇബ്റാഹീമിലും, ഇസ്മാഈലിലും, ഇസ്ഹാഖിനും, യഅ്ഖൂബിനും (അദ്ദേഹത്തിന്റെ) സന്തതികൾക്കും അവതരിപ്പിക്കപ്പെട്ടതിലും മൂസാക്കും ഈസാക്കും നൽകപ്പെട്ടതിലും പ്രവാചകന്മാർക്ക് അവരുടെ നാഥനിൽ നിന്ന് നൽകപ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നു. അവരിൽ ആരുടെയിടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിനു മാത്രം കീഴ്പ്പെടുന്നവരുമാകുന്നു. (2:137)

ഈ ആയത്തിൽ നിന്ന് മനസ്സിലാകുന്നത് അല്ലാഹുവിന്റെ സർവ പ്രവാചകരിലും വിശ്വസിക്കുന്നവരാണ് മുസ്‌ലിം എന്നാണ്. അപ്പോഴാണ് സമ്പൂർണ അനുസരണം ഉണ്ടായിത്തീരുന്നത്. നബി എന്ന കാര്യത്തിൽ ഒരു നബിയിലും വ്യതിരിക്തത കൽപ്പിക്കുകയില്ല. അല്ലാഹു വിശുദ്ധ ഖുർആനിൽ മറ്റൊരു സ്ഥലത്ത് പറയുന്നു. "അല്ലാഹുവിന്റെ പ്രവാചകന്മാർക്കിടയിൽ ഒരു വ്യത്യാസം ഞങ്ങൾ കൽപ്പിക്കുന്നില്ല.'' അല്ലാഹു പറയുന്നു. ''നാം ഓരോ സമുദായത്തിലും പ്രവാചകന്മാരെ അയച്ചിട്ടുണ്ട്.'' അതിനാൽ വിശുദ്ധ ഖുർആനിൽ ഏതെല്ലാം പ്രവാചകന്മാരെ കുറിച്ചാണോ പറയപ്പെട്ടിരിക്കുന്നത് അവരെ പേരെടുത്തു കൊണ്ട് ഞങ്ങൾ വിശ്വസിക്കുന്നു. അതേ പോലെ എല്ലാ സമുദായത്തിലും അവരെ താക്കീത് ചെയ്യാനും സദാചാര മാർഗത്തിൽ അവരെ നയിക്കാനും വേണ്ടി പ്രവാചകന്മാരെ അയച്ചിട്ടുണ്ട് എന്ന അല്ലാഹുവിന്റെ അരുളപ്പാടിന്റെ അടിസ്ഥാനത്തിൽ എല്ലാ സമുദായത്തിലും പ്രവാചകന്മാർ വന്നിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഒരു മുസ്‌ലിം ഇങ്ങനെ വിശ്വസിക്കേണ്ടതാണ്. അവരെല്ലാവരും സത്യവാന്മാരാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

അതിനാൽ എല്ലാ പ്രവാചകന്മാരുടെയും പ്രവാചകത്വത്തെ അംഗീകരിക്കുന്നവർ അല്ലാഹുവിന്റെ ഈ വചനമനുസരിച്ചും മുസ്‌ലിംകളാണ്. ഞങ്ങൾ ഹദ്റത്ത് ആദം(അ)

മുതൽ തിരുനബി (സ) വരെയുള്ള എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുന്നതിനാൽ അല്ലാഹുവിന്റെ ഈ വചനങ്ങളുടെ അടിസ്ഥാനത്തിൽ ഞങ്ങൾ മുസ്‌ലിംകളാണ്. അതോടൊപ്പം തന്നെ **വ ആകറീന മിൻഹും ലമ്മാ യൽഹക്കൂ ബിഹിം** എന്ന വചനത്തിന്റെഅടിസ്ഥാത്തിൽ അവസാന കാലഘട്ടത്തിൽ വാഗ്ദത്ത മഹ്ദിയും മസീഹും വരും എന്നതിനെ കുറിച്ചും നാം ആലോചിക്കേണ്ടിയിരിക്കുന്നു. ആ വാഗ്ദത്ത മഹ്ദിയുടെയും മസീഹിന്റെയും വരവ് തിരുനബി (സ) യുടെ തന്നെ വരവായിരിക്കും. കാരണം തിരുനബി (സ) യുടെ പ്രവർത്തനത്തെ മുന്നോട്ട് നയിക്കാനാണ് അദ്ദേഹം വരുന്നത്. വരുന്ന മസീഹിനെ സംബന്ധിച്ച് തിരുനബി (സ) നബിയുല്ലാഹ് എന്ന് പറഞ്ഞതായും ഹദീസുകളിൽ വന്നിട്ടുണ്ട്. എന്തെല്ലാം അടയാളങ്ങൾ ഉണ്ടാകും എന്നു പറഞ്ഞിട്ടുണ്ട്. അഹ്മദിയ്യാ സാഹിത്യങ്ങൾ ഈ പറയപ്പെട്ട അടയാളങ്ങളാൽ നിറഞ്ഞിരിക്കുന്നതായി കാണാം. ആ വിഷയം ഇപ്പോൾ ഞാനിവിടെ വിവരിക്കുന്നില്ല.

ഞാൻ പറഞ്ഞു വരുന്നത് വിശുദ്ധ ഖുർആൻ എല്ലാ പ്രവാചകന്മാരെയും അംഗീകരിക്കുന്നവരെ മുസ്‌ലിം എന്നാണ് പറഞ്ഞിരിക്കുന്നത്. വരാനിരിക്കുന്ന മസീഹിനെ നബിയുല്ലാഹ് എന്നാണ് തിരുനബി (സ)പറഞ്ഞത്. ഇക്കാലത്ത് എല്ലാ അടയാളങ്ങളോടും കൂടി വാഗ്ദത്ത മസീഹിന്റെ പ്രവചനം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപകൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) ൽ പൂർത്തിയായിരിക്കുന്നു.

അതിനാൽ ആരാണോതന്നെ ഇസ്‌ലാമുമായി ബന്ധിപ്പിക്കുന്നത്, ആ മഹാത്മാവിന്റെ വാദത്തെ അവഗണിച്ചു തള്ളാതെ, അതിൽ ശ്രദ്ധ ചെലുത്തുകയാണ് വേണ്ടത്. അതിനെക്കുറിച്ച് ദുആ ചെയ്യുക. അല്ലാഹുവിനോട് സഹായം തേടുക. അല്ലാഹുവിനോട് സഹായം തേടുന്നവർക്ക് അവൻ വഴികാട്ടുന്നതാണ്. അല്ലാഹുപറഞ്ഞതനുസരിച്ച് എല്ലാ പ്രവാചകന്മാരെയും വിശ്വസിക്കുന്നവരാണ് മുസ്‌ലിം. വരാനിരിക്കുന്ന വാഗ്ദത്ത മസീഹിനെ തിരുനബി(സ) നബി എന്ന് നാമകരണം ചെയ്തിട്ടുണ്ട്. അതുകൊണ്ട് ആ മഹാത്മാവിന്റെ നുബുവ്വത്തും ഇതിൽ നിന്നും വിഭിന്നമല്ല.

അല്ലാഹു സൂറാ ആലുഇംറാൻ 103-ാം വചനത്തിൽ പറയുന്നു. **"വിശ്വസിച്ചവരെ, അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറയനുസരിച്ച് സൂക്ഷിക്കുക. പൂർണമായ അനുസരണം പുലർത്തുന്നവരായിക്കൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്."**

മുമ്പുള്ള മതങ്ങളുടെ അധഃപതനം തഖ്‌വയുടെ കുറവുകൊണ്ടാണ് ഉണ്ടായത്. അതിനായി യഹൂദികളുടെ അവസ്ഥ വിശുദ്ധ ഖുർആൻ വിവരിക്കുകയുണ്ടായി. മുസ്‌ലീംകളോടും താക്കീത് നൽകുകയുണ്ടായി. നിങ്ങൾ അല്ലാഹുവിന്റെ കൽപനകളെ മുമ്പിൽ വെക്കുക. അല്ലെങ്കിൽ നിങ്ങളുടെ പര്യവസാനവും അതേ പോലെ ആയിത്തീർന്നേക്കാം. യഹൂദികൾ വിവിധകക്ഷികളായി പിരിഞ്ഞു എന്ന് വിവരിച്ച ഹദീസ് ഇവിടെ കേൾപ്പിച്ചിരുന്നു. അതിൽ പറഞ്ഞ അധഃപതനത്തിന് കാരണം തഖ്‌വയുടെ കുറവാണെന്നാണ് തിരുനബി (സ) പറഞ്ഞത്. ഇവിടെ മുസ്‌ലീംകളോട് പറയുന്നത് നിങ്ങൾ അല്ലാഹുവിന്റെ പ്രീതി അനുസരിച്ചുകൊണ്ട് പ്രവർത്തിക്കുന്നില്ലെങ്കിൽ അല്ലാഹുവിന്റെ പിടിയിൽ നിങ്ങൾ വരുന്നതാണ്. അതിനാൽ അല്ലാഹുവിന്റെ കൽപനകളെകുറിച്ച് ഒരു പഠനം നടത്തുക. അല്ലാഹുതീരുമാനമെടുക്കേണ്ട കാര്യങ്ങളെക്കുറിച്ച് നിങ്ങൾ ഇവിടെയിരുന്ന് മുഅ്മിനാണ് കാഫിറാണ് എന്ന ഫത്‌വ നൽകേണ്ട ഒരാവശ്യവും ഇല്ല. നിങ്ങൾക്ക് സലാം പറയുന്നവരും മുസ്‌ലീംകളാണെന്ന് അല്ലാഹു പറയുന്നു.

അല്ലാഹു തിരുനബി (സ) യോട് ഇപ്രകാരം പ്രഖ്യാപിക്കാനായി പറയുകയുണ്ടായി: "നീ പറയുക. നിങ്ങളുടെ ദൈവം ഏകനായ ദൈവമാണ് എന്നാണ് എനിക്ക് വഹ്‌യ് ഇറങ്ങുന്നത്. അതിനാൽ നിങ്ങൾ ഇതംഗീകരിക്കുകയില്ലെ? നിങ്ങൾ അനുസരണമുള്ളവരിൽ ഉൾപ്പെടുകയില്ലെ?

ഇവിടെ അല്ലാഹു ചോദിക്കുന്നത്, അവൻ ഏകനാണെന്ന് പറഞ്ഞുകൊണ്ട് മുസ്‌ലീംകളുടെ ഗണത്തിൽ നിങ്ങൾ ഉൾപ്പെടുകയില്ലേ എന്നാണ്. അല്ലാഹു പറയുന്നു. **'ലാ ഇലാഹ ഇല്ലല്ലാഹു'** എന്ന പ്രഖ്യാപനം നിങ്ങളെ മുസ്‌ലിം ആക്കുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിന്റെ തഖ്‌വ സ്വായത്തമാക്കുക. സ്വയംകൃത ഫത്‌വകൾക്ക് പകരം ദൈവത്തിന്റെ ഭയഭക്തി കൈവരിക്കുക. മരണം എപ്പോഴാണ് വരിക എന്നത് ആർക്കും അറിയില്ല. നിങ്ങൾ യഥാർഥ അർഥത്തിൽ തഖ്‌വ സ്വീകരിച്ചിട്ടില്ലെങ്കിൽ, അല്ലാഹുവിന്റെ കൽപനകളെയും അടയാളങ്ങളെയും കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടില്ലെങ്കിൽ, നിങ്ങൾ അവന്റെ പ്രവാചക വചനങ്ങൾക്ക് ചെവിനൽകിയിട്ടില്ലെങ്കിൽ നിങ്ങളുടെ മരണം ധിക്കാരികളുടെ മരണമായി മാറുന്നതാണ്.

അതിനാൽ അല്ലാഹുവിന്റെ ഈ താക്കീതിനെ കുറിച്ച് ചിന്തിക്കുക. പരിപൂർണ അനുസാരികളിൽ നിങ്ങൾ ഉൾപ്പെടുക. യഥാർഥ മുസ്‌ലീംകളായി മാറുക.

അല്ലാഹു മുസ്‌ലിമിന്റെ മറ്റൊരു അടയാളം പറഞ്ഞത് അവർ അല്ലാഹുവിന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിക്കുന്നു എന്നതാണ്. സദ്പ്രവൃത്തികൾ ചെയ്യാനായി അവർ പരിശ്രമിക്കുന്നു. അല്ലാഹുവിന്റെ കൽപനകൾ പൂർണമായും അനുസരിക്കുന്നവരിൽ ഉൾപ്പെടാൻ അവർ ശ്രമിക്കുന്നു.

പറയുന്നു: "അല്ലാഹുവിലേക്ക് വിളിക്കുകയും സദ്പ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നവരേക്കാളും നന്നായി കാര്യങ്ങൾ പറയുന്നവരായി മറ്റാരുണ്ട്. മാത്രമല്ല ഞങ്ങൾ അനുസരണമുള്ളവരിൽ പെട്ടവരാണെന്ന് അവർ പറയുകയും ചെയ്യുന്നു."

ഇന്ന് ഭൂതലത്തിൽ ജമാഅത്ത്

എന്ന നിലക്ക് ലോകം മുഴുവനും തബ്‌ലീഗ് പ്രവർത്തനങ്ങൾ നടത്തുന്ന ജമാഅത്ത് ഏതാണുള്ളത്? അല്ലാഹുവിലേക്കും ഇസ്‌ലാമിലേക്കും ജനങ്ങളെ ക്ഷണിക്കുന്നത് ആരാണ്? തിരുനബി (സ) യുടെ മഹിത സ്ഥാനം ലോകത്ത് ഉയർത്തിക്കാട്ടുന്നത് ഇന്ന് ആരാണ്? ഇതു സംബന്ധമായ അഹ്‌മദിയ്യാജമാഅത്ത്ചെയ്യുന്ന പ്രവർത്തനങ്ങളിൽ ചിലത് ഞാൻ കേൾപ്പിച്ചിരുന്നു.

ഇനി നമുക്ക് നോക്കാനുള്ളത് തിരുനബി (സ) ഒരു മുസ്‌ലിമിന് നൽകിയിരിക്കുന്ന നിർവചനം എന്താണെന്നാണ്. അതേ പോലെ തന്റെ ഉമ്മത്തിന് ഇതു സംബന്ധമായി എന്തു ഉപദേശമാണ് നൽകിയിരിക്കുന്നത്? ഒരു ഹദീസിൽ വരുന്നു. ഹദ്റത്ത് അബ്ദുല്ലാബ്നു ഉമർ (റ) വിവരിക്കുന്നു. ഒരാൾ തിരുനബി (സ) യോട് ചോദിച്ചു. ഏറ്റവും നല്ല ഇസ്‌ലാം ഏതാണ്? തിരുനബി (സ) പറഞ്ഞു: ''നീ ഭക്ഷണം നൽകുക, അറിയുന്നവർക്കും അറിയാത്തവർക്കും നീ സലാം പറയുക."മുസ്‌ലിമാണെന്ന് അറിയുന്നവർക്ക് മാത്രം സലാം പറയുക എന്നും മറ്റുള്ളവർക്ക് സലാം പറയരുത് എന്നും ഇവിടെ പറയുന്നില്ല. അറിയുന്നവർക്കും അറിയാത്തവർക്കും സലാം പറയുക എന്നാണ് പറഞ്ഞത്. പാകിസ്താനിൽ അഹ്‌മദികൾ ആരോടെങ്കിലും സലാം പറഞ്ഞാൽ അവർ നിയമത്തിന് കീഴിൽ വരികയും അവർ പിടിക്കപ്പെടുകയും ചെയ്യുന്നു. ഇതേ പോലെ അനഹ്‌മദികൾ ഏതെങ്കിലും അഹ്‌മദിക്ക് സലാം പറയുകയാണെങ്കിൽ അവരെ ആക്ഷേപിക്കുന്നു. അവർക്ക് ശാപം ചൊരിയപ്പെടുന്നു. ഇന്ന് പാകിസ്താനിൽ കാണുന്ന ഫസാദിനെല്ലാം കാരണം സമൂഹത്തോടുള്ള ഭയമാണ്. പല മാന്യന്മാരും ജനങ്ങളെ ഭയക്കുന്നതുകൊണ്ടാണ് അഹ്‌മദികളുമായി മിണ്ടാത്തത്.

ബുഖാരിയിൽ ഇപ്രകാരം ഒരു ഹദീസുണ്ട്. അലിയിബ്നു അബ്ദുല്ലാഹ് പറയുകയുണ്ടായി. ഖാലിദ് ബ്നുഹാരിസ് ഞങ്ങളോട് പറഞ്ഞു. ഹുമൈദ് ഞങ്ങളോട് പറഞ്ഞു. മഹ്‌മൂദ്ബ്നു സിയാഹ് ഹദ്റത്ത് അനസ് ബ്നുമാലിക്ക് (റ) നോട് ചോദിച്ചു. ജനങ്ങളുടെ രക്തത്തെയും സമ്പത്തിനെയും ഏതൊന്നാണ് സംരക്ഷിക്കുന്നത്. തിരുനബി (സ) പറഞ്ഞു: ''അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനുമില്ലെന്ന് ആരാണോ ഏറ്റു പറയുന്നത്, അതേ പോലെ നമ്മുടെ ഖിബ്‌ലക്ക് അഭിമുഖമായി നിൽക്കുകയും നാം നമസ്ക്കരിക്കുന്നതു പോലെ നമസ്ക്കരിക്കുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്യു ന്നത് അവർ മുസ്‌ലിമാണ്. ഒരു മുസ്‌ലിമിന് അവകാശപ്പെട്ടവരെല്ലാം ഇവർക്ക് ലഭിക്കുന്നതാണ്. ഒരു മുസ്‌ലിമിനുള്ള എല്ലാ ഉത്തരവാദിത്വങ്ങളും ഇവർക്കും ഉണ്ടായിരിക്കുന്നതാണ്"

ഇതാണ് മുസ്‌ലിം ആരാണെന്നതിന്റെ നിവചനം. എന്നാൽ മുല്ലാക്കളുടെ നിർവചനം നിങ്ങൾ നേരത്തെ കേൾക്കുകയുണ്ടായി. ബുഖാരിയിലുള്ള മറ്റൊരു ഹദീസ്. ഹദ്റത്ത് സുബൈദ് വിവരിക്കുന്നു. ഞാൻ അബൂ വാഇലിനോട് മുർജിആയെകുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. "ഒരു മുസ്‌ലിമിനെ ചീത്ത പറയുന്നത് ആജ്ഞാലംഘനമാണ്. അവനോട് പോരാടുന്നത് കുഫ്റാണ്." ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ ഇന്ന് ലോകത്ത് മുസ്‌ലിം നാടുകളിൽ നാം കാണുന്നതും ഭീകരവാദികൾ ചെയ്യുന്നതും എല്ലാം എന്താണ്?!.

ഉസാമബ്നു സൈദ് (റ) ൽ നിന്ന് നിവേദനം. 'തിരുനബി(സ) ഒരു പ്രധാന കാര്യത്തിനായി ഞങ്ങളെ അയച്ചു. രാവിലെ ഞങ്ങൾ ജുറബിന ഇറകാത്ത് എന്ന സ്ഥലത്ത് എത്തി. ഒരാളുമായി ഞാൻ ഏറ്റു മുട്ടി. ആ വ്യക്തി **ലാഇലാഹ ഇല്ല ല്ലാഹ്** എന്ന് പറഞ്ഞു. എന്നിട്ടും ഞാൻ അയാളെ കുന്തം കൊണ്ട് കുത്തി കൊന്നു. ഈ സംഭവം എന്റെ മനസ്സിൽ അസ്വസ്ഥത യുണ്ടാക്കി. ഈ കാര്യം ഞാൻ തിരുനബി (സ) യയോട് പറഞ്ഞു. തിരുനബി (സ) ചോദിച്ചു: "**ലാഇലാഹ ഇല്ലല്ലാഹ്** എന്ന് പറഞ്ഞിട്ടും നീ അദ്ദേഹത്തെ കൊന്നുകളഞ്ഞോ?" അപ്പോൾ ഞാൻ പറഞ്ഞു. "യാ റസൂലുല്ലാഹ് അയാൾ എന്റെ കൈവശമുള്ള ആയുധം കണ്ട് പേടിച്ചിട്ടായിരിക്കും കലിമ ചൊല്ലിയത്." അപ്പോൾ തിരുനബി (സ) ചോദിച്ചു. "എന്നാൽ അദ്ദേഹം മനസ്സു കൊണ്ട് പറഞ്ഞതാണോ അതല്ല പേടിച്ച് പറഞ്ഞതാണോ എന്നറിയാൻ താങ്കൾക്ക് അദ്ദേഹത്തിന്റെ ഹൃദയം പിളർത്തി നോക്കിക്കൂടായിരുന്നോ!" അദ്ദേഹം പറയുന്നു. തിരുനബി (സ) ഈ കാര്യം എന്റെ മുമ്പിൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ ഞാൻ ആഗ്രഹിച്ചത് ഈ ദിവസത്തിനു ശേഷമായിരുന്നു ഞാൻ ഇസ്‌ലാം സ്വീകരിച്ചിരുന്നതെങ്കിൽ എന്നാണ്.'

ഹദ്റത്ത് അബൂഹുറൈറ (റ) വിവരിക്കുന്നു. റസൂലുല്ലാഹി (സ) അരുളി: ''നിങ്ങൾ പരസ്പരം അസൂയപ്പെടരുത്. വഞ്ചിക്കാനായി സാധനങ്ങളുടെ വില വർധിപ്പിക്കരുത്. പരസ്പരം പകവെച്ചു പുലർത്തരുത്. പരസ്പരം അകന്നിരിക്കരുത്. ഒരാളുടെ കച്ചവടത്തിനുമീതെ ആരും കച്ചവടം നടത്തരുത്. അല്ലാഹുവിന്റെ ദാസരോട് നിങ്ങൾ സഹോദരന്മാരായി വർത്തിക്കുക. മുസ്‌ലിം മുസ്‌ലിമിന്റെ സഹോദരനാണ്. അവൻ അവനോട് ഒരിക്കലും അക്രമം പ്രവർത്തിക്കില്ല. അവനെ ആരോരുമില്ലാതെ കൈവിടുകയുമില്ല. അവനെ നിന്ദിക്കുകയില്ല. തുടർന്ന് തന്റെ നെഞ്ചിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് മൂന്ന് പ്രാവശ്യം തിരുനബി (സ) പറയുകയുണ്ടായി. തഖ്‌വ ഇവിടെയാണ്. ഒരു മുസ്‌ലിം സഹോദരനെ അപമാനിക്കുക എന്ന ഒരൊറ്റ കാര്യം മനുഷ്യനെ പാപിയാക്കുന്നതിന് മതിയാകുന്നതാണ്. ഓരോ മുസ്‌ലിമിന്റെ സ്വത്തും അഭിമാനവും രക്തവും മറ്റു മുസ്‌ലീംകൾക്ക് നിഷിദ്ധമാണ്." എന്നാൽ ഇന്ന് എന്താണ് നടക്കുന്നത്.

(തുടരും)

(വിവർത്തനം എം നാസിർ അഹ്‌മദ്, കൊടിയത്തൂർ)

# അല്ലാഹുവിനെക്കുറിച്ചുള്ള അറിവാണ് ഏറ്റവും അനിവാര്യമായിട്ടുള്ളത്

(1930 ഡിസംബറിൽ നടന്ന വാർഷിക സമ്മേളനത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) സ്ത്രീകളോടു ചെയ്ത പ്രസംഗത്തിൽ 'ദൈവവിധി' യെ കുറിച്ചു പറഞ്ഞ ഭാഗമാണ് താഴെ ചേർത്തിട്ടുള്ളത്.

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

ഒരുപാട് സ്ത്രീകൾ മനസ്സിലാക്കുന്നുണ്ടാകും തങ്ങൾക്ക് അല്ലാഹുവിനെക്കുറിച്ച് അറിവുണ്ടെന്ന്. എന്നാൽ, ഇല്ല, അവർക്ക് അല്ലാഹുവിനെ അറിയില്ല. അറിഞ്ഞിരുന്നുവെങ്കിൽ അവനിൽ പൂർണ വിശ്വാസമുണ്ടാകുമായിരുന്നു. അറിയാത്ത കാരണത്താലാണ് സ്ത്രീകൾ പെട്ടെന്ന് ഓരോ പ്രവൃത്തിയിലും ഓരോന്നിന്റെ അവസാനത്തിലും 'വിധി'യെ പഴിപറഞ്ഞുകൊണ്ടിരിക്കുന്നത്. അല്ലാഹുവിനെക്കുറിച്ചും അവന്റെ സിഫത്തുകളെക്കുറിച്ചും അറിവില്ല എന്നതിന് തെളിവാണിത്.

വിധിയെക്കുറിച്ചുള്ള നിങ്ങളുടെ ചിന്താഗതി തെറ്റാണെന്ന കാര്യം ഓർത്തുകൊള്ളുക. നിങ്ങളുടെ വീഴ്ചകളുടെ പിന്നാലെ വെളിപ്പെടുന്ന തിക്തഫലങ്ങളുടെ പേര് നിങ്ങൾ വിധി എന്നു വെച്ചുകൊണ്ട് അല്ലാഹുവിന്റെ മേൽ ആരോപണം ഉന്നയിക്കുന്നു. ഇത്ര വലിയ ഭൂമിയുടേയും ആകാശത്തിന്റേയും രാജാവായ അല്ലാഹുവിന് നിങ്ങളിലാർക്കെങ്കിലും ദുഃഖം നല്കിയിട്ടോ, സുഖം നല്കിയിട്ടോ ആരെയെങ്കിലും കരയിച്ചിട്ടോ, ആരെയെങ്കിലും ചിരിപ്പിച്ചിട്ടോ അവനെന്ത് കിട്ടാനാണെന്ന് നിങ്ങൾ ചിന്തിക്കുന്നില്ല. ഒരു മകൻ ജീവിച്ചിരിക്കണം ഒരു മകൻ മരിക്കണം, ഒന്ന് കാഴ്ചയുള്ളവനായിരിക്കണം, ഒന്ന് അന്ധനായിരിക്കണം, ഒന്ന് രോഗിയായിരിക്കണം, ഒന്ന് ആരോഗ്യവാനായിരിക്കണം എന്ന് ഏതെങ്കിലും ഉമ്മ ആഗ്രഹിക്കുമോ? ഈ ചിന്താഗതി വിവരമില്ലായ്മയാണ്. നമ്മുടെ ജനതയുടെ ഒരുപാട് നാശത്തിനു കാരണം ഈ 'വിധി' പ്രശ്നമാണ്. ഇതു കാരണത്താൽ നമ്മുടെ പരിശ്രമങ്ങൾ പാഴായിപ്പോയി. നമ്മുടെ അധ്വാനങ്ങൾ തകർന്ന്തരിപ്പണമായി. നമ്മുടെ എല്ലാ ഉത്സാഹങ്ങളും നിഷ്ഫലമാകുകയും ചെയ്തു.

വിധിയെക്കുറിച്ചുള്ള ഈ ചിന്താഗതി തികച്ചും തെറ്റാണെന്ന കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. അല്ലാഹു തആല നിയമം ഉണ്ടാക്കിയിരിക്കുന്നു. ആരാണോ അതനുസരിച്ച് നേരെ നടക്കുന്നത് അവൻ വിജയിച്ചു. തലതിരിഞ്ഞു നടക്കുന്നവൻ പരാജയപ്പെട്ടു. ഉദാഹരണത്തിന് ഈ ജൽസതന്നെ. പലരും പിന്നിലിരിക്കുന്നു. പലരും മുന്നിലിരിക്കുന്നു. ഇങ്ങനെ അവരെ അല്ലാഹു ഇരുത്തിയതാണോ? സംഘാടകർക്കും അതിൽ ഒരു പരിധിവരെ കൈകടത്തലുണ്ട് എന്ന് അംഗീകരിച്ചു. എന്നാലും മുമ്പും പിമ്പും തമ്മിലുള്ള വ്യത്യാസമുണ്ട്. ആദ്യം വന്ന സ്ത്രീയ്ക്ക് നല്ലതും അടുത്തുള്ളതുമായ സ്ഥലം ലഭിച്ചു; പിന്നാലെ വന്ന സ്ത്രീയ്ക്ക് ദൂരത്തും. ഇതിൽ വിധിയ്ക്കെന്ത് ഇട പെടലാണുള്ളത്.

ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിൽ ഒരു തവണ പ്ലേഗ് പടർന്നു പിടിച്ചപ്പോൾ, ഇവിടെനിന്ന് മാറിപ്പോകണമെന്ന് ആളുകൾ പറഞ്ഞു. ഹദ്റത്ത് ഉമർ(റ)ന്റെ അഭിപ്രായവും ഇതു തന്നെയായിരുന്നു. എന്നാൽ, ഇന്നു വിധിയെക്കുറിച്ച് തെറ്റായി മനസ്സിലാക്കുന്നവരെപ്പോലെ അന്നും കുറച്ചാളുകൾ ഉണ്ടായിരുന്നു. അവർ അതിനെ എതിർത്തു. അവർ ഈ വിധിയെ അവതരിപ്പിച്ചുകൊണ്ടു ചോദിച്ചു, **അതഫിർറൂന മിൻ ഖദരില്ലാഹ്** നിങ്ങൾ **തഖ്ദീർ** അഥവാ ദൈവവിധിയിൽനിന്ന് ഓടുകയാണോ? അതിനു ഹദ്റത്ത് ഉമർ (റ)എത്ര മനോഹരമായ മറുപടിയാണ് നല്കിയത്. അദ്ദേഹം പറഞ്ഞു, **അഫിർറു മിൻഖദരില്ലാഹി ഇലാ ഖദരില്ലാഹി** ഞാനോടുന്നത് അല്ലാഹുവിന്റെ ഒരു വിധിയിൽനിന്ന് മറ്റൊരു വിധിയിലേക്കാണ്. നിങ്ങൾ ചിന്തിക്കുക, ഒരു അണു കടിക്കുന്നതുകൊണ്ട് മനുഷ്യൻ രോഗിയാകുന്നുവെങ്കിൽ ഡോക്ടർ മരുന്നു കൊടുക്കുന്നതും രോഗം സുഖപ്പെടുന്നതും ദൈവവിധിയാണല്ലോ. നിങ്ങൾ ഒരു ദൈവവിധിയിൽ വിശ്വസിക്കുകയും, മറ്റേതിനെ നിഷേധിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ ഉദാഹരണം പൈതൃകസ്വത്തിൽ കഴിയുന്ന മടിയന്റേതാണ്. ജോലിക്കുപോകാൻ ഭാര്യ എപ്പോഴും നിർബന്ധിച്ചുകൊണ്ടിരുന്നു. അപ്പോഴെല്ലാം ജോലിയൊന്നും കിട്ടുന്നില്ലെന്ന് അയാൾ ഒഴികഴിവ് പറയും. അവസാനം പട്ടാളത്തിലേക്ക് ആളുകളെ എടുക്കുന്നതായി

കേട്ടു. താങ്കൾ അതിൽ പോയി ചേരണമെന്ന് ഭാര്യ പറഞ്ഞു. അയാൾ പറഞ്ഞു, നീ എന്റെ മരണം ആഗ്രഹിക്കുന്നെന്ന് തോന്നുന്നു. കാരണം പട്ടാളത്തിൽ ആളെ എടുക്കുന്നത് യുദ്ധത്തിനു വേണ്ടിയാണ്. യുദ്ധത്തിൽ മരണം മാത്രമാണുള്ളത്. ഭാര്യ അയാളെ പാഠം പഠിപ്പിക്കുന്നതിന് ആട്ടുകല്ലിൽ ധാന്യം പൊടിക്കാൻ തുടങ്ങി. ചിലതു പൊടിഞ്ഞു, ചിലത്പൊടിഞ്ഞില്ല. എന്നിട്ട് ഭർത്താവിനോടു പറഞ്ഞു, 'നോക്കൂ! എല്ലാ ധാന്യങ്ങളും പൊടിഞ്ഞിട്ടില്ല. പൊടിയാത്ത ധാന്യവും ഇതിലുണ്ട്. പിന്നെ യുദ്ധത്തിന് പോകുന്നവരെല്ലാം മരിക്കുകതന്നെ ചെയ്യുമെന്ന് നിങ്ങളെങ്ങനെയാണ് പറയുക.' അയാൾ പറഞ്ഞു, 'നീ എന്നെ പൊടിഞ്ഞ ധാന്യമായി കരുതിക്കോ.'

മകൻ ഉമ്മയുടെ ശകാരംകൊണ്ട് രോഗിയായെന്നും അല്ലെങ്കിൽ ഉമ്മയുടെ ശാപപ്രാർഥനകൊണ്ട് മരിച്ചെന്നും നിങ്ങൾ മനസ്സിലാക്കുകയാണോ? എന്നാൽ, അല്ലാഹുവിനെ സംബന്ധിച്ച് ലക്കുംലഗാനുമില്ലാതെ നിർഭയം നിങ്ങൾ പറയുന്നു, ഈ അക്രമം അല്ലാഹുവിന്റെ തഖ്ദീർ അഥവാ ദൈവവിധിയാണെന്ന്. നിങ്ങൾ അല്ലാഹുവിനെ ഉടമസ്ഥനായി കരുതുന്നെങ്കിൽ അതിനോടൊപ്പം കരുണാമയനായിട്ടും കരുതുക. അക്രമിയാണെന്ന് എന്തിനാണ് വിചാരിക്കുന്നത്. നിങ്ങളുടെ കുട്ടികളെ രോഗിയാക്കിയിട്ട് അല്ലാഹുവിന് എന്തു കിട്ടാനാണ്. നിങ്ങൾ അവരെ വസ്ത്രം ഉടുപ്പിക്കാതെ നടത്തി. നിങ്ങൾ സൂക്ഷ്മത കാണിച്ചില്ല. നിങ്ങൾ ദോഷങ്ങളിൽനിന്ന് അവരെ അകറ്റി നിറുത്തിയില്ല. അങ്ങനെ അവർക്ക് ന്യൂമോണിയ പിടിപെട്ടു. എന്നിട്ട് അല്ലാഹുവിന്റെ മേൽ നിങ്ങൾ പഴിചാരുന്നു. നിങ്ങളുടെ അശ്രദ്ധയാണെന്ന് സമ്മതിക്കുന്നില്ല. പഠിക്കാനുള്ള താൽപര്യം നല്കാത്തതിനാൽ നിങ്ങളുടെ കുട്ടി വിദ്യാഹീനനായി. അവനെ ശിക്ഷിച്ചില്ലെന്ന് മാത്രമല്ല, അവനെ തെമ്മാടിത്തത്തിൽനിന്ന് രക്ഷിച്ചതുമില്ല. എന്നാൽ, നിങ്ങളുടെ ഈ തെറ്റിനെ ദൈവവിധി എന്നു പറഞ്ഞു ന്യായീകരിക്കുന്നു. ഒന്ന് ചിന്തിച്ച് നോക്ക്! എപ്പോഴാണ് അല്ലാഹുവിന്റെ മലക്കുകൾ നിങ്ങളുടെ കുട്ടികളെ വിവരദോഷിയാകാൻ പ്രേരിപ്പിച്ചത്? മലക്കുകൾ എപ്പോഴാണ് നിങ്ങളുടെ കുട്ടികളുടെ പുസ്തകങ്ങൾ തട്ടിപ്പറിച്ചെടുത്തത്? എപ്പോഴാണ് സ്കൂളിൽ പോകുമ്പോൾ അവരുടെ വഴി തടഞ്ഞത്? ഇതൊക്കെയാണ് ദൈവവിധി എന്നു വിശ്വസിച്ചതുകൊണ്ടാണ് നമ്മുടെ രാജ്യം ദൈവാനുഗ്രഹത്തിൽനിന്ന് പിന്തള്ളപ്പെട്ടത്. നോക്കൂ! ഇതേ രാജ്യത്തിലെ ഇംഗ്ലീഷുകാരായ കുട്ടികൾ ആരോഗ്യവാന്മാരും നിങ്ങളുടെ കുട്ടികൾ രോഗികളും. ഇവിടെ ഇംഗ്ലീഷുകാർ വിദ്യാസമ്പന്നരും നിങ്ങൾ വിദ്യാഹീനരും. ഇംഗ്ലീഷുകാർ സമ്പന്നർ, നിങ്ങൾ കഷ്ടത നിറഞ്ഞവർ. അവർ ഉന്നത നിലയിലുള്ളവരും സന്തോഷവാന്മാരും, നിങ്ങൾ അടിമുടി ദരിദ്രരും ദുഃഖിതരും. ഇതിനു കാരണം ദൈവവിധിയ്ക്ക് അവരോട് സൗഹൃദവും നിങ്ങളോട് ശത്രുതയുമാണെന്നല്ല. നേരെമറിച്ച് അതിനു കാരണം അവർ പ്രകൃതി നിയമം പാലിച്ച് പ്രവർത്തിച്ചു. അല്ലെങ്കിൽ ആധുനികമായ യന്ത്രങ്ങൾ ശരിയായ നിലയിൽ ഉപയോഗിക്കുകയും നേട്ടം കൊയ്യുകയും ചെയ്തു. എന്നാൽ, നിങ്ങൾ അനുസരണക്കേടിൽ നിന്നും നിയമലംഘനത്തിൽനിന്നും നഷ്ടം അനുഭവിച്ചു.

നിങ്ങളുടെ അശ്രദ്ധയും വിഡ്ഢിത്തവും വിവരക്കേടും കൊണ്ട് മകന് സുഖമില്ലാതായാൽ നിങ്ങൾ അതിനെ വിധി എന്നു പറയുന്നു. സ്വന്തം തെറ്റു സമ്മതിക്കുകയില്ല. സ്വയം നേരെയാകാനും ശ്രമിക്കുകയില്ല. സ്വന്തം ശിക്ഷണകാര്യവും ശ്രദ്ധിക്കുകയില്ല. എന്നാൽ, മകൻ മോശമാകുമ്പോൾ, ദുർമാർഗിയാകുമ്പോൾ അത് 'വിധി' ആണെന്ന് പറയുന്നുവോ? ഓർക്കുക, ഈ എല്ലാ കാര്യങ്ങളും അശ്രദ്ധയുടേയും നിയമലംഘനത്തിന്റേയും ഫലമാണ്. അല്ലാഹു നിയമം ഉണ്ടാക്കിയിരിക്കുന്നു. അതനുസരിച്ച് പ്രവർത്തിക്കുന്നവൻ വിജയിക്കും. എതിർ പ്രവർത്തിക്കുന്നവൻ നാശമടയും. അതുകൊണ്ട് ഞാൻ വീണ്ടും പറയുന്നു, ഈ 'വിധി' യുടെ മറവിൽ അല്ലാഹുവിനെ ആക്ഷേപിക്കരുത്. **അല്ലമ ആദമൽ അസ്മാഅ** എന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിനെക്കുറിച്ചുള്ള അറിവ്, അതായത് അവന്റെ സിഫത്തുകളെ(സവിശേഷഗുണങ്ങളെ)കുറിച്ചുള്ള ജ്ഞാനം എന്നാണ്. അല്ലാഹു നിയോഗിച്ചിട്ടുള്ള ജമാഅത്തിന്റെ ഭാഗമാണ് നിങ്ങൾ. അതുകൊണ്ട് അവന്റെ സത്തയെ കുറിച്ചുള്ള ജ്ഞാനം നിങ്ങൾക്കുണ്ടാകേണ്ടത് നിർബന്ധമാണ്. നിങ്ങൾ വിധിയെ പഴിക്കുന്നത് നിറുത്തുക. വിധി അല്ലാഹുവിനോടു ചേർത്തു പറയേണ്ടത് നല്ല അവസരവുമായി ബന്ധപ്പെടുത്തിയാണ്. അവൻ സർവശക്തനാണെന്നറിയുക. അവൻ നിരന്തരം കരുണ ചൊരിയുന്നവനാണെന്നറിയുക. അവൻ അതിരില്ലാതെ കരുണ ചെയ്യുകയും ചോദിക്കാതെ നല്കുകയും ചെയ്യുന്നവനാണെന്നറിയുക. പ്രശ്നങ്ങൾ പരിഹരിച്ചു തരുന്നത് അവനാണ്. ഹദ്റത്ത് ഇബ്റാഹീം(അ) ഈ 'ദൈവവിധി' വിഷയത്തിന് എത്ര സൂക്ഷ്മമായ മഹത്വമാണ് നല്കിയിട്ടുള്ളത്. അദ്ദേഹം പറഞ്ഞു, 'എനിക്ക് രോഗം പിടിപെടുന്നു. അല്ലാഹു സുഖപ്പെടുത്തുന്നു. അറിവില്ലാത്തവനാകുന്നു, അറിവ് അല്ലാഹു നല്കുന്നു. ശ്രദ്ധയില്ലാതെ ചെയ്യുന്നു, ശ്രദ്ധയിൽ അവൻ കൊണ്ടുവരുന്നു. അതിനാൽ നിങ്ങളും അക്രമപരമായ കാര്യങ്ങൾ അല്ലാഹുവുമായി ബന്ധപ്പെടുത്തി പറയാതിരിക്കുക. നിങ്ങളിൽനിന്ന് കാലദോഷം അകലാൻ നിങ്ങളുടെ അനാസ്ഥകളും വീഴ്ചകളും അകറ്റുക. അവൻ ഉണ്ടാക്കിയിട്ടുള്ള നിയമങ്ങളെ ശരിയായരീതിയിൽ കർമപഥത്തിൽ കൊണ്ടു വരിക. 'വിധി' യുടെ ഈ പ്രശ്നം നമ്മുടെ ജമാഅത്തിൽ ഉയരാതിരിക്കാൻ ശ്രദ്ധിക്കുക.(ഊഢ്നീ വാലിയോം കേലിയെ ഫൂൽ പേജ് 247-250)

# ഒരു പുരുഷന് പകരം രണ്ട് സ്ത്രീയോ? ഖുർആൻ എന്ത് പറയുന്നു

ഒരു പുരുഷന് പകരം രണ്ട് സ്ത്രീകളുടെ സാക്ഷ്യം ആവശ്യമാണെന്ന നിബന്ധന സ്ത്രീകളുടെ സ്ഥാനത്തെ കുറച്ചു കാട്ടുന്ന ഒരു പ്രസ്താവനയാണ്. സ്ത്രീകൾക്ക് പുരുഷനെപ്പോലെ തന്നെ ഉന്നത സ്ഥാനം നൽകുന്ന ഖുർആന്റെ പ്രസ്താവന വാസ്തവത്തിൽ വ്യാപകമായി തെറ്റിദ്ധരിക്കപ്പെടുകയാണ് ചെയ്തത്. ഈ വിഷയ ത്തെപ്പറ്റി ഖലീഫത്തുൽ മസീഹ് നാലാമൻ നൽകിയ യുക്തി ഭദ്രമായ വിശദീകരണമാണ് ഈ ലേഖനം. ഇത്തരത്തിൽ ഖുർആന്റെ ചിന്താ ഗരിമ അനാവരണം ചെയ്യുന്ന നിരവധി വിഷയങ്ങൾ അടങ്ങിയ ഇസ്‌ലാം സമകാലീന പ്രശ്നങ്ങളോട് പ്രതികരിക്കുന്നു (അടുത്ത് തന്നെ പ്രസിദ്ധീകരിക്കുന്നത്) എന്ന പുസ്തകത്തിൽ നിന്ന് എടുത്തത്

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)**
ഖലീഫത്തുൽ മസീഹ് റാബിഅ്

വിശ്വസിച്ചവരേ, നിങ്ങൾ ഒരു നിശ്ചിത അവധി നിർണയിച്ചുകൊണ്ട് പരസ്പരം കടമിടപാട് ചെയ്യുന്നതായാൽ അത് നിങ്ങൾ എഴുതിരേഖപ്പെടുത്തുക. നിങ്ങൾക്കിടയിൽ ഒരെഴുത്തുകാരൻ നീതിപൂർവം അത് എഴുതട്ടെ. ഒരെഴുത്തുകാരനും എഴുതുന്നതിന് വിസമ്മതം കാണിക്കരുത്. കാരണം, അല്ലാഹു അയാളെ(എഴുതാൻ) പഠിപ്പിച്ചിരിക്കുന്നു. അതിനാൽ അയാൾ എഴുതേണ്ടതു തന്നെയാണ്. കടബാധ്യതയുള്ളവർ എഴുതാൻ വാചകം പറഞ്ഞു കൊടുക്കേണ്ടതാണ്. അവൻ തന്റെ നാഥനായ അല്ലാഹുവിനെ ഭയപ്പെട്ടുകൊള്ളട്ടെ. അതിൽ നിന്ന് (ഇടപാട് സംഖ്യയിൽ) ഒന്നും തന്നെ അവൻ കുറവുവരുത്തരുത്. ഇനി ധനത്തിന്റെ ബാധ്യതയുള്ളവൻ ബുദ്ധിസ്ഥിരതയില്ലാത്തയാളോ മൈനറോ അഥവാ പറഞ്ഞു കൊടുത്ത് എഴുതിക്കാൻ കഴിവില്ലാത്തവനോ ആണെങ്കിൽ അവന്റെ, രക്ഷകർത്താവ്(അവന് വേണ്ടി) നീതിപൂർവം വാചകം പറഞ്ഞു കൊടുത്തു എഴുതിക്കേണ്ടതാണ്. നിങ്ങളുടെ പുരുഷൻമാരിൽ നിന്ന് രണ്ടു പേരെ (ഇതിനായി) നിങ്ങൾ സാക്ഷി നിറുത്തുകയും ചെയ്യുക. എന്നാൽ രണ്ടു സാക്ഷികളായി പുരുഷൻമാരെ ലഭിച്ചില്ലെങ്കിൽ സാക്ഷികളായി നിങ്ങൾ തൃപ്തിപ്പെടുന്നവരിൽ നിന്ന് ഒരു പുരുഷനും രണ്ട് സ്ത്രീകളും(ആവട്ടെ). അവർ രണ്ടു പേരിൽ ഒരാൾ മറന്നുപോയാൽ ഒരുത്തി മറ്റവളെ ഓർമിപ്പിക്കുവാനാണിത്. സാക്ഷികളെ വിളിക്കുമ്പോൾ അവർ വിസമ്മതിക്കരുത്. അത്(ഇടപാട്) ചെറുതായാലും വലുതായാലും അതിന്റെ അവധി നിർണയിച്ച്കൊണ്ട് അത് എഴുതിവെക്കുന്നതിനു നിങ്ങൾ ഉദാസീനത കാണിക്കുകയുമരുത്. അല്ലാഹുവിന്റെയടുക്കൽ ഏറ്റവും നീതിപൂർവവും സാക്ഷ്യം ഏറ്റവും ശൊവ്വായ നിലയിൽ നിർത്തുന്നതിന് പര്യാപ്തവും നിങ്ങൾ സംശയിക്കാതിരിക്കാൻ ഏറ്റവും ഉപയുക്തവുമാണിത്. എന്നാൽ, നിങ്ങൾ പരസ്പരം നടത്തുന്ന രൊക്കക്കച്ചവടം ഇതിൽ നിന്ന് ഒഴിവാണ്. അങ്ങനെയാണെങ്കിൽ അത് എഴുതിവെക്കാതിരുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. നിങ്ങൾ അന്യോന്യം ക്രയവിക്രയം ചെയ്യുമ്പോഴും സാക്ഷി നിർത്തുക. എഴുത്തുകാരനെയും സാക്ഷിയെയും വിഷമിപ്പിക്കുകയുമരുത്(എന്നത് പരിഗണിക്കേണ്ടതാണ്). നിങ്ങൾ അങ്ങനെ ചെയ്യുന്ന പക്ഷം നിങ്ങളിലുണ്ടാവുന്ന അധർമമായിരിക്കുമത്. അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചു തരുന്നു. അല്ലാഹു സർവകാര്യങ്ങളെക്കുറിച്ചും അഭിജ്ഞനാണ്.' (അദ്ധ്യാ. 2, അൽബഖറ: 283–284).

ഇവിടെ ഒരു കാര്യം പ്രധാനമായും ശ്രദ്ധിക്കേണ്ടതുണ്ട്. മധ്യകാല മനഃസ്ഥിതിക്കാരായ പണ്ഡിതൻമാർ ഈ വചനം തികച്ചും തെറ്റായ അർഥത്തിലും പൂർണമായും സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്തും ദുരുപയോഗം ചെയ്യുന്നു. അതായത് അവർ ശഠിക്കുന്നത്, ഇസ്‌ലാമിക നിയമമനുസരിച്ച് ഒരു സ്ത്രീയുടെ സാക്ഷ്യം അപര്യാപ്തമാണെന്നാണ്. അവരുടെ വാദമനുസരിച്ച് ഒരു പുരുഷന്റെ സാക്ഷ്യം ആവശ്യമായി

വരുന്ന എല്ലാ നിയമപരമായ വ്യവഹാരങ്ങളിലും രണ്ട് സ്ത്രീകളുടെ സാക്ഷ്യം ആവശ്യമാണെന്നാണ്. ഈ വചനത്തിന്റെ അർഥം തികച്ചും ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് ഇസ്‌ലാമിക നീതിന്യായ വിജ്ഞാനീയത്തിൽ സ്ത്രീയുടെയും പുരുഷന്റെയും സാക്ഷ്യത്തിന്റെ സ്ഥാനത്തെപ്പറ്റി അവർ വിശദീകരിക്കുന്നത്. വിശുദ്ധ ഖുർആൻ ഒരു പുരുഷനെ സാക്ഷിയായി ആവശ്യപ്പെടുന്ന സന്ദർഭങ്ങളിലെല്ലാം അതിന് പകരമായി രണ്ട് സ്ത്രീകളുടെ സാക്ഷ്യം വേണമെന്ന് അവർ വിചാരിക്കുന്നു. രണ്ട് പുരുഷന്റെ സാക്ഷ്യം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ നാല് സ്ത്രീകളുടെ സാക്ഷ്യം പകരം ആവശ്യമായി വരും. അപ്രകാരം നാല് പുരുഷന്റെ സാക്ഷ്യം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ എട്ട് സ്ത്രീകളുടെയും സാക്ഷ്യം ആവശ്യമായി വരും എന്നും അവർ കരുതുന്നു.

ഈ സങ്കല്പം അയഥാർഥവും ഖുർആനികാധ്യാപനങ്ങൾക്ക് അന്യവുമാണ്. ഗൗരവതരമായ ഈ നീതിന്യായ പ്രശ്നത്തിൽ ഇത്തരത്തിൽ മധ്യകാല മനസ്ഥിതിവെച്ച് പുലർത്തുന്നത് കാണുമ്പോൾ ആരും ക്ഷോഭാകുലനായി പോകും.

ഈ ഖുർആനിക വചനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്.

1. ഈ വചനത്തിൽ രണ്ട് സ്ത്രീകളുടെ സാക്ഷ്യം ആവശ്യപ്പെടുന്നില്ല.

2. ഇവിടെ രണ്ടാമത്തെ സ്ത്രീയുടെ പങ്ക് വ്യക്തമായും നിർണയിക്കപ്പെട്ടത് ഒന്നാമത്തവളെ സഹായിക്കാൻ വേണ്ടി മാത്രമാണ്.

3. സാക്ഷ്യം പറയാത്ത രണ്ടാമത്തെ സ്ത്രീ, പ്രസ്താവനയുടെ ഏതെങ്കിലും ഒരു ഭാഗം കണ്ടിട്ടില്ലെന്ന് വരികയും, വ്യവഹാരത്തിന്റെ പൂർണരൂപം സാക്ഷിക്ക് മനസ്സിലായിട്ടില്ല എന്ന് രണ്ടാമത്തെ സ്ത്രീക്ക് ബോധ്യമാവുകയും ചെയ്തെങ്കിൽ, അവർക്ക് സാക്ഷിയുടെ വ്യവഹാരത്തിന്റെ യഥാർഥ രൂപം അവലോകനം ചെയ്ത് പറഞ്ഞുകൊടുക്കാവുന്നതാണ്. ഒന്നാമത്തവളുടെ ഓർമ രണ്ടാമത്തെ സ്ത്രീക്ക് പുതുക്കിക്കൊടുക്കാവുന്നതുമാണ്.

4. സാക്ഷ്യം പറയുന്ന സ്ത്രീ അവളെ സഹായിക്കുന്ന സ്ത്രീയുമായി യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. സാക്ഷ്യം പറയുന്ന, ഒന്നാമത്തവളുടെ സാക്ഷ്യമാണ് ഒരേയൊരു സാക്ഷ്യമായും സ്വതന്ത്രസാക്ഷ്യമായും നിലനിൽക്കുക. അവൾ തന്റെ സഹായിയായ കൂട്ടുകാരിയുമായി യോജിക്കുന്നില്ലെങ്കിൽ ഒന്നാമത്തെ സ്ത്രീയുടേതായിരിക്കും അവസാന വാക്ക്.

# പർദ

(പി.കെ. മുഹമ്മദ് ബശീർ, ഐരാപുരം)

നവയുഗ നാരീ
ഇതു കലികാലം
അറിവ് നിനക്കഹങ്കാരമായ്
ആഭാസം അലങ്കാരവും.
ലജ്ജ അപമാനമായ്
നഗ്നത, അഭിമാനവും.
നവയുഗ നാരീ
ഇതു കലികാലം
പ്രസവവും കലയായ്
വിൽപ്പനച്ചരക്കായ്
തൊലിയുരിഞ്ഞ് കൊത്തി-
നുറുക്കി വിതറുന്നു നിന്നെ
വിപണിക്കു വളമായി.
പോരടിച്ചു പണ്ടു നീ
മാറിടം മറയ്ക്കുവാൻ
മാത്സര്യം ഇന്നതു
മലർക്കെ തുറക്കുവാൻ.
ആവിഷ്കാര സ്വാതന്ത്ര്യ-
ത്തണലിൽ തഴയ്ക്കുന്നു വൈകൃതം.
എല്ലാം ഉദാരവൽക്കരിക്കുന്നു
പടു'ബുദ്ധി ജീവികൾ'.
അറിയുന്നില്ല നീ പുരുഷ ലക്ഷ്യം



ഗൗനിക്കുന്നില്ല ഗൂഢതന്ത്രം.
രമിക്കുന്നു മൂഢസ്വർഗത്തിൽ നീ
പരിണമിക്കുന്നു വെറും 'ഇരയായ്'.
ദില്ലിയും മുംബൈയും
സൂര്യനെല്ലിയും വിതുരയും
ആവർത്തിക്കുന്നു ദുരന്തങ്ങൾ പിന്നെയും.
പ്രതിവിധി കുരുമുളകു പൊടിയല്ല
ആയോധന മുറയല്ല.
തളിരുടൽ മറയണം
നോട്ട മുനകളിൽ നിന്നും
പുരുഷ മനമകറ്റണം
ലോല മോഹങ്ങളിൽ നിന്ന്.
മാടിപ്പുതച്ചു നീ മാറിടം
മറച്ചാൽ മാറിടും നിശ്ചയം
സമൂഹ ചിത്തം.
പർദ വെറുമൊരു
മുഴുനീള ശീലയല്ല
ലക്ഷ്യം ലജ്ജാ ശീലമാണ്.
നോക്കിലും വാക്കിലും നടയിലും
നിയന്ത്രിത പരിധിയാണ്
പർദ പരിചയാണ്.

# സൃഷ്ടിവാദവും പരിണാമ വാദവും

**സൃഷ്ടിവാദവും പരിണാമ വാദ വും തമ്മിലുള്ള തർക്കത്തിൽ ഖുർആൻ പരിണാമവാദത്തിന്റെ പക്ഷത്താണ് നിൽക്കുന്നത്. ബൈ ബിളിലെ ആദമിന്റെ സൃഷ്ടി കഥയെ അനുകരിച്ച് മിക്ക വ്യാഖ്യാ താക്കളും ഖുർആൻ വചനങ്ങളെ തെറ്റിദ്ധരിക്കുകയായിരുന്നു. നാസ്തികരായ പരിണാമവാദികൾ ഉയർത്തുന്ന അയുക്തികമായ ആകസ്മികതാവാദം ഖുർആൻ തള്ളിക്കളയുന്നു.**

ഹസ്സൻ ഖാൻ

ഈ അടുത്തകാലത്തായി സൃഷ്ടിവാദികളും പരിണാമവാദികളും തമ്മിലുള്ള തർക്കത്തിന് വളരെയേറെ മാധ്യമ ശ്രദ്ധലഭിക്കുകയുണ്ടായി. യൂറോപ്പിലും അമേരിക്കയിലും ക്രിസ്ത്യൻ മതമൗലിക വാദികൾ പരിണാമ വാദത്തിന്റെ സാധ്യതയെ ചോദ്യം ചെയ്യുന്നു. പരിണാമവാദം പഠിപ്പിക്കുന്ന സ്കൂൾ സിലബസ്സുകൾ അവർ മാറ്റിയെഴുതാൻ ശ്രമിക്കുകയും പരിണാമവാദം പഠിപ്പിക്കുന്നതിനെതിരെ കോടതികളിൽ കേസ് കൊടുക്കുകയും ചെയ്യുന്നു. നാസ്തികർ അവരുടെ രീതിയ നുസരിച്ച് ക്രിസ്തുമതത്തെയും മറ്റു മതങ്ങളെയും വിമർശിക്കാൻ പരിണാമവാദം ഉപയോഗിക്കുന്നു. ഈയൊരു വിവാദം ശാസ്ത്രവും മതവും തമ്മിലുള്ള തർക്കത്തിന്റെ ഒരു ക്ലാസിക്ക് ഉദാഹരണമായി ചിത്രീകരിക്കപ്പെടുന്നു. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്ത മസീഹിന്റെയും മറ്റ് അഹ്മദിയ്യാ പണ്ഡിതന്മാരുടെയും സുചിന്ത്യമായ നിലപാട് ദൈവത്തിന്റെ പ്രവൃത്തിയും ദൈവത്തിന്റെ വാക്കും തമ്മിൽ യാതൊരു വൈരുദ്ധ്യവും ഉണ്ടാകാൻ പാടില്ല എന്നതാണ്. മറ്റുവാക്കുകളിൽ പറഞ്ഞാൽ പ്രകൃതി നിയമവും അഥവാ ദൈവത്തിന്റെ പ്രവൃത്തിയും ഇസ്ലാം മതത്തിന്റെ വിശുദ്ധ ഗ്രന്ഥവും തമ്മിൽ പരസ്പര വൈരുദ്ധ്യങ്ങളുണ്ടാകാൻ പാടില്ല എന്നാണ്. എന്തെങ്കിലും രീതിയിലുള്ള തർക്കങ്ങൾ ഉടലെടുക്കുന്നു എന്നതിനർഥം മതഗ്രന്ഥമോ പ്രകൃതി ശാസ്ത്രമോ ഏതെങ്കിലുമൊന്ന് തെറ്റിദ്ധരിക്കപെട്ടിരിക്കുന്നു എന്നാണ്. ഈ വിവാദത്തിന്റെ മൂലകാരണമെന്താണെന്ന് പരിശോധിക്കാം മനുഷ്യസൃഷ്ടി സംബന്ധിച്ച് രണ്ട് വീക്ഷണങ്ങളാണ് മുഖ്യമായുള്ളത്. ഒന്ന് സൃഷ്ടിവാദവും മറ്റൊന്ന് പരിണാമ വാദവും.

സൃഷ്ടിവാദം എന്നാൽ ദൈവം പ്രപഞ്ചത്തെ ഇല്ലായ്മയിൽ നിന്ന് സൃഷ്ടിച്ചുവെന്നും വിവിധ തരത്തിലുള്ള സസ്യങ്ങളെയും ജീവികളെയും മനുഷ്യനെയും അതിൽ ഉൽപ്പാദിപ്പിച്ചു പ്രതിഷ്ഠിച്ചുവെന്നുമാണ്. ഇതെങ്ങനെ സംഭവിച്ചുവെന്നതിനെക്കുറിച്ച് സൃഷ്ടിവാദികൾക്കിടയിൽ നിരവധിഅഭിപ്രായ വ്യത്യാസങ്ങളുണ്ട്. എന്തായിരുന്നാലും കേന്ദ്രആശയം ഒന്നുതന്നെയാണ്. അതായത് എന്തെങ്കിലും പ്രകൃത്യാതീതമായ അദ്ഭുതസംഭവത്തിലൂടെയാണ് സൃഷ്ടി നിലവിൽ വന്നത്. എന്നാൽ പരിണാമ വാദം പറയുന്നത് നമുക്ക് ചുറ്റുംകാണുന്ന വിവിധങ്ങളായ ജീവിരൂപങ്ങൾ പ്രകൃതി പ്രതിഭാസത്തിലൂടെയാണ് നിലവിൽ വന്നത് എന്നാണ്. മനുഷ്യനെ പോലെ അതിസങ്കീർണമായ ജീവികൾ ലളിതമായ ജീവിരൂപങ്ങളിൽ നിന്ന് തുടങ്ങി നിരവധി ചെറിയ പരിവർത്തനങ്ങളിലൂടെ ദീർഘകാലം കൊണ്ട് രൂപപ്പെട്ടതാണ്. 1859 ൽ ചാൾസ് ഡാർവിന്റെ പരിണാമ വാദം ന്യൂട്ടന്റെ ചലന നിയമം പോലെയോ ഐൻസ്റ്റീന്റെ ആപേക്ഷിക സിദ്ധാന്തം പോലെയോ ക്വാണ്ടം മെക്കാനിക്സ് പോലെയോ ഉള്ള വളരെ മൂർത്തമായ ഒരു ശാസ്ത്രമാണെന്ന് കരുതിയിരുന്നു.

**ശാസ്ത്രമോതത്ത്വശാസ്ത്രമോ?**

എല്ലാ ശാസ്ത്ര സിദ്ധാന്തങ്ങളെയും പോലെ പരിണാമവാദവും ദൈവാസ്തിത്വത്തെ സംബന്ധിച്ച് യാതൊരു പ്രവചനവും നടത്തുന്നില്ല. ചില നിരീക്ഷിത സത്യങ്ങൾ വളരെ ലളിതമായി പ്രതിപാദിക്കുക മാത്രമാണ് ചെയ്യുന്നത്. എല്ലാ കാലത്തുമുള്ള തത്ത്വശാസ്ത്ര ജ്ഞന്മാർ അവരുടെ നിക്ഷിപ്തമായ ഭൗതിക തത്ത്വശാസ്ത്രങ്ങൾക്ക് ശാസ്ത്രീയ ജ്ഞാനം ഉപയോഗിക്കുകയാണ് ചെയ്യുന്നത്. വസ്തുക്കളുടെ ചലനം വിശദീകരിക്കുന്ന ന്യൂട്ടന്റെ ചലന നിയമങ്ങൾ നിർണിത വാദത്തിന് (Theory of Determinism) ജന്മം നൽകി. ഈ തത്ത്വശാസ്ത്ര പ്രകാരം പ്രപഞ്ചത്തിൽ സംഭവിക്കുന്ന എല്ലാ പ്രതിഭാസങ്ങളും ഒരു കൂട്ടം ഗണിതശാസ്ത്ര നിയമങ്ങൾകൊണ്ട് പ്രവചിക്കാൻ കഴിയുമെന്നാണ്. സ്വതന്ത്രമായ ഇച്ഛയോ ദൈവമോ നിലനിൽക്കുന്നില്ല. ദൈവം നിലനിൽക്കുന്നുവെങ്കിൽ തന്നെ സംഭവങ്ങളുടെ ഗതിനിർണയിക്കുന്നതിൽ ദൈവത്തിന് യാതൊരു പങ്കുമില്ല. പ്രാർഥന കൊണ്ട് യാതൊന്നും മാറാൻ പോവുന്നുമില്ല. ഇവയൊക്കെയായിരുന്നു നിർണിത വാദത്തിന്റെ സിദ്ധാന്തങ്ങൾ.

യഥാർഥ ശാസ്ത്രീയ സിദ്ധാന്തങ്ങൾ ദൈവനിഷേധത്തിലേക്ക് നയിക്കുന്നില്ല. ബിഗ്ബാംഗ് തിയറി ദൈവാസ്തിത്വത്തിലേക്ക് സുശക്തമായ തെളിവ് നൽകുക യാണ് ചെയ്യുന്നത്. ബിഗ്ബാംഗ് തിയറി പ്രകാരം പ്രപഞ്ചം അനശ്വരമല്ല. അതിന് തീർച്ചയായും ഒരു തുടക്കമുണ്ട്. ഒരു നിശ്ചിത സമയ ബിന്ദുവിൽ വെച്ചാണ് പ്രപഞ്ചം

തുടങ്ങുന്നത്. ക്വാണ്ടം തിയറി നിർണിത വാദത്തിനേറ്റ ഒരു പ്രഹര മായിരുന്നു. ക്വാണ്ടം സിദ്ധാന്തം പ്രകാരം പദാർഥത്തിന്റെ ഏറ്റവും അടിസ്ഥാന നിലയിൽ നിന്ന് നോക്കുമ്പോൾ വസ്തുവിന്റെ ഏറ്റവും സൂക്ഷ്മ കണത്തിന്റെ സമയവും സ്ഥലവും കൃത്യമായി പറയുക സാദ്ധ്യമല്ല. അതു കൊണ്ട് നമ്മുടെ പ്രപഞ്ചത്തിലെ സംഭവ ങ്ങൾ യാതൊരു ഭൗതിക നിയമ ത്തിന്റെയും അടിസ്ഥാനത്തിൽ പ്രവചിക്കാൻ സാദ്ധ്യമല്ല.

**പരിണാമവാദം മതത്തിന് ഹാനികരമോ?**

പരിണാമവാദത്തിൽ നിന്ന് ആധുനിക ശാസ്ത്ര തത്ത്വജ്ഞാനി കൾ ഊഹിച്ചെടുത്ത വിവാദാത് മകമായ ആദ്യത്തെ നിഗമനം മതം മനുഷ്യ മനസ്സിന്റെ വെറും ഒരു കൃതിപ്പ് മാത്രമാണെന്നാണ്. ഉദാഹര ണമായി ക്രിസ്ത്യാനികളിലും മുസ്‌ലിം കളിലുംപെട്ട നിരവധിപേർ വിശ്വസിക്കുന്നത് ആദ്യത്തെ മനുഷ്യനായ ആദമിനെ ദൈവം പൊടിമണ്ണിൽ നിന്ന് സൃഷ്ടിച്ചു വെന്നും ദൈവം തന്റെ ചൈത ന്യത്തെ ആദമിൽ ഊതിയെന്നും അപ്പോഴാണ് ആദം ജീവനുള്ള ദേഹിയായിത്തീർന്നതെന്നുമാണ്. ഈ വിശ്വാസം പരിണാമവാദത്തിന് കടകവിരുദ്ധമാണ്. അതുകൊണ്ട് ഈ രണ്ട് മതങ്ങളും അത്പോലെ മറ്റ് മതങ്ങളുടെയും വിശ്വാസം തെറ്റാ ണെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു.

എന്നാൽ ഇസ്‌ലാമിന്റെ പരിശുദ്ധ മതഗ്രന്ഥമായ വിശുദ്ധ ഖുർആൻ ഒരിക്കലും ആദം ഭൂമിയിലൂടെ നടന്ന ആദ്യത്തെ മനുഷ്യനാണെന്ന് വി ശേഷിപ്പിക്കുന്നില്ല. വാസ്തവത്തിൽ മുസ്‌ലിംകൾ അവരുടെ മതഗ്രന്ഥ ത്തെതെറ്റിദ്ധരിച്ചിരിക്കയാണ്. ഘട്ടം ഘട്ടങ്ങളിങ്ങളിലൂടെയാണ് സൃഷ്ടി സംഭവിച്ചതെന്ന് അഹ്മദികളും അനഹ്മദികളുമായ നിരവധിമുസ് ലിംപണ്ഡിതൻമാർ ചൂണ്ടിക്കാണിച്ചി ട്ടുണ്ട്. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ രണ്ടാ മത്തെ ഖലീഫ ഹദ്റത്ത് മിർസാ ബശിറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) തന്റെ 'സയിറെ റൂ ഹാനി' എന്ന പുസ്തകത്തിൽ വിശുദ്ധഖുർആനിലെ ഒരു വചനം ഉദ്ധരിക്കുന്നുണ്ട്.

*'നിങ്ങൾക്കെന്ത് പറ്റി? അല്ലാഹു വിന്റെ മഹത്വം വക വെച്ചു കൊടു ക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ല, വാസ്തവത്തിൽ അവൻ നിങ്ങളെ പല ഘട്ടങ്ങളിലായി സൃഷ്ടി ച്ചിരിക്കുന്നു..... നിങ്ങളെ അല്ലാഹു ഭൂമിയിൽ നിന്ന് നല്ല നിലയിൽ ഉൽപ്പാദിപ്പിച്ചു വളർത്തിയിരി ക്കുന്നു.' (71:14-18)*

മറ്റു വിശ്വാസങ്ങളിൽ കാണ പ്പെടുന്നത് പോലെ പരിണാമ ത്തിന്റെ സുസ്ഥാപിത ശാസ്ത്ര വസ്തു തകളുമായി വൈരുദ്ധ്യമു ള്ള പ്രസ്താവനകൾ ഖുർആനിൽ കാണുകയില്ല.

**പ്രപഞ്ചത്തിന് ഒരാസൂത്രകനില്ലേ?**

പരിണാമവാദത്തിൽ അവർ ഊഹിച്ചെടുക്കുന്ന രണ്ടാമത്തെ നിഗമനം ദൈവം ഉണ്ടാകാൻ സാദ്ധ്യതയില്ല എന്നതാണ്. സർവ ശക്തനായ ഒരു ആസൂത്രകൻ ഉണ്ട് എന്ന വിശ്വാസത്തിൽ മാത്രമായി രുന്നു ഭൂമിയിലെ ജീവികളുടെ സങ്കീർണതകളും വൈവിധ്യങ്ങളും നൂറ്റാണ്ടുകളായി വിശദീകരിക്കപ്പെ ട്ടിരുന്നത്. ഇന്ന് ജീവികളുടെ സൃഷ്ടിപ്പും അതിന്റെ സങ്കീർ ണതകളും വിശദീകരിക്കുന്നത് പരിണാമവാദമാണ്. പരിണാമം ഒരു പ്രകൃതി പ്രക്രിയയായിട്ടാണ് വിവരിക്കപ്പെടുന്നത്. ആ പ്രക്രിയ യിലാകട്ടെ ലളിതമായ ജീവിരൂപ ങ്ങളിൽ നിന്ന് സങ്കീർ ണമായ ജീവികൾ ഉണ്ടാവുകയാണ് ചെയ്യുന്നത്, അതുകൊണ്ട് ദൈവം ഇല്ല എന്ന നിഗമനത്തിൽ അവർ എത്തിചേരുന്നു.

അത്തരം നിഗമനങ്ങൾ ആദ്യമേ തന്നെ നാസ്തികവാദം ഗ്രസിച്ച വരെ മാത്രമേ സ്വാധീനിക്കു കയുള്ളൂ. നാസ്തിക വാദം വിശദീ കരിക്കാൻ കഴിയാത്തപ്രശ്നങ്ങൾ കൊണ്ട് കുഴങ്ങിയിരിക്കുകയാണ്. അയുക്തികമായ കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിലു ള്ള നിഗമനങ്ങളാണ് അവർ നടത്തു ന്നത്. നാസ്തികർ വാദിക്കുന്നത് സങ്കീർണമായ ജീവികൾ ആവിർ ഭവിക്കുന്നത് പ്രകൃതി, പരിണാമ തത്ത്വം പിന്തുടരുന്നത് കൊണ്ടാണ് എന്നാണ്. ഈ തത്ത്വം ശാശ്വത മാണ്. അത് പ്രപഞ്ചത്തിൽ നില നിൽക്കുന്നതായി കാണുകയും ചെയ്യുന്നു എന്നും അവർ പറ യുന്നു. Revelation, Rationality, Knowledge and Truth, എന്ന പുസ്തകത്തിൽ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) എഴുതുന്നു: ഈ അജ്ഞാത ബോധാത്മകനായ സ്രഷ്ടാവിന് (ദൈവം) പകരം ഡാർവിനിസത്തിന്റെ അന്ധമായ സിദ്ധാന്തത്തെ പകരം വെക്കാനുള്ള ശ്രമമാണ്. ഭൗതിക വാദത്തിന് വേണ്ടി തങ്ങളുടെ മഹത്തായ വിജ്ഞാനം സമർപ്പിച്ചവർക്ക് മാത്രമേ ഇത്തരത്തിൽ ഒരു നിഗമന ത്തിലെത്തിച്ചേരാൻ സാദ്ധ്യമാവു. ദൈവം എന്ന യാഥാർഥ്യത്തിൽ നിന്ന് ഓടിരക്ഷപ്പെടാനുള്ള നൈമി ഷികമായ ഒരു പാഴ്ശ്രമം മാത്ര മാണിത്.' ചുരുക്കത്തിൽ പ്രപഞ്ചം ഭരിക്കപ്പെടുന്നത് ദൈവത്താലല്ല മറിച്ച് പരിണാമവാദം പോലെയുള്ള അബോധാത്മകമായ ശാസ്ത്രീയ തത്ത്വം മുഖേനയാണെന്ന സത്യം സ്ഥാപിക്കാൻ പരിണാമവാദത്തിന് ഒരിക്കലുമാവില്ല.

**മനുഷ്യന്റെ അസ്തിത്വം പ്രകൃതിയിലെ യാദൃച്ഛിക സംഭവമോ?**

പരിണാമ സംബന്ധിയായി മനു ഷ്യനെ പറ്റിയുള്ള മറ്റൊരു വിവാദം മനുഷ്യൻ ഭൂമിയിൽ ആവിർഭവിച്ചത് യാദൃച്ഛി കമായാണോ? ബുദ്ധി യോമനസ്സോ ഇല്ലാത്ത പ്രകൃതി പ്രതിഭാസത്തിന്റെ ഉൽപ്പന്നമാണ് മനുഷ്യൻ എന്ന് വാദിക്കപ്പെടുന്നു. അതിനേക്കാളുപരി യാദൃച്ഛിക മോ ആകസ്മികമോ ആയ അംശ ങ്ങളാണ് പരിണാമവാദത്തിലെ മുഖ്യ ഘടകം. ഉദാഹരണത്തിന് ആകസ്മികമായുണ്ടായ ജീനുകളു ടെ ഉൽപരിവർത്തനം. അങ്ങനെ യൊക്കെയായാൽ തന്നെ മനുഷ്യൻ ഭൂമിയിൽ ഇന്ന് കാണുന്ന ധൈഷ ണികവും ശാരീരികവുമായ പ്രത്യേ കതളോടുകൂടി മനുഷ്യന് എളുപ്പ ത്തിൽ ആവിർഭവിക്കുക സാദ്ധ്യമല്ല.

അത്തരത്തിൽ ഒരു നിഗമനത്തിലെത്താൻ പരിണാമവാദത്തിന് സ്വയം സാദ്ധ്യമല്ല. പരിണാമ ഗതിക്ക് മനുഷ്യനെക്കൂടാതെ തന്നെ മറ്റൊരുദിശയിലേക്ക് വികസിക്കാമായിരുന്നു. ഈ ആകസ്മികതയുടെ ഇടപെടലും വ്യാഖ്യാനവും ഇന്നും ശാസ്ത്രജ്ഞന്മാർക്കിടയിൽ ചൂടുള്ള വിവാദവിഷയമാണ്. ലാബറട്ടറിയിൽ പരീക്ഷണാത്മകമായി നിർമിക്കപ്പെടുന്ന കാര്യങ്ങൾ പ്രകൃതിയിൽ അതേപടി സംഭവിക്കുമെന്ന് സുനിശ്ചിതമായി പ്രവചിക്കാനാവില്ല. അത്തരം പരീക്ഷണങ്ങൾ കൗതുകകരമായ താത്ത്വികവാദമുഖങ്ങൾ മതത്തിന് അനുകൂലമായും എതിരായും ഉപയോഗിക്കപ്പെടുന്നുണ്ട് എന്ന് മാത്രം. പരിണാമം തുടക്കം മുതൽ രണ്ടാമതും ആരംഭിച്ചാൽ എന്ത് സംഭവിക്കുമെന്ന് ആർക്കും ഖണ്ഡിതമായി പറയാൻ സാദ്ധ്യമല്ല.

**ഉപസംഹാരം**

മതവും ശാസ്ത്രവും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ല. ചുരുങ്ങിയത് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്ത മസീഹ് ഇസ്‌ലാം മതവും ശാസ്ത്രവും തമ്മിൽ വൈരുദ്ധ്യങ്ങളില്ലെന്ന് പഠിപ്പിച്ചു. അതിന്റെ ഫലമായി അഹ്മദികൾ വിശ്വസിക്കുന്നത് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് പരിണാമത്തിന്റെ ക്രമികമായ പ്രക്രിയയിലൂടെയാണ് എന്നാണ്. ആദം ഒരിക്കലും ആദ്യത്തെ മനുഷ്യനായിരുന്നില്ല അദ്ദേഹം ആദ്യത്തെ പ്രവാചകനായിരുന്നു. അതേസമയം പ്രപഞ്ചം സൃഷ്ടിച്ചത് പ്രകൃതി നിയമങ്ങളിലൂടെ അതിനെ പരിപാലിക്കുന്ന സർവശക്തനും സർവജ്ഞാനിയുമായ ദൈവമാണെന്നും അഹ്മദികൾ വിശ്വസിക്കുന്നു. ദൈവത്തോട് ആത്മാർഥമായി പ്രാർഥിക്കുകയാണെങ്കിൽ അവന്റെ പ്രാർഥനക്ക് ദൈവം ഉത്തരം നൽകുമെന്നും അഹ്മദികൾ വിശ്വസിക്കുന്നു.

ചുരുക്കത്തിൽ ദൈവം ഉണ്ടോ, എന്തു കൊണ്ട് നമ്മൾ സൃഷ്ടിക്കപ്പെട്ടു എന്നീ ചോദ്യങ്ങൾ ശാസ്ത്രത്തിന്റെ പരിധിക്കപ്പുറത്തുള്ള ചോദ്യങ്ങളാണ്. ശാസ്ത്രം ഭൗതിക വസ്തുക്കളുടെ പ്രതിപ്രവർത്തനം മാത്രം വിവരിക്കുന്ന ഒരു വിജ്ഞാന ശാഖയാണ്. അതിഭൗതികകാര്യങ്ങളെ പറ്റി വിധി പറയാൻ ശാസ്ത്രത്തിനാവില്ല. എങ്കിലും ഭൗതിക തത്ത്വശാസ്ത്രജ്ഞൻന്മാരും മതപണ്ഡിതന്മാരും ശാസ്ത്രത്തിന്റെ കണ്ടെത്തലുകളിൽ നിന്ന് നിഗമനങ്ങളിലെത്തി അവര വരുടെ വിശ്വാസങ്ങളുമായി മുന്നോട്ടു പോകുകയാണ്. ഇരുകൂട്ടരും അവരവരുടെ വാദങ്ങൾ നിരത്താൻ ആധുനിക ശാസ്ത്രത്തെ ഉപയോഗിക്കുന്നു. ഇങ്ങനെ പരസ്പരം സംവാദം നടത്തുന്നതിൽ യാതൊരു തെറ്റുമില്ല. വാസ്തവത്തിൽ ഖുർ ആൻ ബുദ്ധിമാന്മാരായ സത്യാന്വേഷികളെ നിരന്തരം പ്രോത്സാഹിപ്പിച്ചു കൊണ്ടേയിരിക്കുന്നു. ഖുർആൻ പറയുന്നു,

**'ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വഭാഗങ്ങളിൽ (കിടന്നും) അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുകയും ആകാശ ഭൂമികളുടെ സൃഷ്ടിപ്പിനെസംബന്ധിച്ച് ചിന്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരായ(ബുദ്ധിമാന്മാർ) 'ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത് (അത്തരം നിഷ്പ്രയോജനകരമായ പ്രവൃത്തികളിൽ നിന്നു) നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരക ശിക്ഷയിൽ നിന്ന് രക്ഷിക്കേണമേ'**(3:191)

---

പേജ് 6 ൽ നിന്നും തുടർച്ച

അതോടൊപ്പം സർവ അസ്വസ്ഥതകൾക്കും അടിമപ്പെടുകയും ചെയ്യുന്നു.

എന്നാൽ ഭൗതീകതയോടുള്ള ബന്ധം അല്ലാഹുവിലൂടെയുള്ള ബന്ധമാണെങ്കിൽ, അവയോടുള്ള സ്നേഹം അല്ലാഹുവിനോടുള്ള സ്നേഹത്തിലൂടെയാണെങ്കിൽ അതുമൂലമുള്ള ഘർഷണത്തിലൂടെ ദൈവേതരങ്ങളോടുള്ള സ്നേഹം കത്തിച്ചാമ്പലാകുന്നു. തൽസ്ഥാനത്ത് ഒരു പ്രകാശവും വെണ്മയും നിറക്കപ്പെടുന്നു. പിന്നീട് ദൈവതൃപ്തി അവന്റെ തൃപ്തിയും, അവന്റെ തൃപ്തി ദൈവതൃപ്തിക്കനുഗുണവും ആയിത്തീരുന്നു. ഈ അവസ്ഥ പ്രാപിക്കുമ്പോൾ ദൈവസ്നേഹം അവന് ജീവാമൃതമായിത്തീരുന്നു. ഒരാ ഒരാൾക്ക് ജീവസന്ധാരണത്തിനാവശ്യമായ വസ്തുക്കൾ ഉണ്ടാകേണ്ടതുള്ളത് പോലെ അവന്റെ ജീവിതത്തിനായി കേവലം ദൈവം മാത്രം അനിവാര്യമായിത്തീരുന്നു. മറ്റ് വാക്കുകളിൽ പറയുകയാണെങ്കിൽ അവന്റെ സന്തോഷവും സംതൃപ്തിയും അല്ലാഹുവിൽ മാത്രമാകുന്നു. പിന്നീട് ഭൗതീകരുടെ ദൃഷ്ടി യിൽ അവന് ദുഖവും പ്രയാസങ്ങളും കണ്ടേക്കാം. എന്നാൽ യഥാർഥത്തിൽ ആ ദുഖത്തിലും പ്രയാസത്തിലും പോലും അവൻ സംതൃപ്തിയോടും സമാധാനത്തോടും കൂടി ദൈവീകാനന്ദം കരസ്ഥമാക്കുന്നു. അത് ഭൗതീകരെന്നു കരുതുന്ന ഉന്നതരായവർക്കു പോലും ലഭിക്കുകയില്ല.

ഇതിനു വിരുദ്ധമായുള്ള മനുഷ്യന്റെ എല്ലാ അവസ്ഥകളും നരകമാകുന്നു. അതായത് അല്ലാഹുവിനെ കൂടാതെ ജീവിതം കഴിച്ചു കൂട്ടുക എന്നതും നരകമാകുന്നു.

(മൽഫൂസാത്ത്: വാള്യം1, പേജ് 371-372)

# മതാധിഷ്ഠിത രാഷ്ട്രീയം ഏറ്റവും വലിയ ഭീഷണി: ഫാറൂഖ് മൗദൂദി

ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ മകൻ സയ്യിദ് ഫാറൂഖ് മൗദൂദിയുമായി ബംഗ്ലാദേശിൽ നിന്ന് പുറപ്പെടുന്ന 'ഡാക്കാ ട്രിബ്യൂൺ' (Dhaka Tribune. sunday 6th oct 2013)ലേഖകൻ ഷഹരിയാർ ആസിഫ് നടത്തിയ അഭിമുഖം. ജമാഅത്തെ ഇസ്‌ലാമിയെയും അവരുടെ മതരാഷ്ട്ര വാദത്തെയും അഭിമുഖത്തിൽ രൂക്ഷമായി അദ്ദേഹം വിമർശിക്കുന്നു. (വിവ:അഡ്വ. നിസാർ അഹ്മദ്,കണ്ണൂർ)

"ഒരു രാഷ്ട്രം ഏതെങ്കിലും മതത്തെ സ്വയം വരിക്കുന്ന പക്ഷം ജനാധിപത്യമല്ലാത്ത മറ്റെന്തോ ആണ് അവിടെ പ്രാവർത്തികമാവുന്നത്"



ഫാറൂഖ് മൗദൂദി

ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ അബുൽ അഅ്‌ലാ മൗദൂദിയുടെ മകൻ സയ്യിദ് ഹൈദർ ഫാറൂഖ് മൗദൂദി പാകിസ്താനിലെ ലാഹോറിൽ ഒരു കോളമിസ്റ്റാണ്. 69 കാരനായ ഈ മുൻ പൈലറ്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ് പഠിച്ചിരുന്നതെങ്കിലും ഇംഗ്ലീഷിൽ സംസാരിക്കാൻ തയ്യാറായില്ല. ഉപഭൂഖണ്ഡത്തിലെ ജമാഅത്തിന്റെ രാഷ്ട്രീയം, രാഷ്ട്രീയ ഇസ്‌ലാം, ഭീകരവാദം, രാഷ്ട്ര മതം, ബംഗ്ലാദേശിലെ യുദ്ധ കുറ്റവിചാരണ ട്രിബ്യൂണൽ എന്നീ കാര്യങ്ങളിലുള്ള തന്റെ നിരീക്ഷണങ്ങൾ അദ്ദേഹം ഡാക്കാ ട്രിബ്യൂണുമായി പങ്കുവെച്ചു

?. താങ്കളുടെ പിതാവ് അബുൽ അഅ്‌ലാ മൗദൂദിയായിരുന്നു ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകൻ. ആ നിലയിൽ താങ്കളോ മറ്റു സഹോദരന്മാരോ എന്നെങ്കിലും പ്രസ്തുത കക്ഷിയുമായി ഇടപഴകിയിട്ടുണ്ടോ?

=ഇല്ല. ജമാഅത്തിന്റെയോ മറ്റേതെങ്കിലും കക്ഷിയുടെയോ യാതൊരുവിധ രാഷ്ട്രീയത്തിലും ഞങ്ങൾ ഒരിക്കലും ഇടപെട്ടിട്ടില്ല. യാതൊരുവിധ രാഷ്ട്രീയത്തിലും ഭാഗഭാക്കാകാൻ അദ്ദേഹം (പിതാവ്) ഞങ്ങളെഒരിക്കലും അനുവദിച്ചിട്ടില്ല എന്നതാണ് വസ്തുത. അദ്ദേഹത്തിന്റെ മനസ്സിൽ എന്തായിരുന്നുവെന്ന് അദ്ദേഹത്തിന് മാത്രമേ അറിയൂ. എന്റെ പിതാവ് മാത്രമല്ല മറ്റേതെങ്കിലും ജമാഅത്തിന്റെ നേതാവിനെ നിങ്ങൾ പരിഗണിച്ചാലും അവരാരും തന്നെ തങ്ങളുടെ മക്കൾ ജമാഅത്ത് കാര്യങ്ങളിൽ ഇടപെടുന്നതിൽ താൽപര്യമുള്ള വരായിരുന്നില്ല എന്ന് നിങ്ങൾക്ക് ബോദ്ധ്യമാവും

നേതാക്കളുടെ മക്കൾ ജമാഅത്ത് കാര്യങ്ങളൊഴിച്ചുള്ള ഏതു തരം പ്രവർത്തികളിലും ഏർപ്പെടുന്നുണ്ട്. അതിന് പിന്നിൽ നിരവധി കാരണങ്ങളുണ്ട് , ഒന്നാമതായി നിങ്ങൾ മതാധിഷ്ഠിത രാഷ്ട്രീയം കൈകാര്യം ചെയ്യുമ്പോൾ നിങ്ങളുടെ ലക്ഷ്യങ്ങളിൽ ചിലത് നേടിയെടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞേക്കാമെങ്കിലും ആത്യന്തികമായി മറ്റ് മേഖലകളിൽ നിങ്ങൾ അനവധി ശത്രുക്കളെ സൃഷ്ടിക്കുകയാണ്. പ്രത്യേകിച്ച് മതാധിഷ്ഠിത രാഷ്ട്രീയത്തിലുൾപ്പെട്ട ഒരു രാഷ്ട്രീയക്കാരൻ മരിക്കുമ്പോൾ അയാൾ തന്റെ മക്കൾക്കായി ശത്രുക്കളെ സമ്പാദിച്ചാണ് കടന്ന് പോകുന്നത്.

?.ബംഗ്ലാദേശിലെ ജമാഅത്തിനെക്കുറിച്ചുള്ള താങ്കളുടെവിലയിരുത്തലുകളെങ്ങനെയാണ്?

=ബംഗ്ലാദേശിലെ രാഷ്ട്രീയത്തിലിടപെടാൻ ജമാഅത്തിന് യാതൊരവകാശവുമില്ല. പ്രത്യേകിച്ച് ജമാഅത്ത് ബംഗ്ലാദേശിന്റെ ജനനത്തെ തന്നെ എതിർത്ത സാഹചര്യത്തിൽ. ഇവിടെ (ബംഗ്ലാദേശ്) രാഷ്ട്രീയം നടത്താൻ അവർക്ക് അവകാശമില്ലാത്തതും അതിന് അവരെ അനുവദിക്കാൻ

പാടില്ലാത്തതുമാണ്. എന്നാൽ തീർത്തും വ്യത്യസ്തമായ ചിത്ര മാണ് നിലവിലുള്ളത്. ഇക്കാര്യ ത്തിൽ നിങ്ങളുടെ (ബംഗാളിക ളുടെ) നേതാക്കളുടെ ഭാഗത്താണ് തെറ്റ് എന്നാണ് ഞാൻ കരുതുന്നത്. സ്വാത ന്ത്യത്തിന് ശേഷം നിങ്ങളുടെ നേതാക്കൾ ഈ രാജ്യത്ത് രാഷ്ട്രീ യം നടത്താൻ അവരെ അനുവദി ച്ചു. അവരുടെ രാഷ്ട്രീയം തുടരാൻ അനുവദിച്ച സ്ഥിതിക്ക് അവരുടെ രാഷ്ട്രീയം മതാധിഷ്ഠിതമാണെന്ന വസ്തുതയും നിങ്ങൾക്ക് അംഗീ കരിക്കേണ്ടിവരും. ബംഗ്ലാദേശിലെ ഈ സവിശേഷ സാഹചര്യത്തിന് പിന്നിൽ ആരാണെന്നതാണ് ചോ ദ്യം. ഓർക്കുക ഷേഖ് സാഹിബ് (ഷേഖ് മുജീബുർറഹ്മാൻ) വിട്ടേച്ചു പോയ ഭരണഘടന ഈ രാജ്യത്ത് ഇപ്പോൾ നിലവിലില്ല. അതെങ്ങനെ സംഭവിച്ചു? ആരാണ് അത് മാറ്റി മറിച്ചത്? ഈ കാര്യങ്ങളും പരിശോ ധിക്കേണ്ടതുണ്ട്. ജനങ്ങൾ അത്തരം ആളുകൾക്ക് (ജമാഅത്തെ ഇസ്ലാ മി) വോട്ട് ചെയ്യാറില്ല. അവർക്ക് അന്നും(1970) ഇപ്പോഴും പൊതുജന പിന്തുണയില്ല. മിക്കവാറും അവ രുടെ എല്ലാ സ്ഥാനാർഥികളും ഭീകരമായ പരാജയമാണ് ഏറ്റുവാ ങ്ങിയത്. മാത്രമല്ല ജാമ്യ സംഖ്യപോലും നഷ്ടപെട്ട നിലയിൽ വളരെ തുച്ഛമായ വോട്ടുകളാണ് അവർക്ക് ലഭിച്ചത്.

ഷേഖ് സാഹിബ് ജമാഅത്തിനെ നിരോധിച്ചു . ശരിയല്ലേ? നിങ്ങൾ ഇവിടെ തന്നെ ഉണ്ടായിരുന്നവർ അത് പരിശോധിക്കണം. ജമാ അത്തിനെ പിന്തുണക്കുന്ന അധി കാര കേന്ദ്രം ഏതെന്ന് നിങ്ങൾ കണ്ടെത്തുന്നത് വരെ പ്രശ്ന ത്തിന്റെ തായ്‌വേരിൽ നിങ്ങൾക്ക് എത്തിച്ചേരാൻ കഴിയില്ല.

മറ്റൊരു കാര്യമുള്ളത് യുദ്ധ ക്കുറ്റവാളികളുടെ വിചാരണ അവരെ(ജമാഅത്തിനെ) ദുർബല മാക്കുന്നുവെന്ന് നിങ്ങൾ കരുതു ന്നുവെങ്കിൽ നിങ്ങൾക്ക് തെറ്റു പറ്റി. അത് അവർക്ക് ഒരു അനുഗ്ര ഹമാണ്. ഇപ്പോൾ അവർക്ക് ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവകാശപ്പെടാം, ഞങ്ങൾ ഇസ്ലാമിന് വേണ്ടി നില കൊള്ളുന്നത് കൊണ്ടാണ് ഞങ്ങളെ വിചാരണ ചെയ്യുന്നതെന്ന്. അവർ മുമ്പ് ചെയ്തത്പോലെ ഇനിയും ഇസ്ലാമിനെയും യുദ്ധ ക്കുറ്റവിചാര ണയെയും ഉപയോഗിച്ച് മത വിശ്വാ സികളായ ജനങ്ങളെ ചൂഷണം ചെയ്യും.

?. 'രാഷ്ട്രീയത്തിൽ ഇസ്ലാം' പ്രത്യേകിച്ച് ഈ ഉപഭൂഖണ്ഡത്തിൽ എന്ന കാര്യത്തെക്കുറിച്ച് താങ്കൾ എങ്ങനെ ചിന്തിക്കുന്നു?

എപ്പോഴൊക്കെ മതത്തെ രാഷ് ട്രീയമായ നിലയിൽ വ്യാഖ്യാനി ച്ചിട്ടുണ്ടോ, അന്നൊക്കെ അത് മനുഷ്യനെ കൊല്ലുകയും മനുഷ്യ ത്വത്തെ നശിപ്പിക്കുകയും ചെയ്തി ട്ടുണ്ട്. മതം മനുഷ്യനെ കൂടുതൽ നല്ലവനാക്കിത്തീർക്കുവാൻ സഹാ യിക്കുകയാണ് വേണ്ടത്. ബുദ്ധ മതം, ഹിന്ദു മതം, സിഖ്മതം, ഇസ്ലാം മതം തുടങ്ങി ഓരോ മതവും വ്യക്തികളെ കൂടുതൽ നല്ലവരാക്കിത്തീർക്കാനാണ് പഠിപ്പി ച്ചിട്ടുള്ളത്. നമ്മുടെയെല്ലാം പൂർവ പിതാവ് ഒരാളായിരുന്നുവെന്നും നാം പരസ്പരം വെറുക്കരുതെന്നു മാണ് മതം നമ്മെ പഠിപ്പിച്ചത്. വിശുദ്ധ ഖുർആൻ രാഷ്ട്രീയ ത്തെക്കുറിച്ചല്ല മറിച്ച് മനുഷ്യനെ ക്കുറിച്ച്, മനുഷ്യൻ കൂടുതൽ നല്ലവ നാകുന്നതിനായിട്ടുള്ള കാര്യങ്ങ ളാണ് പറഞ്ഞിട്ടുള്ളത്. മതത്തിന്റെ രാഷ്ട്രീയ വ്യാഖ്യാനം എപ്പോഴും സമൂഹത്തിൽ തകർച്ച മാത്രമേ കൊണ്ടു വന്നിട്ടുള്ളൂ. മറ്റുള്ളവരെ ഭരിക്കുന്നതിനെക്കുറിച്ച് വിശുദ്ധ ഖുർആനിൽ എവിടെയും പറഞ്ഞി ട്ടില്ല. വിശുദ്ധ ഖുർആൻ വ്യക്തിക ളെക്കുറിച്ചാണ് പരാമർശിക്കുന്നത്. അത് വ്യക്തിയെക്കുറിച്ചാണ്. ഭരണ സംവിധാനത്തെയോ ഒരു വ്യവ സ്ഥിതിയെയോ സംബന്ധിച്ചല്ല. അങ്ങനെ മറ്റുള്ളവരെ നിയന്ത്രി ക്കുന്നത് സംബന്ധിച്ചാണ് ആ വചനങ്ങളെങ്കിൽ ഖലീഫയെ എങ്ങ നെ നിയമിക്കണം, എങ്ങനെ ഖലീഫ യെ അധികാരത്തിൽ നിന്നും പുറന്ത ള്ളും, എന്ത് അധികാരങ്ങളാണ് അവർ കൈയാളുക, അധികാര സമിതി (ശൂറാ) എങ്ങനെ രൂപവത് ക്കരിക്കും, അതെങ്ങനെ പിരിച്ച് വിടും, ഏത് തരത്തിലുള്ള അധികാ രമായിരിക്കും സമിതിക്കുണ്ടാകുക? സമിതിയും ഖലീഫയും തമ്മിലുള്ള ബന്ധം എന്ത് തരത്തിലുള്ളതായി രിക്കണം, ഖലീഫയും സമിതിയും എപ്പോഴായിരിക്കും അധികാരം പ്രഖ്യാപിക്കുക, തർക്കങ്ങളുണ്ടാ കുമ്പോൾ ആര് ആരുടെ മേൽ മേൽകൈനേടും എന്നിങ്ങനെ ഒമ്പത് കാര്യങ്ങൾ സംബന്ധിച്ച് അതിൽ പരാമർശമുണ്ടാവുമായിരുന്നു. എന്നാൽ ഈ കാര്യങ്ങളെക്കുറിച്ച് ഖുർആൻ സംവദിക്കുന്നുണ്ടോ? ഇല്ല. സർവശക്തനായ അല്ലാഹു വിന് ഖുർആൻ സംരക്ഷിക്കാൻ കഴിയുമെങ്കിൽ ഖിലാഫത്തിനെയും (രാഷ്ട്രീയമായ പിന്തുടർച്ചക്കാർ) നോക്കി നടത്താൻ അവന് കഴിയു മായിരുന്നു. മതം തെറ്റായ രീതി യിലാണ് വ്യാഖ്യാനിക്കപ്പെടുന്നത്. മതത്തിന്റെ ലക്ഷ്യം ഒരു രാഷ്ട്രം ഭരിക്കുക എന്നതല്ല. മതത്തെ ഇവി ടെ രാഷ്ട്രീയത്തിൽ ഉപയോഗി ക്കപ്പെടുന്നത് കാരണം മത വൈകാ രികതയുടെ ആനുകൂല്യങ്ങളെ അനുഭവിക്കാൻ രാഷ് ട്രീയക്കാർക്ക് സാധിക്കുന്നു. ആ വികാരത്തിന്റെ പുറത്ത് ജനങ്ങൾ വോട്ട് ചെയ്യണ മെന്ന് അവർ നിഷ്ക്കർശിക്കുന്നു. ജനങ്ങളുടെ വികാരാവേശത്തെ ചൂഷണം ചെയ്യുക എന്നത് മാത്ര മാണ് മതത്തെ രാഷ്ട്രീയമായി ഉപയോഗിക്കുന്നതിലുള്ള ഏകകാരണം. മതബോധമുള്ള വരുടെ സഹതാപം അവർക്ക് ലഭിക്കുന്നു.

ജിന്നാസാഹിബ് (പാകിസ്താൻ സ്ഥാപകനായിരുന്ന മുഹമ്മദലി ജിന്ന) വിഭജനത്തിന് മുമ്പ് കോൺഗ്രസ് അംഗമായിരുന്നു. 1931ൽ ഖിലാഫത്ത് പ്രസ്ഥാന കാലത്ത് ഗാന്ധി (മഹാത്മാ ഗാന്ധി) മൗലാ നാ അബുൽ കലാം ആസാദിന്റെ പ്രസ്ഥാനത്തെ സഹാ യിച്ചു. എന്നാൽ ജിന്ന കോൺ ഗ്രസിൽ നിന്ന് രാജിവെക്കുകയാണ് ചെയ് തത്. ആ സമയത്ത്

ജിന്നാസാഹിബ് ഗാന്ധിജിക്ക് ഒരു കത്തെഴുതി. 'താങ്കൾ മതത്തെ രാഷ്ട്രീയത്തിൽ ഉപയോഗിക്കുകയാണ്.അത് രക്തചൊരിച്ചിൽ മാത്രമേ സൃഷ്ടിക്കുകയുള്ളൂ.' അദ്ദേഹം ഇത്രയും കൂടി എഴുതി 'ആ ഉപയോഗം ഹിന്ദുസ്ഥാനെ വിഭജിക്കും' (പാകി സ്താനും ഇന്ത്യയുമായുള്ള വിഭജ നത്തിന് മുമ്പ്). എന്നാൽ ദുഃഖകരമെന്ന് പറയട്ടെ ജിന്ന എന്തിനെ യാണോ എതിർത്തത് ഒരു ഘട്ടം വന്നപ്പോൾ അദ്ദേഹം അത് പ്രാവർത്തിക മാക്കി. അദ്ദേഹം മുസ്ലിം ലീഗ് രൂപീകരിച്ചു എന്തായിരുന്നു ഫലം? ഇന്ത്യയും പാകിസ്താ നുമായി വിഭജിക്കപ്പെട്ടു. രണ്ട് മതങ്ങളുടെ മാത്രം അടിസ്ഥാന ത്തിൽ ഈ രാജ്യങ്ങൾ സ്ഥാപിത മായി. ശരിയായിരുന്നോ അത് ? ഹിന്ദുസ്ഥാനിൽ ചുരുങ്ങിയത് 17 മതങ്ങൾ ഉണ്ടായിരുന്നു. ആ നിലയിൽ പതിനേഴ് ഭാഗങ്ങളായാണ് രാജ്യം വിഭജിക്കേണ്ടിയിരുന്നത് അല്ലേ? ഭയാനകമായ നടപടിയായിരുന്നില്ലേ അത്? അതെ, ആരാണ് മുസ്ലിം എന്നും ആരാണ് മുസ്ലിം അല്ലാത്തത് എന്നുമുള്ള അടിസ്ഥാനത്തിലായിരുന്നു ആ വിഭജനം. ഹിന്ദു, ബൗദ്ധർ, സിക്കുകാർ, പാർസികൾ അവരെ ല്ലാം ഹിന്ദുക്കളായിരുന്നുവോ? മതത്തെ ഉപയോഗിച്ച്തരം താഴ്ന്ന ഊഹത്തെ അടിസ്ഥാനമാക്കിയാണ് അത്തരം വിഭജനം ഉണ്ടായത്. നിശ്ചയമായും വളരെ വളരെ അപകട കമാണത്. യഥാർഥത്തിൽ ഇസ്ലാമിന്റെ ആ വിഭജനം ഇസ്ലാമിന്റെ തന്നെ തകർച്ചയിലേക്കാണ് നയിച്ചത്.

എല്ലാ മതാധിഷ്ഠിത രാഷ്ട്രീയ പാർട്ടികളും ഒന്ന് തന്നെയാണ്. മുസ്ലിം ലീഗിനെ നോക്കൂ. അവരുടെ വാദം നിങ്ങൾ ഒരു മുസ്ലിം ആണെങ്കിൽ നിങ്ങൾ മുസ്ലിം ലീഗിൽ ചേരണമെന്നാണ്. നിങ്ങൾ മുസ്ലിം ലീഗിൽ ചേരുന്നത് വരെ നിങ്ങൾ മുസ്ലിമല്ല എന്ന് അവർ അവകാശപ്പെടുന്നു എന്ന് തന്നെയല്ലേ അതി ന്റെ ആർഥം? അങ്ങനെയാണ് അവർ (മതാധിഷ്ഠിത രാഷ്ട്രീയ പാർട്ടികൾ) എല്ലായ്പ്പോയും ജനങ്ങളുടെ മത വികാരങ്ങളെ ചൂഷണം ചെയ്യുന്നത്. എന്നിട്ടും ജനങ്ങൾ അവരെ പിന്തുണക്കുന്നു. കാരണം അവരുടെ തെറ്റുകുറ്റങ്ങളെ ഒരാൾ ചൂണ്ടിക്കാണിക്കുമ്പോൾ അത് അവരെ (രാഷ്ട്രീയക്കാരെ ക്കുറിച്ചുള്ള) വിമർശനമായിട്ടല്ല മറിച്ച് അയാൾ വിമർശിക്കുന്നത് ഇസ്ലാമിനെയാണ് എന്നാണ് അവർ അവകാശ പ്പെടുന്നത്! ഏതെങ്കിലും മൗലവി (ഇസ്ലാമിക പുരോഹിതൻ) എപ്പോഴെങ്കിലും അവരുടെ തെറ്റുകുറ്റങ്ങൾ സമ്മതിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? മതത്തെ ഒരു പരിചയാക്കി അവർ ഉപയോഗിക്കുകയാണ്. അവരാണ് ഇപ്പോൾ തന്നെ നരകത്തിലെത്തിക്കഴിഞ്ഞവർ. അല്ലാതെ ഇസ്ലാമിന്റെ ദുരുപയോഗത്തെ വിമർശിക്കുന്നവരല്ല.

?. ഇസ്ലാം സമാധാനത്തിന്റെ മതമാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ജമാഅത്തിന്റെ ഭാഗഭാഗിത്വം പ്രത്യേകിച്ചും 1971 ൽ പാകിസ്താന്റെ അധിനിവേശസേന കാട്ടികൂട്ടിയ കൊടിയ ആക്രമങ്ങളിലെ പങ്കാളിത്തം കണക്കിലെടുക്കുന്നവർക്ക് ഇസ്ലാമും 1971 ലെ അക്രമണങ്ങളും തമ്മിലുള്ള ബന്ധത്തെ എങ്ങനെ വിലയിരുത്താൻ സാധിക്കും?

=1970 ലെ ദേശീയ തെരഞ്ഞെടുപ്പിൽ മതത്തെ ഉപയോഗിച്ചുകൊണ്ട് ജമാഅത്ത് പങ്കെടുത്തുവെങ്കിലും അവർക്ക് വിജയിക്കാൻ കഴിഞ്ഞില്ല. അതിന് ശേഷം അവരെ (പാകിസ്താൻ അധിനിവേശ സേന)ഉപയോഗിച്ചു വന്നു. പാകിസ്താൻ അധിനിവേശ സേന അൽ ബദർ, അശ്ശംസ് എന്നിവരുൾപ്പെടെയുള്ള സംഘടനകൾക്ക് രൂപം നൽകി. എന്റെ വീട്ടിൽ നടന്ന ഒരു യോഗത്തിൽ വെച്ച് ജനറൽ നിയാസി അവരോട് (ബംഗ്ലാദേശ് ജമാഅത്തെ ഈസ്ലാമി നേതാക്കളോട്) പറഞ്ഞു: ഞങ്ങൾ 'അൽ ബദർ, അശ്ശംസ് എന്നിവ രൂപീകരിച്ചു. ആയുധങ്ങളും പണവും പരിശീലനവും ഞങ്ങൾക്ക് നിങ്ങൾ സജ്ജീകരിച്ചു തന്നു. പിന്നെയെങ്ങനെയാണ് ഇവയെല്ലാം നിങ്ങളുടെ ഗ്രൂപ്പുകാരാണെന്ന് നിങ്ങൾ അവകാശപ്പെടുന്നത് '

അൽ ബദർ, അശ്ശംസ് സംഘടനകളുടെ ഇവിടുത്തെ ഇൻചാർജ് മൊരീയുർറഹ്മാൻ നിസാമി ആയിരുന്നു. അയാളുടെ മേധാവിയായിരുന്ന ഖുർറം ത്സാ മുറാദ് 15 ബംഗാളികളെ വരിവരിയായി നിർത്തി 303 തോക്ക് ശരിക്കും പ്രവർത്തിക്കുന്നുണ്ടോ എന്ന് പരീക്ഷിക്കാൻ മാത്രമായി ഖുർറം അവരിലേക്ക് വെടിയുതിർത്ത് അവരെ കൊന്നു കളഞ്ഞതായി ഒരു കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഭാരം ചുമക്കാൻ വാടകക്കെടുത്ത കഴുതകളെപോലെയായിരുന്നു ഇസ്ലാമിക ബോധമുള്ള ആളുകൾ പാകിസ്താനിൽ സൈന്യത്തിന് വേണ്ടി പ്രവർത്തിച്ചത്.

മുഴുവൻചരിത്രവും വ്യക്തമാവണമെങ്കിൽ നമുക്ക് ഒരൽപ്പം പിറകോട്ട് പോകേണ്ടി വരും. റൂസ്വെൽട്ട് ചർച്ചിലിനയച്ച കത്തുണ്ടായിരുന്നു, റൂസ്വെൽട്ട് ചർച്ചിലിനോട് പറഞ്ഞു: 'രണ്ടാം ലോക മഹായുദ്ധത്തിൽ നിങ്ങളെ പിന്തുണക്കാനാണ് നിങ്ങൾ ഞങ്ങളോട് പറയുന്നത്.ശരി, ഞങ്ങൾ അങ്ങനെ ചെയ്യാം പക്ഷേ ഇന്ത്യയെ ദുർബലമാക്കണം. അവിടെ രണ്ട് അധിനിവേശ സംസ്ഥാനങ്ങൾ (പട്ടാള സ്റ്റേറ്റുകൾ) സൃഷ്ടിക്കപ്പെടണം. 'അപ്പോൾ ഇക്കാര്യത്തിലുണ്ടായിരുന്ന സംഭാവനകൾ ആരുടേതായിരുന്നുവെന്ന് എളുപ്പത്തിൽ മനസ്സിലാവുമല്ലോ.

?. 1971 ലെ മനുഷ്യവിരുദ്ധ പാതകങ്ങൾക്കുത്തരവാദിയായവരെന്നാരോപിക്കപ്പെടുന്ന ആളുകളെയാണ് യുദ്ധക്കുറ്റ ട്രിബ്യൂണൽ വിചാരണ ചെയ്തു വരുന്നത്. അവരുടെ പട്ടിക പരിശോധിച്ചാൽ ശിക്ഷിക്കപ്പെട്ടിരുന്നവർ ഉൾപ്പെടെ മിക്ക പ്രതികളും ബംഗ്ലാദേശ് ജമാഅത്തെ ഇസ്ലാമിയിൽ പെട്ടവരാ

ണെന്ന് കാണാൻ കഴിയും. ഇത് സംബന്ധിച്ച് താങ്കളുടെ നിരീക്ഷണങ്ങളെന്താണ്?

= മനുഷ്യത്വത്തിനെതിരായ പാതകങ്ങൾ എവിടെയായാലും ആര് ചെയ്താലും അത് ചെയ്തവർ ശിക്ഷിക്കപ്പെടേണ്ടത് തന്നെയാണ്. അത്തരക്കാർ (മേൽപ്പറഞ്ഞവർ) അത്തരം കുറ്റകൃത്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ നിസ്സംശയമായും അവർ ശിക്ഷിക്കപ്പെടേണ്ടതാണ്. നാട്ടുകാർക്കും (ബംഗ്ലാദേശിലുള്ളവർ) സ്വാതന്ത്ര്യത്തിന് ശേഷം അത്തരക്കാർ രാഷ്ട്രീയത്തിൽ വരുന്നത് തടയാനുള്ള ബാദ്ധ്യതയുണ്ടായിരുന്നു. ഇവിടെ രാഷ്ട്രീയത്തിലേക്ക് തിരിച്ചു വരാൻ അവരെ ആരാണ് അനുവദിച്ചത്? ഷേഖ് സാഹിബ് മരണമടഞ്ഞ ശേഷം അധികാരത്തിൽ വന്ന കക്ഷി അവരെ ഉപയോഗപ്പെടുത്തുകയായിരുന്നു. ഖാലിദ് സിയ തിരഞ്ഞെടുപ്പ് നേരിടുമ്പോൾ ജമാഅത്ത് അവരുടെ പിന്നിലുണ്ടാവും. ജമാഅത്ത് എവിടെ നിൽക്കുന്നുവോ അവിടെ പണം പിന്തുടർന്നെത്തിയിരിക്കും അവർ അധികാരത്തിൽ വന്നാലുള്ള പ്രത്യാഘാതങ്ങൾ എനിക്കും നിങ്ങൾക്കും നന്നായറിയാം!

?.ജമാഅത്തിന്റെ ബംഗ്ലാദേശിലെയും പാകിസ്താനിലേയും പ്രവർത്തനങ്ങൾ നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ? അവ തമ്മിൽ വല്ല സമാനതകളും നിങ്ങൾ കണ്ടെത്തിയിട്ടുണ്ടോ?

=രണ്ട് രാജ്യങ്ങളിലേയും ഈ രണ്ട് പാർട്ടികളും ഒരാളുടെ ഇടത്തെകയ്യും വലത്തെകയ്യും പോലെയാണ്. ഈ രണ്ടിനെയും നിയന്ത്രിക്കുന്നത് പക്ഷേ ഒറ്റതലയാണ്. അല്ലാതെ രണ്ടിനെയും നിയന്ത്രിക്കാൻ വ്യത്യസ്ത ശിരസുകളില്ല. ഇന്ത്യയിലായാലും ഇവിടെയായാലും അവിടെയായാലും (പാകിസ്താൻ) ഇക്കാര്യത്തിൽ വ്യത്യാസമില്ല.

ജമാഅത്തിന്റെ പ്രവർത്തനങ്ങൾ ഉൾപ്പെടെ ബംഗ്ലാദേശിനെക്കുറിച്ചുള്ള വാർത്തകൾ പാകിസ്താൻ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വിവര സാങ്കേതിക മേഖലകളിലായി രണ്ട് രംഗങ്ങളിൽ പാർട്ടി അവിടെ സജീവ സാന്നിദ്ധ്യമായിരുന്നു. ഈ രണ്ട് മേഖലയുടെയും പൂർണനിയന്ത്രണമവർക്കുണ്ട്. അതിന്റെ ഫലം ബംഗ്ലാദേശ് സർക്കാരിനെതിരായ വാർത്തകൾ മിക്കപ്പോഴും പ്രസിദ്ധീകരിച്ചു വരുന്നു എന്നതാണ്. മതേതര ബംഗ്ലാദേശിൽ ഇസ്‌ലാമിക ബോധമുള്ള ആളുകൾ എങ്ങനെയാണ് ശിക്ഷിക്കപ്പെടുന്നത് എന്നാണ് അത്തരം മിക്ക റിപ്പോർട്ടുകളും പറയുന്നത്. ഇസ്‌ലാമിനെക്കുറിച്ച് പറയുന്നത് കൊണ്ടാണ് ആളുകൾ ശിക്ഷിക്കപ്പെടുന്നതെന്ന് അവർ അവകാശപ്പെടുന്നു.

?.യുദ്ധകുറ്റങ്ങളുടെ ട്രിബ്യൂണലിൽ ബംഗ്ലാദേശികളായ യുദ്ധക്കുറ്റവാളികളുടെ കുറ്റവിചാരണ മാത്രമാണ് ഇപ്പോൾ നടക്കുന്നത്. എന്നാൽ പാകിസ്താനിലേയോ ബംഗ്ലാദേശിലേയോ അതോ മറ്റേതെങ്കിലും അന്താരാഷ്ട്രാ കോടതികളിയിലേയോ പാകിസ്താൻ സേനയുൾപ്പെടെയുള്ള ബംഗ്ലാദേശികളല്ലാത്ത യുദ്ധകുറ്റവാളികളെകൂടിവിചാരണക്ക് വിധേയമാക്കപ്പെടുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

= ബംഗ്ലാദേശിൽ കുറ്റവിചാരണ ട്രിബ്യൂണൽ സ്ഥാപിതമാവുകയും അവിടെ നിന്നൊരു വിധിയുണ്ടാവുകയും ചെയ്തപ്പോൾ പാകിസ്താനിലെ ജമാഅത്തിന്റെ അമീർ സയ്യിദ് മുനവ്വർ ഹസൻ ഒരു പത്ര സമ്മേളനം നടത്തുകയുണ്ടായി. അദ്ദേഹം പാകിസ്താൻ അംബാസിഡറെ ഹസീനാ വാജിദിന്റെ (ഷേഖ് ഹസീന) അടുത്തേക്ക് ഇങ്ങനെ ചോദിക്കാൻ അയക്കാമോ എന്ന് പാകിസ്താൻ ഗവൺ മെന്റിനോട് ചോദിക്കുകയുണ്ടായി. അതായത് 'യുദ്ധക്കുറ്റവാളികളെ വിചാരണ ചെയ്യില്ലെന്ന് മുജീബുമായി ഞങ്ങൾക്ക് ഒരു കരാറുണ്ടായിരുന്നു. പിന്നെയെങ്ങനെയാണ് ആ കരാർ ലംഘിച്ചുകൊണ്ട് യുദ്ധകുറ്റവാളികളെ അവർ വിചാരണ ചെയ്യുന്നത്? എന്ന് ചോദിക്കാൻ 'ഇപ്പോൾ ഞാൻ അറിയാൻ ആഗ്രഹിക്കുന്നത് എന്ത് കരാറായിരുന്നു അത്? കുറ്റവാളികളെ വിചാരണ ചെയ്യാൻ നിങ്ങൾക്കാവില്ലെന്ന് നിശ്ചയിച്ച അങ്ങനെയൊരു കരാർ സത്യത്തിൽ ഉണ്ടായിരുന്നോ? നീതിക്കുവേണ്ടി യുള്ള ശിക്ഷ നിങ്ങൾ ഉറപ്പാക്കുന്നില്ലെന്നോ? വസ്തുതയെന്തെന്നാൽ സ്വാതന്ത്ര്യത്തിന് ശേഷം പാകിസ്താന് കൈമാറിയ 195 യുദ്ധക്കുറ്റവാളികളെ വേണമെങ്കിൽ വിചാരണ ചെയ്യാമെന്ന വിവേചനാധികാരാ വകാശം പാകിസ്താന് അനുവദിക്കുന്ന ഒരു കരാർ സത്യത്തിൽ ഉണ്ടായിരുന്നു. എന്നാൽ വിചാരണ എന്നെങ്കിലും നടന്നോ? അവസാനം വരെ ജനറൽ നിയാസി(1971 ൽ ബംഗ്ലാദേശിൽ നടന്ന അപരാധങ്ങളുടെ പേരിൽ കോർട്ട് മാർഷൽ നേരിടാൻ സ്വയം തയ്യാറായ പാകിസ്ഥാന്റെ ഈസ് റ്റേൺ കമാന്റ്) പറഞ്ഞു: 'ഉന്നതാധികാരങ്ങളിൽ നിന്നുള്ള ആജ്ഞകൾ അനുസരിക്കുന്ന ഒരു വെറും പട്ടാള ഉദ്യോഗസ്ഥൻ മാത്രമായിരുന്നു ഞാൻ. ആജ്ഞകൾ അനുസരിച്ചതിന്റെ പേരിൽ വിചാരണ നേരിടേണ്ടിവന്നുവെങ്കിൽ സായുധ സേനയുടെ ആവശ്യം തന്നെയില്ല.' പ്രസിഡന്റ് മുഷറഫിന് സമർപ്പിച്ച ഹമീദുർറഹ്മാൻ കമ്മീഷൻ രേഖയിലാണ് നിയാസി ഇത് പറഞ്ഞിട്ടുള്ളത്.

ലാഹോറിൽ പ്രിസിഡന്റ് മുഷറഫ് പങ്കെടുത്ത ഒരു സെമിനാർ നടന്നിരുന്നു. അവിടെയും നിയാസിയുടെ മകൾ ചൂണ്ടിക്കാട്ടിയതും ഒരു കാരണവുമില്ലാതെ അവരുടെ പിതാവ് ഉപദ്രവിക്കപ്പെടുന്നുവെന്നായിരുന്നു. (പെൻഷൻ സൗകര്യങ്ങൾ തടഞ്ഞുവെക്കുക സ്വത്തുവകകൾ കണ്ടുകെട്ടുകതുടങ്ങിയവ) ഹമീദുർ റഹ്മാൻ റിപ്പോർട്ടിൽ നിയാസിയെ ഉദ്ധരിക്കുന്നതിങ്ങനെയാണ്.'മാന്യരെ, കിഴക്കൻ പാകിസ്താനിൽ കീഴടങ്ങാതെ പശ്ചിമപാകിസ്താൻ ജയിക്കില്ല എന്ന് ഹസ്സൻ ജനറൽ ഹാമിദ് എന്നിവരിൽ നിന്ന് എനിക്ക് ടെലിഗ്രാം സന്ദേശം ലഭിച്ചി

ട്ടുണ്ടായിരുന്നു. ഇനി പറയൂ ഒരു കീഴുദ്യോഗസ്ഥൻ എന്ന നിലയിൽ എങ്ങനെയാണ് എനിക്ക് മുകളിൽ നിന്നുള്ള ആജ്ഞകൾ അനുസരിക്കാതിരിക്കാൻ കഴിയുക. എന്ന് പറഞ്ഞുതരൂ. 1971ൽ ഞാൻ സ്വന്തമായി തീരുമാനങ്ങളെടുക്കാതിരുന്നതിന് നിങ്ങൾ എന്നെ കുറ്റപ്പെടുത്തുന്നുവെങ്കിൽ സൈന്യത്തെ മുഴുവനായും പിരിച്ചുവിടുകയാണ് വേണ്ടത്. എന്ത് കാരണത്തിന്മേലാണ് എന്നെ ശിക്ഷിക്കുന്നത്?'

യുദ്ധത്തിൽ (1971 ലെ ബംഗ്ലാദേശ് വിമോചന യുദ്ധം)പങ്കെടുക്കാൻ ആഗ്രഹിക്കാത്തത് കൊണ്ട് പാകിസ്താൻ പാട്ടളത്തിൽ നിന്ന് രാജിവെച്ച ലെഫ്റ്റനന്റ് ജനറൽ, സാഹിബ് സാദാ യാഖൂബ് അലി ഖാൻ ഉൾപ്പെടെയുള്ളവരുണ്ട്. മേലധികാരികളുടെ ഉത്തരവുകൾ അനുസരിക്കാതിരുന്നതിന്റെ പേരിൽ അവരാരും ശിക്ഷിക്കപ്പെട്ടിട്ടില്ല. മാത്രമല്ല ഭൂട്ടോ സാഹിബ് (സുൽഫിക്കർ അലി ഭൂട്ടോ– 1973 ൽ പാകിസ്താൻ പ്രധാനമന്ത്രി)സാഹിബ് സാദായെ വിദേശകാര്യ മന്ത്രിയായി നിയമിക്കുകയായിരുന്നു. നിയാസിയുടെ വാദം വ്യക്തമായിരുന്നു. ആജ്ഞകൾ അനുസരിച്ചതിനാലാണ് താൻ കോർട്ട് മാർഷലിന് വിധേയമായത് എന്നതായിരുന്നു അത്. അദ്ദേഹം വ്യക്തതയോടെ ഒരു ന്യായം ഉന്നയിക്കുകയും ചെയ്തു. ഏത് ഘടനാസവിശേഷതകളെ അടിസ്ഥാനമാക്കിയാണ് അത്തരമൊരു കോർട്ട് മാർഷൽ നടന്നത് ? ഏത് വ്യാഖ്യാനമാണ് അതിന് അടിസ്ഥാനമായത്?

മതവികാരം ഉപയോഗിച്ച് നടത്തപ്പെട്ട ഇത്തരത്തിൽപെട്ട എല്ലാ അതിക്രമങ്ങളിലും പ്രധാനമായും അധികാരം കൈയാളിയത് ആരാണെന്ന് ആലോചിക്കാനും ഈ അധികാരശക്തികൾ പലപ്പോഴും മത ബോധമുള്ള ആളുകളെ വലയിലാക്കി ഉപയോഗിക്കുകയായിരുന്നു. അവർക്ക് അതിൽ നിന്ന് രക്ഷപ്പെടാനാവില്ല.സ്വാതന്ത്ര്യത്തിന് ശേഷം പാകിസ്താനിലേക്ക് പോയ അൽ ബദർ, അശ്ശംസ് അംഗങ്ങളുണ്ട്. അവർ ഇപ്പോൾ പാകിസ്താനിൽ എന്താണ് ചെയ്യുന്നത് ? അവിടെ അവർ ഭിക്ഷയെടുക്കുകയാണ്. അതായത് സത്യത്തിൽ അവരും അത്തരം രാഷ്ട്രീയത്തിന്റെ ഇരകളാണ്. വ്യക്തിയല്ല ഇവിടെ പ്രശ്നം. പകരം മതത്തെ ഉപയോഗിച്ച് ആളുകളെ വേട്ടയാടുന്ന സ്ഥാപനങ്ങളാണ് ഏറ്റവും വലിയ ഭീഷണി.

?. 1971 ലെ കൊടും ക്രൂരതയുടെ പേരിൽ ഒരു പക്ഷേ ജമാഅത്തും വിചാരണ നേരിടേണ്ടി വന്നേക്കും. താങ്കൾ അതെങ്ങനെ കാണുന്നു?

= ഞാൻ മനസ്സിലാക്കിയേടത്തോളം ഇവിടുത്തെ ജമാഅത്ത് 1971 ൽ അവർ ചെയ്തുകൂട്ടിയ കാര്യങ്ങളിൽ യാതൊരു വിധനാണക്കേടും പേറുന്നവരല്ല. പകരം അവർ അതിൽ അഭിമാനം കൊള്ളുകയാണ്. അവർ കരുതുന്നത് അവർ ചെയ്തത് ഇസ്‌ലാമിന് വേണ്ടിയുള്ള ശരിയാണെന്നാണ്. മതേതര രാഷ്ട്രമെന്ന ചിന്തക്ക് വിരുദ്ധമായ ഒരു ഇസ്‌ലാമിക രാഷ്ട്രമാണ് അവർക്ക് വേണ്ടത്. രാഷ്ട്രം ഒരു ഇസ്‌ലാമിക രാഷ്ട്രമാവണമെന്ന് അവർ പറയുന്നത്കൊണ്ട് മതബോധമുള്ള അവരുടെ അനുഭാവം അവർ നേടിയെടുക്കുന്നു. മതേതരം എന്ന വാക്കിനെ തന്നെ അവർ അസഭ്യമാക്കി കളഞ്ഞു.

ജമാഅത്തിന്റെ ഏറ്റവും വലിയ കുറ്റം അവർ സെക്കുലർ (മതനിരപേക്ഷം) എന്ന വാക്കിനെ മതവിരുദ്ധം (ലാദ്ദീൻ)എന്നാക്കി മാറ്റി എന്നതാണ്. അതേ സമയം മതനിരപേക്ഷതയുടെ അർഥം അതല്ല താനും. സ്വന്തം സ്വത്വം നഷ്ടപ്പെടാതെയും അന്യരുടെ വിശ്വാസത്തിന് ഭംഗംവരുത്താതെയും എന്ന അർഥത്തിലുള്ള ധാരണയും സമീപനവുമാണ് മതനിരപേക്ഷത. എന്നാൽ ജമാ അത്ത് പറഞ്ഞുകൊണ്ടിരിക്കുന്നത് അവർ ഇസ്‌ലാമിനെ സ്വീകരിക്കുന്നുവെന്നും അവരുടെ രാഷ്ട്രീയദർശനം പിന്തുടരാത്ത മറ്റുള്ളവരെ ഉന്മൂലനം ചെയ്യണമെന്നുമാണ്.

വധശിക്ഷ മനുഷ്യാവകാശങ്ങൾക്കെതിരെയുള്ളതാകയാൽ വിധികൊണ്ട് കാര്യമില്ലെന്ന് പറയുന്ന അമേരിക്കയെ മറക്കാം എന്നാൽ തങ്ങൾ അധികാരത്തിൽ വന്നാൽ നിങ്ങളെ ഉന്മൂലനം ചെയ്യുമെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നവർ നിങ്ങളുടെ രാജ്യത്തുണ്ട്. അവരെക്കുറിച്ച് ആലോചിക്കുക. അവരെ സംബന്ധിച്ചിടത്തോളം അവർക്കെതിരെ സംസാരിക്കുന്നവർ ഒന്നുകിൽ ഇന്ത്യാ ഏജന്റ് അല്ലെങ്കിൽ മതേതര വാദി അതുമല്ലെങ്കിൽ ഇസ്‌ലാം വിരുദ്ധർ ആണ്. ഖാലിദാ സിയായുടെ ഭർത്താവ് സിയാവുർറഹ്മാൻ വിമോചന സമരത്തിൽ പങ്കെടുത്തത് കൊണ്ട് ഖാലി ദാസിയാ ഈ ഭാഗത്ത് നിന്നതായിരിക്കണം. ഈ രാജ്യത്തിന്റെ ജനനത്തിന് എതിരുനിന്ന മറുപക്ഷത്തെ അവർക്ക് സ്വീകരിക്കാൻ കഴിയുമായിരുന്നില്ല.

?.പാകിസ്താൻ, ഇന്ത്യ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ മതമൗലിക വാദം ഇസ്‌ലാമിക തീവ്രവാദം എന്നിവ ഉയർത്തിക്കൊണ്ടുവരുന്നതിൽ ജമാഅത്തെ ഇസ്‌ലാമിയെ പോലെയുള്ള കക്ഷി പങ്കുവഹിച്ചതായി ആളുകൾ കരുതുന്നുണ്ടോ?

=ആത്യന്തികമായി അവരുടെ ഈ എല്ലാ പ്രവർത്തികളും ഒരു കാര്യത്തിലേക്കാണ് നയിക്കുന്നത് . അതെ അവർ വിജയകരമായി ഇസ്‌ലാമിനെ വിവാദവത്ക്കരിച്ചിരിക്കുന്നു. ആരാണ് കൂടുതൽ ഇസ്‌ലാമികമെന്നോ ആരാണ് കുറവെന്നോ വിധിയെഴുതാൻ ആർക്കും അവകാശമില്ല. ഇസ്‌ലാം തുലയട്ടെ (ഇസ്‌ലാം മൂർദാ ബാദ്) എന്ന മുദ്രാവാക്യം ഉയർന്നു കേട്ട ഒരു സാഹചര്യം, പാകിസ്താനിൽ പ്രത്യേകിച്ചും ഭൂട്ടോ സാഹിബിനെതിരായ ഒരു പ്രസ്ഥാനം എന്നതിലേക്കായിരുന്നു അവരുടെ പ്രവൃത്തിനയിച്ചിരുന്നത്. ഈ മതബോധാധിഷ്ഠിത രാഷ്ട്രീയത്തിന്റെ അനന്തരഫലമാണ്. അത്തര മൊരുസാഹചര്യം ഇസ്‌ലാമിനെ രാഷ്ട്രീയത്തിൽ ഉപയോഗിച്ചത് കൊണ്ട് മാത്രമാണ് നമുക്ക് 'ഇസ്‌ലാം

മൂർദാബാദ്' എന്ന മുദ്രാവാക്യം കേൾക്കേണ്ടിവന്നത്.

?.ഇസ്‌ലാമിക രാഷ്ട്രം, മതനിരപേക്ഷ രാഷ്ട്രം എന്നിവ സംബന്ധിച്ച് താങ്കളുടെ ചിന്താശകലങ്ങളെങ്ങനെയാണ്?

ഒരു രാഷ്ട്രത്തിന് ഇസ്‌ലാമിനെ പോലെയൊരു മതമുണ്ടാകുകയും പാകിസ്താനെ പോലെ ഇസ്‌ലാമിനെ അധാരമാക്കിയാണ് ആ രാഷ്ട്രം രൂപീകരിച്ചത് എന്ന് പറയുകയുംചെയ്യുന്ന പക്ഷം ആ രാഷ്ട്രത്തെ ഏറ്റെടുക്കാനുള്ള ഏകമാത്ര അവകാശം താലിബാന് തന്നെയാണ്. ഒരു രാഷ്ട്രത്തിന് ഒരു മതവും ഉണ്ടാവാൻ പാടില്ല. മതം ജനങ്ങൾക്ക് വേണ്ടിയുള്ളതാണ് തിരിച്ചല്ല. മതം ഒരാളെ കൂടുതൽ നല്ലവനാക്കുന്നു. വിവിധ മതങ്ങളുൾപ്പെടെ എല്ലാ വിഭാഗത്തിലും പെട്ട ജനങ്ങൾക്ക് രാഷ്ട്രമെന്ന മേൽ കൂരക്ക് കീഴിൽ കഴിയാനാകണം. ഒരു പ്രത്യേക മതത്തെ പുണരുന്ന രാഷ് ട്ര ം തീർച്ചയായും തീർച്ചയായും അസ്വാസ്ഥ്യ ജനകമാണ്. ഒരു രാജ്യത്തിന് ഒരു ജനാധിപത്യം പ്രാവർത്തികമാക്കണമെന്നുണ്ടെങ്കിൽ ആ രാജ്യത്തിന് ഒരു മതമുണ്ടായിരിക്കരുത്. ജനാധിപത്യം എല്ലായ്പ്പോഴും മതനിരപേക്ഷമാണ്. മതനിരപേക്ഷത കൂടാതെ ഒരാൾ ക്കും ജനാധിപത്യം നടപ്പാ ക്കുന്നു എന്ന് അവകാശപ്പെടാൻ കഴിയില്ല. ഒരു മനുഷ്യൻ 'ഒരു ലോകം (One man, One world) എന്നാൽ എല്ലാവരും തുല്യരാണ് എന്നാണ്അർഥം. അതായത് മതവിധേയത്വങ്ങൾക്ക് അപ്പുറത്താണ് എല്ലാവരും സമന്മാരെന്ന് സാരം' ആരാണ് മുസ്‌ലിം ആരാണ് മുസ്‌ലിമല്ലാത്തത് എന്ന ചോദ്യത്തിന് അർഥമില്ല. ഒരു രാഷ്ട്രം ഒരു മതം സ്വീകരിക്കുമ്പോൾ ജനാധിപത്യമല്ല മറ്റെന്തോ ആണ് ആ രാജ്യം നടപ്പിലാക്കുന്നത്.

?. പക്ഷേ ഇസ്‌ലാം എന്നാൽ രാഷ്ട്രീയ സർവസ്വമാണ് എന്ന് ഇസ്‌ലാമിക രാഷ്ട്രീയപാർട്ടികളുടെ വാദമുഖങ്ങളുമുണ്ടല്ലോ?

=(ചിരിച്ചു കൊണ്ട്) ഇസ്‌ലാം തന്നെ രാഷ്ട്രീയമാണെങ്കിൽ അതിന് വോട്ടു ചെയ്യാത്തവരെല്ലാം അവിശ്വാസികളാണല്ലോ.

?. താങ്കളുടെ പിതാവ് ജമാഅത്ത് സ്ഥാപകൻ എന്ന നില യിൽ ബംഗ്ലാദേശിലെ ജമാഅത്തി ന്റെയും സ്ഥാപകനായി എന്നും നിലനിൽക്കും. അദ്ദേഹ ത്തിന്റെ മകൻ എന്ന നിലക്ക് നിലയിൽ ജമാഅത്തിനോട് താങ്കൾക്ക് വല്ല ഉപദേശവുമുണ്ടോ?

=(വീണ്ടും ചിരിച്ചു കൊണ്ട്) ഉപദേശം സ്വീകരിക്കുന്നതിൽ നിന്ന് വളരെ ഉയരത്തിലാണവർ. അവർക്ക് വല്ല ഉപദേശവും ആവശ്യമുണ്ടെന്ന് ഞാൻ കരുതുന്നില്ല.


MTA INTERNATIONAL

Reaching the corners of the Earth



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

**ജുമുഅ ഖുത്വ്ബ**

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.

**www.mta.tv**

# വിവാഹ സമയത്ത് ഹദ്റത്ത് ആയിശ സിദ്ദീഖ (റ) യുടെ പ്രായം

ആയിശ (റ) ന്റെ വിവാഹപ്രായത്തെക്കുറിച്ച് നിലനിൽക്കുന്ന ആശയക്കുഴപ്പത്തിന് ചരിത്രപരമായ തെളിവുകളുടെ അടിസ്ഥാനത്തിലുള്ള ഒരു പരിശോധന

(ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ)

**ഹ**ദ്റത്ത് ഖദീജ (റ) ന്റെ വഫാത്തിന് ശേഷം നബി തിരുമേനി (സ) യുടെ വിവാഹം ഹദ്റത്ത് ആയിശ സിദ്ദീഖ (റ) യുമായി നടന്നു. പ്രവാചക വാദത്തിന്റെ 10-ാം വർഷത്തിലെ ശവ്വാൽ മാസത്തിലായിരുന്നു ഈ നിക്കാഹ്. അന്നേരം ഹദ്റത്ത് ആയിശ (റ) യുടെ പ്രായം 7 വയസ്സായിരുന്നു. എന്നാൽ അവരുടെ ശാരീരിക വളർച്ച അസാധാരണ നിലയിലായിരുന്നു എന്നാണ് മനസ്സിലാകുന്നത്. അല്ലെങ്കിൽ പ്രസ്തുത നിക്കാഹിനായി പ്രേരിപ്പിച്ച ഖൗല ബിൻത് ഹക്കീമിന്റെ ചിന്ത ഒരിക്കലും അവരിലേക്ക് തിരിയില്ലായിരുന്നു. എന്നിരുന്നാലും അവർക്കപ്പോൾ പ്രായപൂർത്തി ആയിരുന്നില്ല. അതിനാൽ അന്നേരം നിക്കാഹ് കഴിഞ്ഞുവെങ്കിലും വീടുകൂടൽ നടന്നില്ല. അവർ സാധാരണ നിലയിൽ തന്നെ തന്റെ മാതാപിതാക്കളുടെ കൂടെ കഴിയുകയാണ് ചെയ്തത്.

പിന്നീട് ഹിജ്റത്തിന്റെ രണ്ടാം വർഷം അതായത് നിക്കാഹിന് അഞ്ചു വർഷങ്ങൾക്കു ശേഷം അവരുടെ പ്രായം 12 വയസ്സായപ്പോൾ അവർ പ്രായപൂർത്തിയാകുകയും അതിനാൽ സ്വയം ഹദ്റത്ത് അബൂബക്കർ (റ) നബി (സ)യുടെ സവിധത്തിൽ ഹാജറായി കൊണ്ട് ഹദ്റത്ത് ആയിശ (റ) യെ കൂട്ടികൊണ്ട് പോകുന്നതിനായി അപേക്ഷിച്ചു. അങ്ങനെ നബി (സ) മഹർ തയ്യാറാക്കുകയും ഹിജ്രി രണ്ടാം വർഷം ശവ്വാൽ മാസത്തിൽ ഹദ്റത്ത് ആയിശ (റ)തന്റെ മാതാപിതാക്കളുടെ വീട്ടിൽ നിന്നും വിടവാങ്ങി നബി (സ) തിരുമേനിയുടെ ദാമ്പത്യജീവിതത്തിൽ പ്രവേശിച്ചു.

വീട്ടിൽ നിന്നും വിടവാങ്ങിയ സമയത്ത് ഹദ്റത്ത് ആയിശ (റ) യുടെ പ്രായം എത്രയായിരുന്നു എന്നത് ഇക്കാലഘട്ടത്തിൽ ഒരു ഭിന്നിപ്പുള്ള ചോദ്യമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. സാധാരണ ചരിത്ര ഗ്രന്ഥങ്ങളിലും ഹദീസ് ഗ്രന്ഥങ്ങളിലും ഹദ്റത്ത് ആയിശ (റ)യുടെ പ്രായം 9 അല്ലെങ്കിൽ 10 വയസ്സായിട്ടാണ് രേഖപ്പെട്ടു കിടക്കുന്നത്. സഹീഹ് ബുഖാരിയിൽ ഹദ്റത്ത് ആയിശ (റ) വിവാഹ സമയത്ത് തന്റെ വയസ്സ് 9 ആയിരുന്നു എന്ന് പറഞ്ഞിട്ടുമുണ്ട്. അക്കാരണത്താലാണ് എല്ലാ ചരിത്രകാരന്മാരും 9 വയസായിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അതിന് വിരുദ്ധമായി ചില അന്വേഷകർ വിവിധ തെളിവുകൾ ഉദ്ധരിച്ചുകൊണ്ട് 14 വയസായിരുന്നു എന്നും 16 വയസായിരുന്നു എന്നും തെളിയിക്കുവാനായി ശ്രമിച്ചിട്ടുണ്ട്. എന്നാൽ നമുക്ക് ഈ അന്വേഷകരുടെ അഭിപ്രായത്തോട് യോജിപ്പില്ല. എന്നാൽ അവസ്ഥകൾ പരിശോദിക്കുമ്പോൾ 9 വയസായിരുന്നു എന്നുള്ളതും ശരിയായി തോന്നുന്നില്ല. മറിച്ച് മേലുദ്ധരിച്ചതു പോലെ വിടവാങ്ങുന്ന അവസരത്തിൽ ഹദ്റത്ത് ആയിശ (റ) 12 വയസ്സ് പൂർത്തിയാക്കുകയോ അല്ലെങ്കിൽ അതിനടുത്തായിരുന്നു എന്നാണ് തെളിയുന്നത്. യഥാർഥത്തിൽ മുൻകടന്നവർക്ക് ഇക്കാര്യത്തിൽ തെറ്റുപറ്റാൻ കാരണം അവർ സഹീഹ് ഹദീസിൽ വന്നിട്ടുള്ള ഹദ്റത്ത് ആയിശയുടെ തന്റെ പ്രായത്തെ സംബന്ധിച്ചുള്ള അനുമാനത്തെ കൃത്യമായതും ശരിയായതുമാണെന്ന് കരുതി മറ്റൊന്നിലേക്കും ശ്രദ്ധിച്ചില്ല എന്നതാണ്. എന്നാൽ നിവേദനം ശരിയാകുക എന്നതും അനുമാനം ശരിയാകുക എന്നതും രണ്ടും രണ്ടാണെന്ന് ബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അതായത് ഹദ്റത്ത് ആയിശ (റ) യുടെ വിവാഹസമയത്തുള്ള തന്റെ പ്രായത്തെ കുറിച്ചുള്ള അനുമാനം രേഖപ്പെട്ടു കിടക്കുന്ന സഹീഹ് ഹദീസിലെ നിവേദനങ്ങൾ രിവായത്തുകളുടെ അടിസ്ഥാനത്തിൽ ശരിയായിരിക്കും. എന്നാൽ തന്റെ പ്രായത്തെ സംബന്ധിച്ചുള്ള ഹദ്റത്ത് ആയിശ (റ)യുടെ അനുമാനം തെറ്റാകാം. ചിലപ്പോൾ ആളുകളുടെ സ്വന്തം പ്രായത്തെ സംബന്ധിച്ചുള്ള അനുമാനം തെറ്റാറുള്ളതു പോലെ.

എന്നാൽ ഇതിന് വിപരീതമായി 9 വയസായിരുന്നു എന്നുള്ള ചിന്തയെ തെറ്റായി കരുതി സ്വതന്ത്രമായി അന്വേഷിക്കാൻ ശ്രമിച്ചവർ അന്വേഷണത്തിന്റെ ശരിയായ മാർഗം ഉപേക്ഷിച്ചു കൊണ്ട് ഹൃദയത്തിന് സംതൃപ്തി നൽകാത്ത കുഴഞ്ഞുമറിഞ്ഞ മാർഗമാണ് സ്വീകരിച്ചത്. ഹദ്റത്ത് ആയിശ (റ) യുടെ ജനന കാലവും അതോടൊപ്പം വിടവാങ്ങിയ കാലവും മനസ്സിലാക്കുന്നതാണ് അവരുടെ പ്രായം കണക്കാക്കാൻ ഏറ്റവും പ്രബലവും എളുപ്പവുമായ മാർഗമെന്നതിൽ ബുദ്ധിമാനായ എല്ലാവരും യോജിക്കുന്നതാണ്. കാരണം പ്രസ്തുത രണ്ട് കാലങ്ങളും വ്യക്തമായാൽ വിടവാങ്ങുന്ന സമയത്ത് ഹദ്റത്ത് ആയിശ

(റ) യുടെ പ്രായം എത്രയായിരുന്നു എന്നതിൽ യാതൊരു സന്ദേഹത്തിനും സംശയത്തിനും ഇടമുണ്ടാകില്ല.

ആദ്യം നമുക്ക് ജനനത്തെയെടുക്കാം. ഇബ്നു സഅദ് ത്വബ്ഖാതിൽ ഒരു രിവായത്ത് രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ ഹദ്റത്ത് ആയിശ പ്രവാചകവാദത്തിന്റെ 4-ാം വർഷാരംഭത്തിലാണ് ജനിച്ചത് എന്നാണ് പറയുന്നത്. ഹദ്റത്ത് ആയിശ (റ) യുടെ ജനന കാലത്തെ സംബന്ധിച്ച് ഇതല്ലാതെ മറ്റൊരു വ്യക്തമായ രിവായത്തും ആരംഭകാല ചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങളിൽ എനിക്ക് കാണാൻ സാധിച്ചിട്ടില്ല. ഹദീസിന്റെ ഗ്രന്ഥങ്ങളിലും തൽസംബന്ധമായി ഒരു രിവായത്തും തന്നെയില്ല. അതിനാൽ ജനന കാലം പ്രാവചക വാദത്തിന്റെ 4 -ാം വർഷാരംഭത്തിലായിരുന്നു എന്നത് വളരെ എളുപ്പത്തിൽ നിർണയിക്കാൻ സാധിക്കുന്നതാണ്.

ഇനി നമുക്ക് വിടവാങ്ങിയ കാലത്തെ കുറിച്ച് നോക്കാം. ഇതിനെ സംബന്ധിച്ചുള്ള നിവേദനങ്ങളിൽ ഭിന്നതയുണ്ട്. ചില നിവേദനങ്ങളിൽ പറഞ്ഞിരിക്കുന്ന കാലം ഹിജ്റ ഒന്നാം വർഷം ശവ്വാൽ മാസമാണെന്നാണ്. ചിലതിൽ ഹിജ്റ രണ്ടാം വർഷം ശവ്വാൽ മാസമെന്നും. എന്നാൽ ചിന്തിക്കുമ്പോൾ രണ്ടാമത് പരാമർശിച്ച നിവേദനമാണ് കൂടുതൽ പ്രാമാണികമായി തോന്നുക. ഹിജ്റ ഒന്നാം വർഷം ശവ്വാൽ മാസം എന്ന നിവേദനത്തിന്റെ യഥാർഥ ഉറവിടം ഇബ്നു സഅദ് ആകുന്നു. അദ്ദേഹം നിവേദനങ്ങളുടെ ഒരു ശൃംഖലയിലൂടെ ഈ രിവായത്തിനെ ഹദ്റത്ത് ആയിശ (റ) യിലേക്കെത്തിച്ചിരിക്കുന്നു. ഭൂരിഭാഗം ചരിത്രകാരന്മാരും ഇബ്നു സഅദിന്റെ നിവേദനത്തെ അടിസ്ഥാനമാക്കിയാണ് ഹിജ്റ ഒന്നാം വർഷം ശവ്വാൽ മാസമാണ് വിടവാങ്ങൽ നടന്നത് എന്ന് നിർണയിച്ചിരിക്കുന്നത്. ഇബ്നു സഅദ് വിശ്വാസ യോഗ്യനാണെങ്കിലും പ്രസ്തുത നിവേദനത്തിൽ അദ്ദേഹത്തിന്റെ നിവേദകരിൽ ഒരു നിവേദകൻ വാഖ്ദിയാകുന്നു. അയാൾ വിശ്വാസയോഗ്യനല്ലെന്നും കളവ് പറയുന്ന ആളാണെന്നും ഉള്ളതിൽ അന്വേഷകർ ഭൂരിഭാഗവും ഏകാഭിപ്രായക്കാരാണ്. മറ്റ് നിവേദനങ്ങൾക്ക് വിരുദ്ധമാണെന്നതിനാൽ വാഖ്ദിയുടെ രിവായത്തുണ്ടെന്ന കാരണത്താൽ ഒരു ചരിത്ര സംഭവത്തിന്റെ അടിസ്ഥാനമായി പ്രസ്തുത രിവായത്തിനെ കണക്കാക്കുക സാധ്യമല്ല.

അതിന് വിരുദ്ധമായി അല്ലാമ നൂദീ, അല്ലാമ ഐനീ, ഖസ്തലാനീ തുടങ്ങിയ മറ്റ് ചില അന്വേഷകർ ശവ്വാൽ രണ്ടാം ഹിജ്റിക്കാണ് പ്രാഥമികത നൽകിയിരുന്നത്. അല്ലാമ നൂദീ വളരെ വ്യക്തമായും ശക്തമായും ശവ്വാൽ ഹിജ്റി ഒന്നാം വർഷം എന്നുള്ള ഹദീസിനെ ദുർബലവും വിശ്വാസയോഗ്യമല്ലാത്തതും എന്നാണ് വിധിച്ചിരിക്കുന്നത്.

ചുരുക്കത്തിൽ ചരിത്രകാരന്മാർ പൊതുവായി ശവ്വാൽ ഒന്നാം ഹിജ്റി എന്ന രിവായത്തിനെയാണ് പിൻതുടരുന്നത് എന്നത് ഒരു പ്രബലമായ അഭിപ്രായത്തെ നിഷേധിക്കുന്നതിന് കാരണമാകേണ്ടതില്ല. യഥാർഥത്തിൽ ചരിത്രകാരന്മാർ വാഖ്ദിയുടെ രിവായത്തിനെ പിൻപറ്റാൻ കാരണം അത് സഹീഹ് ഹദീസിൽ രേഖപ്പെട്ടു കിടക്കുന്ന 9 വയസ്സെന്നുള്ള അനുമാനവുമായി യോജിക്കുന്നു എന്ന കാരണത്താലാണ്. അതിനാലാണ് സർഖാനിയെ പോലെയുള്ള അന്വേഷകർ ശവ്വാൽ രണ്ടാം ഹിജ്റി എന്ന ഹദീസിനെ സ്വീകാര്യമല്ലാത്തതായി പറയുന്നത്. കാരണം അതിനെ ശരിയായി അംഗീകരിച്ചാൽ പ്രായം 9 ൽ കൂടുതലാകും. എന്നാൽ വയസ്സും തൽസംബന്ധമായ രിവായത്തും ചർച്ച ചെയ്യപ്പെടുമ്പോൾ ഏതെങ്കിലും പ്രത്യേക ഹദീസിനെ ശരിയായയതായി നിർണയിക്കുക ഉചിതമല്ല. 9 വയസ്സായിരുന്നു എന്നുള്ള അനുമാനത്തെ തെറ്റായി മനസ്സിലാക്കുന്നത് കൊണ്ട് 9 വയസ്സായിരുന്നു എന്നുള്ള രിവായത്ത് തന്നെ തെറ്റാണെന്ന അർഥമില്ല. എന്നാൽ അദ്ഭുതമെന്ന് പറയട്ടെ അല്ലാമ സർഖാനി മറ്റൊരു സ്ഥലത്ത് ശവ്വാൽ 2 ഹിജ്റി എന്നുള്ള ഹദീസിന് മുൻഗണന നൽകിയിട്ടുമുണ്ട്. ചുരുക്കത്തിൽ ശവ്വാൽ രണ്ടാം ഹിജ്റി എന്ന ഹദീസിനെ അപേക്ഷിച്ച് ശവ്വാൽ ഒന്നാം ഹിജ്റി എന്ന ഹദീസ് വിശ്വാസയോഗ്യമായി തോന്നുന്നില്ല. ഹദ്റത്ത് ആയിശ (റ) യുടെ വിവാഹം ശവ്വാൽ രണ്ടാം ഹിജ്റിയിലാണ് നടന്നത് എന്ന് തന്നെയാണ് യഥാർഥമായി മനസിലാകുന്നത്.

ഇനി ജനനകാലവും വിടവാങ്ങൽ കാലവും നിർണിതമായിക്കഴിഞ്ഞതിനാൽ പ്രായം കണക്കാക്കുക പ്രയാസമുള്ള കാര്യമല്ല. മറിച്ച് ഒരു ചെറിയ കുട്ടിക്ക് പോലും ചെയ്യാൻ സാധിക്കുന്ന എളുപ്പമുള്ള ഒരു കണക്കായി മാറിയിരിക്കുന്നു. ഹദ്റത്ത് ആയിശ (റ) നുബുവ്വത്ത് വാദത്തിന്റെ 4 -ാം വർഷാരംഭത്തിൽ ജനിച്ചു. നുബുവ്വത്ത് വാദത്തിന്റെ 14-ാം വർഷം റബീഉൽ അവ്വൽ മാസത്തിലാണ് നബി (സ) തിരുമേനി ഹിജ്റത്ത് ചെയ്ത്. അങ്ങനെ ഹിജ്റത്ത് സമയത്തുള്ള ഹദ്റത്ത് ആയിശ (റ) യുടെ പ്രായം ഏകദേശം 10 വയസ്സും 6 മാസവുമാകുന്നു. ഹിജ്റത്ത് നടന്ന ഹിജ്റ ഒന്നാം വർഷം റബീഉൽ അവ്വൽ മുതൽ ഹദ്റത് ആയിശ (റ) യെ കൂട്ടിക്കൊണ്ടു പോയ ശവ്വാൽ ഹിജ്റി 2 വരെയുള്ള കാലം 2 വർഷവും ഏതാനും മാസവുമാകുന്നു. ഇനി ഈ രണ്ട് കാലത്തേയും യോജിപ്പിക്കുകയാണെങ്കിൽ നാം ആരംഭത്തിൽ പറഞ്ഞ 12 വർഷം തന്നെയാണ് ലഭിക്കുക. ഇനി അഥവാ ഇബ്നു സഅദിന്റെ നിവേദനം അനുസരിച്ച് ഹിജ്റ ഒന്നാം വർഷം തന്നെയാണ് കൂട്ടിക്കൊണ്ട് പോയതെങ്കിൽ തന്നെയും 11 വർഷം ലഭിക്കുന്നു. 9 ഓ 10 ഓ വയസ്സല്ല. ഇത് കണക്കു കൂട്ടിയെടുത്തതാണ്. ഇതിനെതിരിൽ അനുമാനം സ്വീകാര്യയോഗ്യമല്ല.

(സീറത്ത് ഖാത്തമുന്നബിയ്യീൻ (സ), വിവ. മൗലവി അബ്ദുൽ മുജീബ്)

# കൂഫയിലെ ഇമാറത്തും ഖിലാഫത്തിനോടുള്ള അനുസരണവും

മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന് ശാമിലെ വിജയങ്ങളിൽ പങ്കെടുക്കാനുള്ള ഭാഗ്യം സിദ്ധിച്ചു. പിന്നീട് ഹുമുസിലാണ് അദ്ദേഹം താമസിച്ചത്. ഹദ്റത്ത് ഉമർ(റ)അവിടെനിന്ന് വിളിപ്പിച്ച് കൂഫക്കാരുടെ വിദ്യാഭ്യാസത്തിനും ശിക്ഷണത്തിനുംവേണ്ടിയുള്ള അധ്യാപകനായിട്ട് അദ്ദേഹത്തെ നിയോഗിച്ചു. അക്കാലത്ത് കൂഫയുടെ അമീർ ഹദ്റത്ത് അമ്മാർ ബിൻ യാസിർ ആയിരുന്നു.

ഹദ്റത്ത് ഉമർ(റ)കൂഫാവാസികൾക്കെഴുതി. 'മറ്റാരും ആരാധ്യനായിട്ടില്ലാത്ത ആ അല്ലാഹുവാണ! ഞാൻ സ്വന്തം ത്യാഗം ചെയ്തിട്ടാണ് അബ്ദുല്ലാഹിബ്നു മസ്ഊദിനെ കൂഫക്കാരുടെ വിദ്യാഭ്യാസത്തിനും ശിക്ഷണത്തിനുമായി അയച്ചിട്ടുള്ളത്. ഇസ്ലാമിന്റെ കേന്ദ്രമായ മദീനയിൽ ഇത്തരം മതപണ്ഡിതന്മാരെ കൂടുതൽ ആവശ്യമുണ്ട്. അതുകൊണ്ട് നിങ്ങൾ അദ്ദേഹത്തിൽനിന്ന് നല്ലവണ്ണം അറിവ് സമ്പാദിക്കുക.

പിന്നീടു ഹദ്റത്ത് ഉഥ്മാൻ (റ) അദ്ദേഹത്തെ കൂഫയിലെ അമീറായി നിയമിച്ചു. നിയമവകുപ്പിന്റേയും ഖജനാവിന്റേയും അധികാരവും അദ്ദേഹത്തിനു നല്കി. അതിനുശേഷം ചിലഗുണങ്ങൾ മുന്നിൽ കണ്ട് ഹദ്റത്ത് ഉസ്മാൻ (റ) അമീർ സ്ഥാനത്തുനിന്ന് അദ്ദേഹത്തെ നീക്കി മദീനയിലേക്ക് മടക്കിവിളിച്ചു. അദ്ദേഹം മടങ്ങിപ്പോകുന്നത് കൂഫക്കാർ ഇഷ്ടപ്പെട്ടിരുന്നില്ല. അവിടെത്തന്നെ താമസിക്കണമെന്ന് അവർ പറഞ്ഞു. അങ്ങയുടെ ഒരു മുടിയെപ്പോലും ആർക്കും തൊടാൻപറ്റാതെ നോക്കേണ്ടത് തങ്ങളുടെ കടമയാണെന്ന് അവർ അറിയിച്ചു. അതുകേട്ട് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറഞ്ഞു, 'കാലത്തിന്റെ ഖലീഫയായ ഹദ്റത്ത് ഉഥ്മാനെ അനുസരിക്കേണ്ടത് എന്റെ ബാധ്യതയാണ്. അദ്ദേഹത്തെ അനുസരിക്കാതെ കലഹത്തിന്റെ വാതിൽ തുറക്കുന്നത് എനിക്കു അസഹ്യമാണ്. അങ്ങനെ കാലത്തിന്റെ ഖലീഫയെ പരിപൂർണമായും അനുസരിച്ചുകൊണ്ട് അദ്ദേഹം മദീനയിൽ മടങ്ങിയെത്തി.

**പരലോകചിന്ത**

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) മദീനയിൽ വന്നതിനുശേഷം ഒരിക്കൽ സുഖമില്ലാതെയായി. പെട്ടെന്ന് അദ്ദേഹത്തിൽ പരിഭ്രമം പ്രകടമായി. ഒരു അസുഖത്തിലും അങ്ങനെയൊരു അവസ്ഥ അദ്ദേഹത്തിൽ ഉണ്ടായിട്ടുള്ളതായി തങ്ങൾ കണ്ടിട്ടില്ലെന്ന് സ്വഹാബത്ത് പറഞ്ഞു. അദ്ദേഹം പറഞ്ഞു, 'ഈ രോഗം എന്നെ പെട്ടെന്ന് അമർത്തിക്കളഞ്ഞു. പരലോക യാത്രയ്ക്ക് തയ്യാറെടുത്തിട്ടുള്ളവനായി ഞാനിപ്പോൾ എന്നെ കാണുന്നില്ല. അതുകൊണ്ടാണ് ഞാൻ വിഷമിക്കുന്നത്.'

**സമ്പത്തിൽ ലാളിത്യം**

അവസാന കാലത്ത് ദൈവകൃപയാൽ അദ്ദേഹത്തിന്റെ സാമ്പത്തിക നില വളരെ മെച്ചപ്പെട്ടു. കിട്ടിക്കൊണ്ടിരുന്ന സ്റ്റൈപ്പന്റ് അദ്ദേഹം വേണ്ടെന്ന് പറഞ്ഞു. വയസ്സുകാലത്ത് അദ്ദേഹത്തിന്റെ സ്വത്ത് തൊണ്ണൂറായിരം ദിർഹമായിരുന്നു. എങ്കിലും അദ്ദേഹം തന്റെ മയ്യിത്ത് പൊതിയാനുള്ള തുണിയെ സംബന്ധിച്ച് ഇങ്ങനെ വസ്വിയ്യത്ത് ചെയ്തു: 'തുണി വളരെ ലളിതമായിരിക്കണം. മുന്തിയതാകരുത്.' അതുപോലെതന്നെ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു: 'ഉഥ്മാൻ ബിൻ മള്ഊന്റെ അടുത്ത് എന്നെ ഖബ്റടക്കണം.' ആരംഭകാലത്ത് ഇസ്ലാമിൽ ചേരുകയും ത്യാഗങ്ങൾ വരിക്കുകയും യുവത്വത്തിൽതന്നെ അല്ലാഹുവിന് പ്രിയപ്പെട്ടവനായിത്തീരുകയും ചെയ്ത വ്യക്തിയായിരുന്നു ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ (റ)

**അന്ത്യയാത്രയും വസ്വിയ്യത്തും:**

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) വഫാത്താകുന്നതിന് കുറച്ചു ദിവസംമുമ്പേ ഒരാൾ മദീനയിൽവന്നിട്ട് താൻ കണ്ട ഒരു സ്വപ്നം അദ്ദേഹത്തെ കേൾപ്പിച്ചു. 'നബി(സ)തിരുമേനി ഉയർന്ന പീഠത്തിൽ ഇരിക്കുകയാണ്. താഴെ ഇരുന്ന അങ്ങയോടു നബി(സ)പറഞ്ഞു, 'എന്റെ കാലശേഷം താങ്കൾക്ക് പലവിധ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടെങ്കിലും താങ്കൾ ഇനി എന്റെയടുത്ത് വരിക.' ആഗതന്റെ സ്വപ്ന വിവരം കേട്ട് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ചോദിച്ചു: 'അല്ലാഹു സാക്ഷി. താങ്കൾ ഇപ്രകാരം സ്വപ്നം കണ്ടുവോ?' അദ്ദേഹം തന്റെ സ്വപ്നം താൻ കണ്ടതാണെന്ന് പറഞ്ഞപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറഞ്ഞു, 'ഇനി എന്റെ മയ്യിത്ത് നമസ്കരിക്കാതെ താങ്കൾ ഇവിടെനിന്ന് പോക

രുത്.' കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം വഫാത്താകുകയും ചെയ്തു. ഈ സംഭവം ഹിജ്റ 32 ലാണ് നടന്നത്. അന്ന് അദ്ദേഹത്തിന്റെ പ്രായം 60 ൽ അല്പം കൂടുതലായിരുന്നു. ഹദ്റത്ത് ഉഥ്മാൻ(റ) അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. ജന്നത്തുൽബഖീഇൽ ഖബ്റടക്കി.

തന്റെ അടിമകളോട് നന്മ കാണിക്കണമെന്ന് അദ്ദേഹം അവസാനം ചെയ്ത വസ്വിയ്യത്തിലും നിർദേശിച്ചിരുന്നു. നിസ്സാര തുകയായ 500 ദിർഹമാണ് ഒരടിമ തരുന്നതെങ്കിൽപോലും അവനേയും സ്വതന്ത്രനാക്കണമെന്ന് അദ്ദേഹം പറഞ്ഞു. മദീനയിൽ ചെന്നതിനുശേഷം നബി(സ)തിരുമേനി ദീനീ സഹോദരനാക്കിക്കൊടുത്ത ഹദ്റത്ത് സുബയ്ർ ബിൻ അവാം (റ)നോടുളള സാഹോദര്യബന്ധത്തിന്റെ കടമയും ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നല്ലവണ്ണം നിറവേറ്റി. അദ്ദേഹത്തെ പൂർണമായും വിശ്വസിച്ചുകൊണ്ട് വസ്വിയ്യത്തു ചെയ്തു: "എന്റെ മുഴുവൻ സ്വത്തിന്റേയും മേൽനോട്ടവും ചുമതലയും ഹദ്റത്ത് സുബയ്ർ ബിൻ അവാമിനും അദ്ദേഹത്തിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്റിനുമായിരിക്കും. കുടുംബകാര്യങ്ങളിൽ അവരുടെ തീരുമാനം അന്ത്യവും നടപ്പാക്കപ്പെടേണ്ടതുമായിരിക്കും. ഒരു മകളുടേയും വിവാഹം അവരുമായി കൂടിയാലോചിക്കാതെ നടക്കാൻ പാടുളളതല്ല. എന്നാൽ, അദ്ദേഹത്തിന്റെ ഭാര്യ സയ്നബിന്റെമേൽ ഒരു തരത്തിലുളള നിയന്ത്രണവും ഉണ്ടാകുകയില്ല.[23]

**ഉത്കൃഷ്ട സ്വഭാവം**

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) വഫാത്തായപ്പോൾ ഹദ്റത്ത് അബൂമൂസാ(റ)ഹദ്റത്ത് അബൂമസ്ഊദ്(റ)നോടു പറഞ്ഞു: 'ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) തന്റെ ശേഷം അദ്ദേഹത്തെപ്പോലെ സൽസ്വഭാവിയായ ആരെയെങ്കിലും വിട്ടിട്ടുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?' ഹദ്റത്ത് അബൂമസ്ഊദ്(റ)പറഞ്ഞു: 'ഈ ഭാഗ്യം യഥാർഥത്തിൽ അദ്ദേഹത്തിനുമാത്രമേ ലഭിച്ചിട്ടുളളു. നബി(സ)തിരുമേനിയുടെ വീട്ടിൽ ഞങ്ങൾക്കു പോകാൻ കഴിയാതിരുന്നപ്പോഴും അദ്ദേഹത്തിന് അവിടെപ്പോകാനും നബി(സ)യുടെ സഹവാസത്തിൽനിന്ന് നന്മ നേടാനും ഭാഗ്യം കിട്ടിയിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)വലിയഭക്തനും ആത്മപരിത്യാഗിയുമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്വഹാബാക്കൾക്കിടയിൽ അദ്ദേഹത്തിന് ഒരു പ്രത്യേകസ്ഥാനമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സഹവാസത്തിൽ ഇരിക്കാറുണ്ടായിരുന്ന ഹദ്റത്ത് തമീം ബിൻ ഹറാം(റ)പറയുന്നു: 'ഞാൻ ഒരുപാടു സ്വഹാബാക്കളുടെ സദസ്സുകളിൽ ഇരുന്നിട്ടുണ്ട്. എന്നാൽ, ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ന്റെ ദുൻയാവിനോടുളള വിരക്തിയുടേയും ആഖിറത്തിനോടുളള അനുരക്തിയുടേയും പ്രൗഢി ഒന്നു വേറെതന്നെയായിരുന്നു. അദ്ദേഹത്തിന്റെ ഈ ശൈലിയും രീതിയും എനിക്കു വളരെ ഇഷ്ടപ്പെട്ടിരുന്നു.[25]

നാലു മഹാന്മാരായ സ്വഹാബാക്കളിൽനിന്ന് വിശുദ്ധഖുർആൻ പഠിക്കാൻ നബി(സ)തിരുമേനി നിർദേശിച്ചിരുന്നു. അതിൽ ഒന്നാമത്തെ പേര് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റേതായിരുന്നു. ഇതിൽനിന്ന് അദ്ദേഹത്തിന്റെ ജ്ഞാനം നമുക്ക് മനസ്സിലാക്കാവുന്നതേയുളളു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ(റ)പറയാറുണ്ടായിരുന്നു, ഖുർആൻ പഠിപ്പിക്കേണ്ടുന്നവരിൽ ഒന്നാമതായി ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ന്റെ പേര് നബി(സ)തിരുമേനിയിൽനിന്ന് കേട്ടതുമുതൽ എനിക്ക് അദ്ദേഹത്തിനോടു ഹൃദയംഗമമായ സ്നേഹമുണ്ട്.

**ജ്ഞാനപരമായ പദവി**

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ൻെറ ജ്ഞാനപരമായ പദവിയും നിലയും എത്രയാ യിരുന്നുവെന്ന് ഈ ഒരു കാര്യത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഹദ്റത്ത് മആദ് ബിൻ ജബലി(റ)ന്റെ മരണം ആസന്നമായപ്പോൾ തങ്ങൾക്കെന്തെങ്കിലും ഉപദേശം നല്കാൻ ആളുകൾ അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു, 'ജ്ഞാനത്തിനും വിശ്വാസത്തിനും ഒരു വിലയുംനിലയുമുണ്ട്. അതിന്റെ സമ്പാദനത്തിനായി അധ്വാനിക്കുന്നവർ വിജയിക്കുന്നു. ജ്ഞാനവും വിശ്വാസവും പഠിപ്പിക്കാൻ ഹദ്റത്ത് മആദ് ബിൻ ജബൽ(റ) പാണ്ഡിത്യമനുസരിച്ച് കർമം ചെയ്യുന്ന നാലു മഹാത്മാക്കളുടെ പേരെടുത്ത പറഞ്ഞതിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ന്റെ പേരും ഉണ്ടായിരുന്നു. [27]

അല്ലാഹു ഇബ്നു മസ്ഊദിന് മതവിജ്ഞാനവും കഠിധ്വാനത്തിന്റെ ഉൾക്കാഴ്ചയും നല്കി അനുഗ്രഹിച്ചിരുന്നു. അതുമുഖേന അദ്ദേഹം സമുദായത്തെ മുന്നോട്ടു നയിക്കാറുണ്ടായിരുന്നു. ഹദ്റത്ത് ഉമറിനെപ്പോലുളള മഹാത്മാവായ ഖലീഫയും അദ്ദേഹത്തിന്റെ വൈജ്ഞാനികമായ ഉന്നത നിലകാരണം അദ്ദേഹത്തെ ആദരിച്ചിരുന്നു. ബഹുമാനദൃഷ്ടിയോടെ നോക്കിയിരുന്നു. ഹദ്റത്ത് സയ്ദ് ബിൻ വഹബ്

(റ)പറയുന്നു: 'ഒരിക്കൽ ഞങ്ങൾ അമീറുൽമുഅ്മിനീൻ ഹദ്റത്ത് ഉമർ(റ)ന്റെ സദസ്സിൽ ഇരിക്കുകയായിരുന്നു. അപ്പോൾ മെല്ലിച്ച പൊക്കംകുറഞ്ഞ ഒരു വ്യക്തി അവിടെ വന്നു. അദ്ദേഹത്തെ കണ്ടിട്ട് ഹദ്റത്ത് ഉമർ(റ)ന്റെ മുഖം ചെമന്ന് തുടിക്കുകയും 'അറിവുകൊണ്ട് നിറഞ്ഞ പാത്രം, അറിവുകൊണ്ട് നിറഞ്ഞപാത്രം' എന്നു പറയുകയും ചെയ്തു. അദ്ദേഹം മൂന്നുപ്രാവശ്യം അതാവർത്തിച്ചു. ആ പുണ്യാത്മാവ് അടുത്തു വന്നപ്പോൾ ഞാൻ അദ്ദേഹത്തെ കണ്ടു. അദ്ദേഹം ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ആയിരുന്നു.[28]

**സുന്നത്തിൽ കൃത്യനിഷ്ഠ:**

ഹദ്റത്ത് അബ്ദുല്ലാഹിബ്നു

മസ്ഊദ്(റ) നബി(സ)തിരുമേനി യുടെ സുന്നത്തിന് നല്ലവണ്ണം വഴി പ്പെട്ടയാളായിരുന്നു. ഒരിക്കൽ ഹദ്റത്ത് ആയിശ(റ)യോടു ചോദിക്കപ്പെട്ടു: നബി(സ)തിരുമേനി യുടെ രണ്ടു സ്വഹാബാക്കളിൽ ഒരു സ്വഹാബി നോമ്പുതുറക്കാൻ ധിറുതി കാണിക്കുന്നു. അതായത് സൂര്യൻ അസ്തമിച്ചാലുടൻ നോമ്പു തുറക്കുന്നു. വേഗം നമസ്കരിക്കു കയും ചെയ്യുന്നു. അതായത് അസ്തമിച്ചാലുടൻ നമസ്കരിക്കു ന്നു. മറ്റേ സ്വഹാബി ഈ രണ്ടുകർമ ങ്ങളും ആദ്യത്തേതിനെ അപേ ക്ഷിച്ച് താമസിച്ചിട്ടാണ് ചെയ്യുന്നത്. ഹദ്റത്ത് ആയിശ(റ)ചോദിച്ചു: 'ആരാണ് വേഗത്തിൽ ചെയ്യുന്നത്?' ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊ ദ്(റ)അങ്ങനെ ചെയ്യുന്നുവെന്ന് പറ യപ്പെട്ടു. ഹദ്റത്ത് ആയിശ(റ)പ റഞ്ഞു: 'നബി(സ)തിരുമേനിയുടെ രീതിയും അങ്ങനെത്തന്നെയായിരു ന്നു.[29]

തിരുസുന്നത്തനുസരിച്ച് പ്രവർത്തിക്കുന്നതിലുള്ള ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ അഭിരുചി എത്രമാത്രമായിരുന്നുവെ ന്നാൽ, നബി(സ)തിരുമേനിയുടെ മരണശേഷം അവിടത്തെ ശീലങ്ങ ളുടേയും സ്വഭാവങ്ങളുടേയും ജീവി തചര്യയുടേയും അടിസ്ഥാനത്തിൽ തങ്ങൾക്ക് പലതും ഗ്രഹിക്കാൻ സാധിക്കുന്നതിന് ആ മഹാത്മാ വിന്റെ സ്വഹാബിമാരിൽ ഏറ്റവും അടുത്തുനില്ക്കുന്ന വ്യക്തിയാ രാണെന്ന് സ്വഹാബാക്കൾ ചോദി ച്ചപ്പോൾ ഹദ്റത്ത് ഹുദയ്ഫാ(റ)പ റഞ്ഞു: 'എന്റെ അറിവനുസരിച്ച് ജീവിതരീതിയും സംസാരശൈ ലിയും സ്വഭാവങ്ങളും ആചാരാനു ഷ്ഠാനങ്ങളും വെച്ചുനോക്കുമ്പോൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊ ദ്(റ)ആണ് നബി(സ)തിരുമേനി യുമായി ഏറ്റവുമധികം അനുരൂപ നായ വ്യക്തി.' ഇക്കാരണത്താലാണ് 'അബ്ദുല്ലാഹിബ്നു മസ്ഊദ്( റ)ഇഷ്ടപ്പെട്ട കാര്യങ്ങളാണ് ഞാനെ ന്റെ ഉമ്മത്തിനുവേണ്ടി ഇഷ്ടപ്പെടു ന്നത്' എന്ന് നബി(സ)തിരുമേനി പറ ഞ്ഞത്.

മഹാത്മാക്കളായ സ്വഹാബാ ക്കൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ദൈവസാമീപ്യത്തിലും അല്ലാഹുവുമായുള്ള ബന്ധത്തിലും അസാധാരണമായ സ്ഥാനമുള്ളയാ ളാണെന്ന് പറയാറുണ്ടായിരുന്നു. നബി(സ)തിരുമേനി തന്റെ സ്വഹാ ബാക്കളിൽ ആരുടെയെല്ലാം മാതൃ കയാണോ വഴികാട്ടിയാക്കാൻ പ്രത്യേകം നിർദേശിച്ചത് അവരിൽ ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ) എന്നിവർക്കു പുറമെ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊ ദ്(റ)ന്റെ പേരും ഉൾപ്പെടുന്നു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊ ദ്(റ)ന്റെ മാർഗത്തെ ഉറപ്പോടെ പിടി ച്ചുകൊള്ളുവിൻ എന്ന് നബി(സ)പ റഞ്ഞിരുന്നു.

**പരിശുദ്ധിയും വിശിഷ്ടതയും:**

നബി(സ)തിരുമേനിയുടെ പരി ശുദ്ധമായ സഹവാസം മക്കയിലെ ആ ദരിദ്രനായ ഇടയബാലനെ അങ്ങേയറ്റം അനർഘനും ബാഹ്യ വും ആന്തരികവുമായ നിലയിൽ പരിശുദ്ധനും നിഷ്ക്കളങ്കനുമാക്കി ത്തീർത്തു. അദ്ദേഹം വൃത്തിയും ശുദ്ധിയും പാവനതയും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ അന്യഗോത്രക്കാരനായ ഒരു സേവ കൻ പറയുന്നു: 'ഹദ്റത്ത് അബ്ദു ല്ലാഹിബ്നു മസ്ഊദ്(റ)വൃത്തിയു ള്ള ശുഭ്രവസ്ത്രമാണ് ധരിക്കാറുള ളത്. മുന്തിയ വാസനദ്രവ്യങ്ങളാണ് എപ്പോഴും ഉപയോഗിച്ചിരുന്നത്. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊ ദ്(റ) മുന്തിയ വാസനദ്രവ്യങ്ങളാണ് ഉപയോഗിച്ചിരുന്നതെന്നും രാത്രി യുടെ കൂരിരുട്ടിലും ആ വാസനദ്ര വ്യങ്ങളാൽ അദ്ദേഹം തിരിച്ചറിയപ്പെ ടുമായിരുന്നുവെന്നും ഹദ്റത്ത് ത്വൽഹഃ(റ)പറയാറുണ്ടായിരുന്നു.[32]

**കർമനിഷ്ഠനായ പണ്ഡിതൻ**

നബി(സ)തിരുമേനിയുടെ സഹ വാസം ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ ഒരു തികഞ്ഞഭ ക്തനും പാപങ്ങൾ വർജിക്കുന്ന വനും ആരാധനാകർമങ്ങളനുഷ്ഠി ക്കുന്നവനുമായ മനുഷ്യനാക്കി ത്തീർത്തു. ആരാധനകളോടും ഐച്ഛികകർമങ്ങളോടുമുള്ള താൽപര്യം എത്രമാത്രമായിരുന്നു വെന്നാൽ, നിർബന്ധ നമസ്കാര ങ്ങൾക്കും തഹജ്ജുദിനും പുറമെ പൂർവാഹ്നത്തിലും(ളുഹാ) നമസ്ക രിക്കുമായിരുന്നു. എല്ലാ തിങ്കളാ ഴ്ചയും വ്യാഴാഴ്ചയും നഫ്ൽ നോമ്പ് പിടിക്കുമായിരുന്നു. എങ്കി ലും താൻ കുറച്ചുനോമ്പേ പിടിക്കു ന്നുള്ളൂവെന്ന ചിന്ത എപ്പോഴും അദ്ദേഹത്തിൽ അതിജയിച്ചുനിന്നു. അദ്ദേഹം പറയുമായിരുന്നു: 'ഇതി നേക്കാൾ കൂടുതൽ നോമ്പ് പിടിക്കാ ത്തത് തഹജ്ജുദ് തുടങ്ങിയുള്ള ആരാധനകളിൽ ക്ഷീണം ബാധി ക്കാതിരിക്കാനാണ്. അതിനാൽ നോമ്പിനേക്കാൾ മുൻഗണന നമ സ്കാരത്തിനു നല്കിക്കൊണ്ട് നഫ്ൽനോമ്പ് കുറച്ചേ പിടിക്കാ റുള്ളൂ.

**മനോഹരമായ പ്രസംഗം**

നബി(സ)തിരുമേനിയുടെ സുന്ന ത്തനുസരിച്ച് ഹദ്റത്ത് അബ്ദുല്ലാ ഹിബ്നു മസ്ഊദ്(റ)വ്യാഴാഴ്ച ദിവസം മാത്രമേ ഉപദേശ പ്രസംഗം നടത്താറുണ്ടായിരുന്നുള്ളൂ. അതു വളരെ ഹ്രസ്വവും സകല കാര്യ ങ്ങളും ഉൾക്കൊള്ളുന്നതുമായിരു ന്നു. അദ്ദേഹത്തിന്റെ വിവരണം ഹൃദയസ്പൃക്കും മാധുര്യമുള്ളതു മായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മർദാസ്(റ)പറയുന്നു: 'ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ് ഊദ്(റ)പ്രസംഗം അവസാനിപ്പിക്കു മ്പോൾ, ഹാ! ഇനിയും കുറച്ചുകൂടി അദ്ദേഹം പ്രസംഗിച്ചിരുന്നെങ്കിൽ എന്നഞങ്ങൾ ആഗ്രഹിച്ചിരുന്നു.'

വൈകുന്നേരത്തെ ഉപദേശ പ്രസംഗത്തിൽ അദ്ദേഹം നബി(സ) തിരുമേനിയുടെ ഹദീഥുകളിൽനിന്ന് ഒരെണ്ണം മാത്രമേ കേൾപ്പിച്ചിരുന്നു ള്ളൂ. ഹദീഥ് കേൾപ്പിക്കുമ്പോഴുള്ള അദ്ദേഹത്തിന്റെ ആകർഷണവും ആസക്തിയും നബി(സ)തിരുമേനി യോടുള്ള സ്നേഹത്തിന്റെ ദൃശ്യ വും പ്രകടമായിരുന്നു. അദ്ദേഹ ത്തിന്റെ ശിഷ്യനായ ഹദ്റത്ത് മസ്റൂഖ്(റ)പറയുന്നു: 'ഒരു ദിവസം ആ മഹാത്മാവ് ഞങ്ങളെ ഒരു ഹദീഥ് കേൾപ്പിച്ചു. **സമിഅ്ത്തു റസൂലല്ലാഹ്** എന്ന് പറഞ്ഞപ്പോൾ

– ഞാൻ അല്ലാഹുവിന്റെ റസൂലിൽനിന്ന് കേട്ടു എന്നു പറഞ്ഞപ്പോൾ ദൈവഭയവും പേടിയും കൊണ്ട് അദ്ദേഹത്തിന്റെ ശരീരത്തിൽ ഒരു വിറയൽ അനുഭവപ്പെട്ടു. എത്രത്തോളമെന്നാൽ, അദ്ദേഹത്തിന്റെ വസ്ത്രങ്ങളിലും അതു പ്രകടമായി.' അതിനുശേഷം വളരെ സൂക്ഷിച്ചുകൊണ്ട് ഇങ്ങനേയും പറഞ്ഞു: 'നബി(സ)തിരുമേനി ഈ വാക്കുകളോ ഇതിനു സമാനമായ മറ്റു വാക്കുകളോ ആണ് പറഞ്ഞത്.'[34]

ഹദീഥ് വിവരിക്കുമ്പോഴുള്ള ഈ ദൈവഭയവും തികഞ്ഞ സൂക്ഷ്മതയും –നബി(സ)തിരുമേനിയുടെ പേരിൽ തെറ്റായിട്ടുള്ള ഹദീഥ് കെട്ടിപ്പറയുന്നവർക്ക് ശിക്ഷയുണ്ടാകുമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലായിരിക്കാം എന്ന് മനസ്സിലാകുന്നു.

മറ്റൊരു നിവേദനത്തിൽനിന്ന് നമുക്ക് അദ്ദേഹത്തിന്റെ സൂക്ഷ്മത മനസ്സിലാക്കാവുന്നതാണ്. ഹദ്റത്ത് അംറ് ബിൻ മയ്മൂൺ (റ)പറയുന്നു: 'ഞാനൊരു വർഷംവരെ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ അടുത്ത് വന്നുംപോയുമിരുന്നു. അദ്ദേഹം ഹദീഥ് വിവരിക്കുമ്പോൾ വളരെ സൂക്ഷ്മത പാലിച്ചിരുന്നു. ഒരിക്കൽ ഞാൻ കണ്ടു. **ഖാല റസൂലുല്ലാഹി(സ)** അതായത് അല്ലാഹുവിന്റെ റസൂൽ(സ)പറഞ്ഞു, എന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിൽ വല്ലാത്തൊരു അവസ്ഥ പ്രകടമായി. നെറ്റിയിൽനിന്ന് വിയർപ്പു തുള്ളികൾ വീഴാൻ തുടങ്ങി. എന്നിട്ടു പറഞ്ഞു, ഇതുപോലുള്ള വാക്കുകളോ ഇതിനു സമാനമായ വാക്കുകളോ ആണ് നബി(സ)തിരുമേനി പറഞ്ഞത്.'

ഒരിക്കൽ നബി(സ)തിരുമേനി ഹ്രസ്വ പ്രഭാഷണത്തിനുശേഷം ഇനി ഉപദേശം നടത്താൻ ഹദ്റത്ത് അബൂബക്കർ(റ)നോടു പറഞ്ഞു. അദ്ദേഹം ഹ്രസ്വമായി സംസാരിച്ചു. പിന്നീടു ഹദ്റത്ത് ഉമറിനോടു സംസാരിക്കാൻ പറഞ്ഞു. അദ്ദേഹം ഹദ്റത്ത് അബൂബക്കറിനേക്കാൾ ഹ്രസ്വമായിട്ടാണ് സംസാരിച്ചത്. പിന്നീടു മറ്റാരോടോ പറഞ്ഞു. അയാൾ ദീർഘമായി സംസാരിക്കാൻ തുടങ്ങി. അയാളോടു ഇരിക്കാനോ നിറുത്താനോ നബി(സ)പറഞ്ഞു. പിന്നീടു നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നോടു പ്രസംഗിക്കാൻ പറഞ്ഞു. അദ്ദേഹം അല്ലാഹുവിനെ പുകഴ്ത്തുകയും വാഴ്ത്തുകയും ചെയ്തുകൊണ്ടു പറഞ്ഞു: 'ജനങ്ങളേ! അല്ലാഹു നമ്മുടെ രക്ഷിതാവാണ്. ഖുർആൻ നമ്മുടെ വഴികാട്ടിയാണ്. അല്ലാഹുവിന്റെ ഭവനം നമ്മുടെ ഖിബ്‌ലയാണ്. മുഹമ്മദ്(സ) നമ്മുടെ നബിയാണ്.' മറ്റൊരു നിവേദനത്തിൽ വന്നിട്ടുണ്ട്. അദ്ദേഹം പറഞ്ഞു,'അല്ലാഹു റബ്ബാണെന്നും ഇസ്‌ലാം ദീനാണെന്നും നമ്മൾ ഇഷ്ടപ്പെട്ടിരിക്കുന്നു. അല്ലാഹുവും റസൂലും ഇഷ്ടപ്പെടുന്നതാണ് ഞാൻ നിങ്ങൾക്കുവേണ്ടിയും ഇഷ്ടപ്പെടുന്നത്. നബി(സ)പറഞ്ഞു, അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)പറഞ്ഞത് വളരെ ശരിയാണ്. ഇബ്നു മസ്ഊദ് ഇഷ്ടപ്പെടുന്നതെന്താണോ അതാണ് ഞാനെന്റെ ഉമ്മത്തിനുവേണ്ടിയും ഇഷ്ടപ്പെടുന്നത്.

**ദൈവഭക്തി**

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറയുന്നു: "വിശുദ്ധ ഖുർആനിലെ മാഇദ അധ്യായത്തിലെ 94-ാം വചനം ഇറങ്ങി: 'വിശ്വസിക്കുകയും സൽകർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരാരോ അവർ സൂക്ഷ്മത പാലിക്കുകയും വിശ്വസിക്കുകയും സുകൃതങ്ങളനുഷ്ഠിക്കുകയും എന്നിട്ട് അവർ സൂക്ഷ്മതയിൽ അഭിവൃദ്ധിപ്പെടുകയും വിശ്വസിക്കുകയും പിന്നീടു ഭയഭക്തിയിൽ കൂടുതൽ അഭിവൃദ്ധിപ്പെടുകയും സൽകർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നതായാൽ അവർ ഏതൊന്ന് ഭക്ഷിക്കുന്നുവോ അതിൽ അവർക്ക് കുറ്റമൊന്നുമില്ല. അല്ലാഹു നന്മപ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നു.' ഈ വചനമിറങ്ങിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, 'താങ്കളും ഈ ആയത്തിൽ പറഞ്ഞ ഭാഗ്യവാന്മാരുടെ കൂട്ടത്തിൽപ്പെട്ടയാളാണ്."

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)മെലിഞ്ഞ് പൊക്കംകുറഞ്ഞ ചെമപ്പും വെളുപ്പും കലർന്ന നിറമുള്ള ആളായിരുന്നു. ഒരിക്കൽ അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം യാത്രയിലായിരുന്നു. ഒരു കാട്ടുവൃക്ഷത്തിൽനിന്ന് അതിന്റെ പഴം (ഉകമരം-മഞ്ഞനിറത്തിലുള്ള പൂവ്, ചെമന്ന നിറത്തിലുള്ള കായ. കുരു എണ്ണമയമുള്ളത്-പീലു എന്നും പറയും)പറിച്ചുകൊണ്ടുവരാൻ അദ്ദേഹത്തോടു നബി(സ)തിരുമേനി പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ആടുകളെ മേയ്ച്ചുനടന്ന കാലത്ത് കാടുകളിൽ കാണുന്ന ഓരോ മരത്തെകുറിച്ചും അന്വേഷണം നടത്തുമായിരുന്നു. മരത്തിൽ കയറാനും നല്ലവണ്ണം അറിഞ്ഞിരുന്നു. അതുകൊണ്ട് ചുറുചുറുക്കോടെ മരത്തിൽക്കയറി. ചിലർ അദ്ദേഹത്തിന്റെ മെല്ലിച്ച തണ്ടൻകാല് കണ്ട് ചിരിക്കാനും തമാശപറയാനും തുടങ്ങി. തന്റെ ഉറ്റമിത്രമായ സ്വഹാബിയുടെ കാര്യത്തിൽ നബി(സ)തിരുമേനിയുടെ ആത്മാഭിമാനം തിളച്ചുപൊന്തി. ആ മഹാത്മാവ് പറഞ്ഞു: 'അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ നന്മയുടെ തട്ട് പുനരുത്ഥാനനാളിൽ വളരെ ഭാരമുള്ളതായിരിക്കും. എത്രത്തോളമെന്നാൽ, ഉഹ്ദുമലയെക്കാൾ കൂടുതലായിരിക്കുമത്.'

ഇസ്‌ലാമിൽ ബാഹ്യസൗന്ദര്യത്തെക്കാൾ ആന്തരിക സൗന്ദര്യത്തിനാണ് കൂടുതൽ പ്രാധാന്യവും വിലയുംനിലയുമുള്ളതെന്ന പാഠം നബി(സ)തിരുമേനി തന്റെ ചെറുപ്പക്കാർക്ക് നല്കിയിരുന്നു. അതായത് നിങ്ങളിൽ ഏറ്റവും കൂടുതൽ മുത്തഖിയാരാണോ അവൻതന്നെയാണ് ഏറ്റവും കൂടുതൽ ആദരണീയൻ.

**ഹദീഥ് നിവേദനങ്ങൾ:**

ഹദ്റത്ത് അബൂബക്കറിൽ നിന്നും, ഹദ്റത്ത് ഉമറിൽനിന്നും (റ. അൻഹുമാ) ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉഥ്മാൻ, ഹദ്റത്ത് അലി(റ. അൻഹും) എന്നിവർ ഹദ്റത്ത്

# മുഹമ്മദ് നബി(സ)യെപ്പറ്റി ഹൈന്ദവപുരാണങ്ങളിൽ

എ. ക്യു. മഹ്ദി

ഋഷിശ്രേഷ്ഠനായ വ്യാസമഹർഷിയെക്കുറിച്ചു കേട്ടിട്ടുണ്ടാവും. ആ മഹാത്മാവിന്റെ സുദീർഘകാല പ്രയത്നത്തിന്റെ ഫലമായിട്ടാണ് വിഷയക്രമമനുസരിച്ച് രൂപപ്പെടുത്തപ്പെട്ട നിലയിൽ വേദങ്ങൾ നമുക്കു ലഭ്യമായിട്ടുള്ളത്. ഗീതയും മഹാഭാരതവും അദ്ദേഹത്തിന്റെ ശക്തമായ തൂലികയിലൂടെ പുറത്തുവന്ന മഹദ്ഗ്രന്ഥങ്ങളാണ്. 'വേദാന്തം അഥവാ ഹിന്ദുമത വേദാന്തം' എന്ന മറ്റൊരു ബൃഹത്ഗ്രന്ഥവും അദ്ദേഹം രചിച്ചിട്ടുണ്ട്. എങ്കിലും വ്യാസമഹർഷിയുടെ ഏറ്റവും ഉദാത്തമായ പരിശ്രമം പതിനെട്ട് പുണ്യപുരാണ വേദഗ്രന്ഥങ്ങളാണ്. ഭവിഷ്യൽ പുരാണം ഇവയിലൊന്നുമാത്രമാണ്. ഭാവിയിൽ വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങളുടെ സംഗ്രഹം ആണ് ഇത്. ഇതിലെ പല പ്രവചനങ്ങളും അദ്ഭുതകരമായി പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. ഈ ഗ്രന്ഥവും മറ്റ് പരിശുദ്ധവേദഗ്രന്ഥങ്ങളെ പോലെതന്നെ ബ്രഹ്മാവിന്റെ പ്രത്യക്ഷ വെളിപാടുകളുടെ (REVELATION) സമാഹാരം എന്നാണ് ഹൈന്ദവ വിശ്വാസം. അതുകൊണ്ടുതന്നെ ഭവിഷ്യൽ പുരാണത്തിന്റെ കർത്താവ് പരബ്രഹ്മമൂർത്തിയായ സാക്ഷാൽ ദൈവം തന്നെയാണെന്ന വിശ്വാസം പ്രബലപ്പെടുന്നു.

അനൽപ്പമായ ഗ്രഹണശക്തിയും അഗാധതത്ത്വങ്ങളെ ആരാഞ്ഞറിയുന്നതിൽ അദ്വിതീയമായ കഴിവുകളുമുള്ള ഒരു മഹാത്മാവായിരുന്നു വ്യാസമഹർഷി. സമസ്തവിഷയങ്ങളിലും അഗാധപാണ്ഡിത്യം സമ്പാദിച്ച ഒരു മഹാൻ കൂടിയായിരുന്ന ആ മഹർഷിവര്യന്റെ ഭവിഷ്യൽ പുരാണത്തിലെ മൂന്നാം പുസ്തകം, മൂന്നാം അദ്ധ്യായം, മൂന്നാം സ്തോത്രം 5 മുതൽ 9 വരെയുള്ള വരികളിൽ ഇസ്‌ലാംമത സ്ഥാപകനായ മുഹമ്മദ് നബി (സ)യെപ്പറ്റി ഒരു പ്രവചനമുണ്ട്; അതിപ്രകാരമാണ്.

*ഏതസ്മിന്നന്തരേ മ്ലേച്ഛ ആചാര്യേണ സമന്വിത:*
*മഹാമദ ഇതിഖ്യാത: ശിഷ്യാശാഖാ സമന്വിതം*
*നൃപാശ്ചേവ മഹാദേവ മരുസ്ഥല നിവാസിനം*
*ഗംഗാ ജലൈശ്ച സംസ്നാപ്യം പഞ്ചഗവ്യ സമന്വിതം*
*ചംദനാദി ഭരിഭ്യർ ചൃതുഷ്ടവമന സംഹാരം*

---

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ൽ നിന്നും നിവേദനങ്ങൾ ചെയ്തിട്ടുണ്ട്.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ഇസ്‌ലാമിന്റെ പ്രാരംഭകാലംമുതലെ നബി(സ)തിരുമേനിയ്ക്ക് സേവനം ചെയ്യാൻ, തന്നെ അർപ്പണം ചെയ്തിരുന്നു. നബി(സ) തിരുമേനിയുടെ വ്യക്തിപരമായ കാര്യങ്ങളിലും ധാരാളമായി സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. അത് അവസാനകാലംവരെ തുടർന്നുപോന്നു. അങ്ങനെ അദ്ദേഹം നബി(സ)തിരുമേനിയുടെ പരിശുദ്ധമായ സഹവാസത്തിൽനിന്ന് ശരിക്കും ഫലമെടുത്തു. അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്തു.

നബി(സ)തിരുമേനിയുടെ പരിശുദ്ധ സഹവാസവും ശിക്ഷണവും അബ്ദുല്ലാഹിബ്നു മസ്ഊദ് (റ)നെ അത്യുന്നത സ്ഥാനത്തെത്തിച്ചു. നബി(സ)തിരുമേനി പറയാറുണ്ടായിരുന്നു, "ഒരു കൂടിയാലോചനയും കൂടാതെ ഞാനാരെയെങ്കിലും അമീറാക്കാൻ ആഗ്രഹിച്ചാൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ അമീറാക്കുമായിരുന്നു."

ഹദ്റത്ത് അലി(റ) തന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ കൂഫയിൽ പോയപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ താമസം അവിടെയായിരുന്നു. ഹദ്റത്ത് അലിയുടെ മജ്‌ലിസിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെക്കുറിച്ചും അദ്ദേഹത്തിന്റെ ജീവിതത്തെ കുറിച്ചും ചർച്ച നടന്നു. ആളുകൾ അദ്ദേഹത്തെ പുകഴ്ത്തിക്കൊണ്ടു പറഞ്ഞു,'അമീറുൽമുഅ്മിനീൻ! ഞങ്ങൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നെക്കാൾ സൽസ്വഭാവിയും മൃദുലമായി പഠിപ്പിക്കുന്നവനും നല്ലസഹവാസിയും നല്ലസംഘാടകനും ദൈവഭക്തനുമായിട്ട് മറ്റാരെയും കണ്ടിട്ടില്ല.' ഹദ്റത്ത് അലി(റ)അവരെ പരീക്ഷിക്കാനെന്നോണം അവരോടു ചോദിച്ചു, 'ഞാൻ അല്ലാഹുവിനെ സാക്ഷി നിറുത്തിക്കൊണ്ടു ചോദിക്കുന്നു, സത്യംസത്യമായി പറയുക! ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ സംബന്ധിച്ച് സത്യഹൃദയത്തോടെയാണോ നിങ്ങളിങ്ങനെ പറയുന്നത്?' അവർ പറഞ്ഞു,'അതേ.' അപ്പോൾ ഹദ്റത്ത് അലി(റ)പറഞ്ഞു,'അല്ലാഹുവേ! നീ സാക്ഷിയായിരിക്കേണമേ. അല്ലാഹുവേ! ഞാനും ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ സംബന്ധിച്ച് ഇതേ അഭിപ്രായക്കാരനാണ്. അല്ല! ഇതിനെക്കാൾ കൂടുതൽ ആ അഭിപ്രായക്കാരനാണ്.'

അല്ലാഹു നമുക്കും കഴിഞ്ഞുകടന്ന പുണ്യാത്മാക്കളുടെ പരിശുദ്ധ ജീവിതവും സൽകർമങ്ങളും ജീവിപ്പിച്ചുനിറുത്താൻ സൗഭാഗ്യം നല്കുമാറാകട്ടെ. ആമീൻ.

*ഭോജരാജ ഉവാച: നമസ്തെ ഗിരിജാനാഥ മരുസ്ഥല നിവാസിനം*

*ത്രിപുരാസുരനാശായ ബഹുമായാ പ്രവർത്തിനം*

*മ്ലേഛൈർ ഗുപ്തായ ശുദ്ധായ സച്ചിദാനന്ദരൂപിണേ*

*ത്വം മാംഹി കിങ്കരം വിദ്ധി ശരണാർത്ഥമുപാഗതം.*

**അർഥം**

വിദേശത്തുനിന്ന് ഒരദ്ധ്യാത്മഗുരു തന്റെ അനുചരന്മാരോടൊപ്പം ഇവിടെ വരുന്നതായിരിക്കും. അദ്ദേഹത്തിന്റെ നാമം മുഹമ്മദ് (മഹാമദ്) എന്നായിരിക്കും. ദൈവദൂതസദൃശനായ ഈ അറബിയെ രാജാവ് ഗംഗാ ജലത്തിലും മറ്റ് അഞ്ചുതരം ശുദ്ധീകരണ ജലത്തിലും (പഞ്ചഗവ്യം) സ്നാനം ചെയ്യിച്ച് ഭക്തിവിശ്വാസ സമന്വിതം പൂജിച്ച് ഇപ്രകാരം പ്രാർഥിക്കും.

'അല്ലയോ മരുഭൂമിയിൽ പിറന്ന മഹാനുഭാവ ദുഷ്ട നിഗ്രഹത്തിനുള്ള ദിവ്യശക്തിയുടെ മാഹാത്മ്യത്താൽ ശത്രുപീഢകളിൽനിന്ന് രക്ഷപ്രാപിച്ച് പരാശക്തിയുടെ പ്രത്യക്ഷലക്ഷ്യമായി പരിലസിക്കുന്ന സച്ചിദാനന്ദരൂപമേ, അങ്ങയുടെ ചരണങ്ങളിൽ സമർപ്പിതനായ ഈയുള്ളവനെ ഒരടിമയായി സ്വീകരിച്ചനുഗ്രഹിച്ചാലും....'

ഇതിന്റെ വിശദീകരണം ഇങ്ങനെയാണ്.

1. അദ്ദേഹത്തിന്റെ പേര് മുഹമ്മദ് എന്നായിരിക്കും.
2. അദ്ദേഹം മരുഭൂമിയിൽ വസിക്കുന്നവനായിരിക്കും.
3. ഭക്തന്മാരായ മിത്രങ്ങൾ അദ്ദേഹത്തിനുണ്ടായിരിക്കും.
4. സർവവിധ പാപമോചനങ്ങളും സിദ്ധിച്ച ഒരു ദൈവദൂതനായിരിക്കും അദ്ദേഹം.
5. ഭാരതത്തിലെ രാജാവ് അദ്ദേഹത്തിൽ വിശ്വസിക്കും.
6. ശത്രുബാധയിൽനിന്ന് അദ്ഭുതകരമായി രക്ഷപ്രാപിക്കുന്ന ആളായിരിക്കും അദ്ദേഹം.
7. അദ്ദേഹത്തിന് ദുഷ്ടനിഗ്രഹം സാധിക്കും; അതായത് സർവവിധ ദൂഷ്യങ്ങളെയും അദ്ദേഹം ദുരീകരിക്കും.
8. പരാശക്തിയുടെ ഒരു പരിശുദ്ധ മാതൃകയായിരിക്കും അദ്ദേഹം.
9. മനുഷ്യവർഗത്തിന്റെ അഭിമാനസ്തംഭമായിരിക്കും അദ്ദേഹം.
10. ഈ മുഹമ്മദിന്റെ (മഹാമദ്) മുമ്പിൽ രാജാവ് മുട്ടുകുത്തി നമസ്ക്കരിക്കും.

അദ്ഭുതകരവും അത്യന്തം താൽപ്പര്യജനകവുമായ മറ്റൊരു ഭാഗം കൂടിയുണ്ട്, ഭവിഷ്യൽപുരാണത്തിൽ. 25 മുതൽ 28 വരെയുള്ള ശ്ലോകങ്ങൾ ശ്രദ്ധിക്കുക:-

ലിംഗഛേദി ശഖിഹീന: ശ്മശ്രുധാരി സദൂഷക

ഉച്ചാലാപീ സർവ്വഭക്ഷി ഭവിഷ്യതിജനോ മമ

വിനാം കൗലം ചപശവ സ്തേഷാം ഭഷ്യമാതാ മമ

മുസലേനൈവ സംസ്കാര കുശൈരിവ ഭവിഷ്യതി

അദ്ദേഹത്തിന്റെ അനുയായികൾ ചേലാകർമം ചെയ്യും. അവർ തലമുടി വളർത്തുന്നവരല്ല, താടി വളർത്തും. വിപ്ലവകാരികളായിരിക്കും അവർ. പ്രാർഥനയ്ക്കായി അവർ ഉച്ചത്തിൽ ആഹ്വാനം (ബാങ്കുവിളി) ചെയ്യും. പന്നിയെ ഒഴിച്ച് മറ്റു മൃഗങ്ങളുടെ മാംസം ഭക്ഷിക്കും. മതത്തെ മലിനപ്പെടുത്തുന്നവരുമായി യുദ്ധം ചെയ്യുന്നവരാകയാൽ അവർ 'മുസലൈ' (മുസ്‌ലിം) എന്ന പേരിൽ അറിയപ്പെടും. അവർ മാംസഭോജികളായിരിക്കും.

വേദങ്ങളിൽ ആദിഗ്രന്ഥമായി കരുതപ്പെടുന്ന ഋഗ്വേദത്തിൽ ഇങ്ങനെയൊരു പരാമർശമുണ്ട്.

അനസവന്തം സക്ബതിർ

മാമഹേ മേതാവം ശേഷിത്

ഷഠോ അസുരോപഗോണ തിറൈ

വിഷതോ അഗേസതാഹി

സഹസ്നറർ വൈശ്വാനം

തിറൈയും ഗുണം ഋഷികേതാ

(ഋഗ്വേദം:5, സൂക്തം: 28)

**അർഥം**

സത്യവാനും ജ്ഞാനിയും ബലശാലിയുമായ മാമഹേ (മുഹമ്മദ്) എനിക്ക് അറിവു നൽകൂ. അദ്ദേഹം സമ്പൂർണനാണ്. അഖിലലോകത്തിനും അനുഗ്രഹമായിട്ടുള്ളവരാണ്. പതിനായിരം പേരോടുകൂടി പ്രസിദ്ധി നേടിയവരാണ്.

അഥർവവേദത്തിലും ഉണ്ട് ചില പരാമർശങ്ങൾ.

ഇദം ജനോ ഉപശ്രുത

നാരാശം സസ്തവിഷ്യതെ

ഷഷ്ടി സഹ നവതിര

ചകൗരവ അരുശമേഷ്ഠ ദഹ്മഹേ

ഉഷ്ട്രായസ്യം പ്രവാഹിണോ

വധു മന്തോഹിർ ദശാ

വത്മാരഥ സ്യനി ജിവിഷതേ ദിവ

ഈഷമാണ ഉപസ്മൃത

ഏവന്റ് ഷയെ മാമഹെ

ശതം നിഷ്കാന്ദ ശസ്രജം

ശ്രീണി ശന്യാന വതാം

സഹസ്രാ ദശ സോനാം.

**അർഥം**

അല്ലയോ ജനങ്ങളേ, ഇതിനെ ബഹുമാനപൂർവം സാകൂതം വീക്ഷിക്കുക. ജനങ്ങളിൽ സ്തുത്യർഹൻ സമൂഹമദ്ധ്യേ ആഗമിക്കും. അവർ എന്നും വാഴ്ത്തപ്പെടും. അറുപതിനായിരത്തി തൊണ്ണൂറ് ശത്രുക്കളുടെ മദ്ധ്യത്തിൽനിന്ന് അവനെ നാം സ്വീകരിക്കും. അദ്ദേഹത്തിന്റെ സ്ഥാനോന്നതി സ്വർഗലോകം വരെ എത്തും. ആ മാമ ഋഷിക്ക് 100 സ്വർണനാണയങ്ങളും പത്ത് ചതുരങ്ങളും 300 അറബിക്കുതിരകളും പതിനായിരം പശുക്കളും നൽകപ്പെടും.

ഹൈന്ദവരുടെ ആദ്യകാല പുരാണങ്ങളിൽ പ്രമുഖമായ ഒന്നാണ്. 'രാമസംക്രമം'. ഇതിലെ മുഹമ്മദ് നബി(സ) യെക്കുറിച്ചുള്ള പരാമർശങ്ങൾ നമ്മെ അദ്ഭുതപ്പെടുത്തുന്നവയാണ്. അത് ഇപ്രകാരം വായിക്കാം.

'അറേബ്യയിലെ അധീശാധികാരി ശുക്രനക്ഷത്രം പോലെ പരിശുദ്ധനാണ്. ആ ഭൂമി മഹത്തരവും. അദ്ദേഹത്തിൽ നിന്ന് അസാധാരണകാര്യം പ്രത്യക്ഷപ്പെടും. വിക്രമവർഷം രണ്ടാം ശതകത്തിൽ അദ്ദേഹം അന്ധകാരത്തിൽ ചിത്രപതംഗത്തെപോലെ ഭുജാതനാകും. അദ്ദേഹത്തിന് സേവനനിരതരും സത്യവാന്മാരും ബുദ്ധി

വിവാഹ മോചനവും ലിംഗസമത്വവും. 3

# വിവാഹം:
## അലംഘനീയമായ വിശുദ്ധ ബന്ധമോ? ഉടമ്പടിയോ?

മുസ്‌ലിം വിവാഹ നിയമത്തിന്റെ ഏറ്റവും പുരോഗമന വശമാണ് അതിന്റെ ഉടമ്പടിരൂപം. അത് കേവലമൊരു ഉടമ്പടിയല്ല ധാർമിക മാനങ്ങളുള്ള ഒരു ഉടമ്പടിയാണ്. ലേഖകന്റെ ഗവേഷണ പ്രബന്ധം മുസ്‌ലിം വിവാഹ നിയമത്തിന്റെ നാനാവശങ്ങളെയും വിശകലനം ചെയ്യുന്നു.

**കൗസർ എടപ്പകത്ത്**

മുസ്‌ലിം വിവാഹങ്ങളെപറ്റി സാധാരണ ഗതിയിലുള്ള ഒരു തെറ്റിദ്ധാരണ അതിന് മതപരമായ സാംഗത്യമോ സാമൂഹികമായ ധാർമിക ബാദ്ധ്യതയോ ഇല്ലെന്നും അത് കേവലം ഒരു കരാർ മാത്രമാണെന്നുമാണ്. ഇത് ശരിയല്ല. ഖുർആൻ വിവാഹത്തെ ഒരു സാധാരണ ഉടമ്പടിയായി മാത്രമല്ല ഗണിക്കുന്നത്.[21] മുസ്‌ലിം വിവാഹ നിയമത്തിന് കീഴിൽ വിവാഹം എന്നത് ഒരേ സമയം സിവിൽ കരാറും മതപരമായ അനുഷ്ഠാനവുമാണ്. ആദിമ കാലം മുതൽ (ആദമിന്റെ കാലം മുതൽ) അത് ആരാധനയും ***ഇബാദത്തിന്റെ*** അഥവാ ഭക്തിയുടെ ഭാഗവുമാണ്. വിശ്വാസം പോലെ അതിന്റെ പാവനത്വം പരിരക്ഷിക്കപ്പെടുന്നു. 'വിവാഹം നമ്മുടെ ***സുന്നത്താണ്*** ആർ ഈ മാർഗവും ജീവിതവും പിന്തുടരുന്നില്ലയോ അയാൾ എന്റെ അനുഗാമിയല്ല'. എന്ന് മുഹമ്മദ് നബി (സ) പറഞ്ഞതായി നിവേദനം ചെയ്യപ്പെടുന്നു.[22] 'വിവാഹം എന്റെ ഏറ്റവും പവിത്രമായ ആചരണങ്ങളിലൊന്നാണ്'എന്ന് മുഹമ്മദ് (സ) പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അനസ് നിവേദനം ചെയ്ത ഒരു നബി വചനമിങ്ങനെയാണ്:'ഒരു മനുഷ്യൻ വിവാഹം കഴിക്കുന്നതോടെ അയാൾ മതത്തിന്റെ പകുതി ഭാഗം പൂർണമായും നിറവേറ്റിക്കഴിഞ്ഞു. ബാക്കി പകുതിഭാഗം അവൻ ദൈവത്തെ ഭയപ്പെട്ടാൽ മതി.' (ബുഖാരി)[23]

വസ്തുതയെന്താണെന്ന് വച്ചാൽ

---

ചാതുര്യമുള്ളവരുമായ നാല് യതിവര്യന്മാരും ഉണ്ടാകുന്നതാണ്.'

(രാമസംക്രമ്, സ്കന്ധം 12, കാണ്ഡം 6)

അവസാനമായി അല്ലോപനിഷത്തിലെ ചില വരികൾകൂടി ശ്രദ്ധിക്കാം.

അല്ലോ ജ്യേഷ്ഠ പരമം പൂർണം
ബ്രാഹ്മണാം അല്ലാം
അല്ലോരസൂലാം മഹാമതര കബരസ്യ
അല്ലോം അല്ലാം.
ഓം അല്ല, ഇല്ലല്ല അനാദി സ്വരൂപായ
അർഥവണ്യാ മാഹുംഹ്റിം ജ്ഞാന പശുന
സിദ്ധാൻ ജലാചരൻ
അദൃഷ്ടം കുരുകുരുപൂട്
സ്പസ്യം സംഹാരീണിഹും ഹ്രീം അല്ലേറസൂല
മഹാമദ കബരസ്യ അല്ലേം അല്ലാ ഇല്ലാതെ ഇല്ലല്ലാ
(അല്ലോപനിഷത്ത് സൂക്തം 2-10)

**അർഥം**

ദൈവത്തിനു ചിത്രങ്ങളില്ല, അവനൊഴികെ മറ്റു ദൈവങ്ങളുമില്ല. വരുണനും ഹേതുവും ഇന്ദ്രനുമുൾപ്പെടെ ദേവന്മാർ അവന്റെ ആശ്രിതരാണ്. അവൻ ആദിയാണ്. പരമസമ്പൂർണനാണ്. പ്രപഞ്ചത്തിന്റെ അധിപനാണ്. ഉന്നതപദവിയിൽ വിരാജിക്കുന്ന 'മഹാമദ്' അവന്റെ റസൂലാണ്. ദൈവമൊഴികെ നാഥനില്ല. അവനുവേണ്ടി ഓംഹ്രീം മന്ത്രം ഉരുവിട്ടു കൊണ്ടിരിക്കുക. ഓംഹ്രീം മുഖേന ശപ്തരായ അസുരവർഗത്തെ സംഹരിക്കുന്ന അല്ലയുടെ ദൂതനാണ്. സത്യമൊഴികെ മറ്റൊരു ദൈവമേയില്ല.

ജാതിക്കും മതത്തിനും അതീതമായ ഒരു ലോകത്തെപ്പറ്റി നമുക്കിനിയെങ്കിലും ഉറക്കെ ചിന്തിക്കാം. ആ മഹത്സങ്കൽപ്പത്തിലൂടെ സകലത്തിന്റെയും സൃഷ്ടികർത്താവായ ഈശ്വരൻ ഏകനാണെന്നും ഒന്നാണെന്നും നമുക്കു വിശ്വസിക്കാം. ശ്രീരാമനും ശ്രീകൃഷ്ണനും ശ്രീബുദ്ധനും മുഹമ്മദ്നബി(സ)യും യേശുക്രിസ്തുവുമൊക്കെ ആ ഏകദൈവത്തിന്റെ സന്ദേശവാഹകരായിരുന്നുവെന്നുകൂടി കരുതുമ്പോൾ നാമെന്തിന്, ജാതിയുടെയും മതത്തിന്റെയും പേരിൽ പോരടിക്കണം. മതവിശ്വാസ വിഷയത്തിൽ സമത്വസുന്ദരമായ ഒരു ലോകം നമുക്കിനി വിഭാവന ചെയ്യാം. അതിലൂടെ ശാശ്വതമായ ശാന്തിയും സമാധാനവും കൈവരുത്തുകയും ആവാം. സർവേശ്വരൻ അതിനിട വരുത്തട്ടെയെന്നു പ്രാർഥിക്കുന്നു.

മുസ്‌ലിം നിയമത്തിൽ വിവാഹം അതിന്റെ രൂപത്തിൽ മാത്രമാണ് അനുഷ്ഠാനപരമല്ലാത്ത വെറും ഒരു ഉടമ്പടിയായി നിൽക്കുന്നത്. മുസ്‌ലിം വിവാഹം ഒരു സങ്കൽപ്പം എന്ന നിലക്ക് സ്വയംതന്നെ വെറുമൊരു കരാറല്ല.[24] വിവാഹം എന്നത് സന്താനോൽപ്പാദനത്തിനും സാമൂഹ്യ ജീവിതത്തിന്റെ ക്രമീകരണത്തിനും സമൂഹനന്മക്കും വേണ്ടിയുള്ള ***ഇബാദത്തി***ന്റെ സ്വഭാവത്തിലുള്ള ഒരു സെക്കുലർ കരാറാണ്. മുസ്‌ലിം നിയമത്തിനു കീഴിൽ വിവാഹം എന്നത് മതപരമായ ഒരു അനുഷ്ഠാനമാണ്. അത് ***വാജി ബും സുന്നത്തും*** ആരാധനയുമാണ്. പക്ഷേ അതിന്റെ രൂപം സിവിൽ കരാറിന്റെ രൂപത്തിലുള്ളതാണ്.[25]

പ്രൊഫ: ത്വാഹിർ മഹ്മൂദിന്റെ അഭിപ്രായത്തിൽ മുസ്‌ലിം നിയമത്തിൽ വിവാഹം എന്നത് സന്താനങ്ങളുടെ പ്രജനനത്തിനായുള്ള വെറുമൊരു കരാറിൽ കവിഞ്ഞ ഒന്നാണ്. വാസ്തവത്തിൽ ശരീഅത്ത് അനുവദിക്കുന്നതും വിവാഹ പങ്കാളികൾ ഇരുവരും പരസ്പരം അംഗീകരിക്കുന്നതുമായ വ്യവസ്ഥകളും ഉപാധികളുമനുസരിച്ച് ആജീവനാന്ത പങ്കാളികളായ ഇരു കക്ഷികളുടെയും ഗുണത്തിന് വേണ്ടി ഇസ്‌ലാം മാത്രം ആവിഷ്ക്കരിച്ച ഒരു ഘടകമാണ് വിവാഹത്തിലെ ഈ കരാർ രൂപം. ഈ കരാർ രൂപം വിവാഹത്തിൽ പങ്കാളികളായ ഇരു കക്ഷികൾക്കും അവരുടെ ജീവിത ശൈലിക്കനുഗുണമായി വമ്പിച്ച സ്വാതന്ത്ര്യം നൽകുകയും വിവാഹ ബന്ധത്തെ അതിന്റേതായ രീതിയിൽ അരക്കിട്ടുറപ്പിക്കുകയും ചെയ്യുന്നു. വിവാഹത്തിന്റെ പവിത്രതക്ക് യാതൊരു വിധഭംഗവും അത് വരുത്തുന്നില്ല. അത് ഉചിതമായി ഉപയോഗിക്കുകയാണെങ്കിൽ വിവാഹത്തിൽ പങ്കാളികളായ ഇരു കക്ഷികൾക്കും അത് അനുഗ്രഹമായി തീരും.[26] യഥാർഥത്തിൽ മുസ്‌ലിം വിവാഹ നിയമത്തിൽ ഈ കരാറിന്റെ വശം വളരെ പ്രമുഖമായതിനാൽ വിവാഹം മുഴുവൻ ഒരു സിവിൽ ഉടമ്പടിയായിട്ടാണ് ചില നിയമജ്ഞർ കരുതുന്നത്. ടാഗോർ നിയമ പ്രഭാഷണത്തിൽ (1873) മി. ശ്യാമ ചരൺ സിർക്കാർ പറയുന്നത്: മുഹമ്മദീയർക്കിടയിൽ വിവാഹം എന്നത് അലംഘനീയമായ മതാചാരമല്ല മറിച്ച് അത് തികച്ചും ഒരു സിവിൽ കരാറാണ്. പൊതവേ ചില ഖുർആൻ വചന ങ്ങൾ ഓതിക്കൊണ്ടാണ് അവർ വിവാഹ കർമം നിർവഹിക്കുന്നത്. മുഹമ്മദീയ നിയമം വ്യക്തമായി വിവാഹ സന്ദർഭത്തിൽ ഒരു മതശു ശ്രൂഷ നിർദേശിച്ചിട്ടില്ല.[27] അദ്ദേഹ ത്തിന്റെ ഈ നിരീക്ഷണം ജസ്റ്റീസ് മഹ്മൂദ് തന്റെ ഒരു വിധി ന്യായത്തിൽ സ്വീകരിക്കുകയും 'മുഹമ്മദീയർക്കിടയിൽ വിവാഹം ഒരു ദിവ്യമായ അനുഷ്ഠാനമല്ല തികച്ചും ഒരു സിവിൽ കരാറാണ്.'[28] തുടർന്ന് വിവാഹവും മഹറും വിൽപ്പന ഉടമ്പടിയോടാണ് അദ്ദേഹം ഉപമിക്കുന്നത്. അതായത് അവൾക്ക് ഭർത്താവ് മഹർ നൽകാതിരിക്കുന്നുവോ അക്കാലം വരെ അവൾക്ക് തന്റെ ഭർത്താവിനെ പ്രതിരോധിക്കാനുള്ള അവകാശമുണ്ട്. അഥവാ വിറ്റചരക്കിനു മേൽ വിൽക്കുന്നയാൾക്ക് കുരുക്കായി ഒരു ബാദ്ധ്യതയുള്ളത് പോലെ. ചരക്ക് അയാളുടെ അധീനതയിലാണെങ്കിലും അതിന്റെ വിലയോ വിലയുടെ ഭാഗമോ നൽകാതെ ബാക്കിയാവുകയാണെങ്കിൽ ചരക്ക് വാങ്ങിയ ആൾക്ക് അത് ബാദ്ധ്യത പൂർവം ലഭിച്ചത് പോലെയാണ് അവളുടെ വിധേയത്വം.[29] എം. എസ് ജംഗിന്റെ അഭിപ്രായ പ്രകാരം 'മുസ്‌ലിം വിവാഹം സാരാംശത്തിൽ ഒരു കരാറാണ്. എന്നാൽ അതൊരു ആരാധനാ കർമം കൂടിയാണ്. അതിന്റെ ലക്ഷ്യം ആനന്ദിക്കാനുള്ള അവകാശവും സന്താനങ്ങളുടെ പ്രജനനവും സമൂഹത്തിന്റെതാൽപര്യത്തിനനുസരിച്ച് സാമൂഹിക ജീവിതത്തിന്റെ നിയന്ത്രണവുമാണ്.'[30] വിൽസന്റെ നിർവചന പ്രകാരം 'ലൈംഗിക വേഴ്ച്ചനിയമാനുസൃതമാക്കലും സന്താനങ്ങളുടെ പ്രജനനവുമാണ്.'[31] ഫിറ്റ്സ് ജെറാൾഡ് ഇത്രത്തോളം അഭിപ്രായപ്പെടുന്നു. 'അതായത് മുസ്‌ലിം വിവാഹം മതപരമായ ധർമം ആണെങ്കിലും അസന്ദിഗ്ധമായും അത് ഒരു ദിവ്യാചാരനുഷ്ഠാനമല്ല. ഇസ്‌ലാമിൽ ദിവ്യാനുഷ്ഠാനങ്ങളില്ല. അത് ഇസ്‌ലാമിലെ ഭർതൃമതിത്വവു (Coverture) മല്ല.'[32] മി. ജസ്റ്റീസ് അബ്ദുർ റഹ്മാൻ ശരിയായ രീതിയിൽ ഇസ്‌ലാമിക വിവാഹത്തെ നിർവചിച്ചിരിക്കുന്നു 'അതിന് ഒരേസമയം ***ഇബാദത്തിന്റെ*** അഥവാ ആരാധനാ കർമത്തിന്റെ സ്വഭാവവും ***മുമലാത്തും*** അഥവാ മനുഷ്യരോടുള്ള ഇടപഴകലു മാണ്.'[33] വി.ആർ. കൃഷ്ണയ്യർ അബ്ദുർ റഹ്മാന്റെ അഭിപ്രായവുമായി യോജിച്ചുകൊണ്ട് പറയുന്നു: 'മുസ്‌ലിം വിവാഹം വെറുമൊരു കരാറാണെന്ന പ്രതീതി ജനിപ്പിക്കുന്നു അത് വേണ്ടത്ര മതാചാരപരവും ദിവ്യവുമല്ല എന്നത് ഹിന്ദു പാശ്ചാത്യ വിദ്യാർഥികളുടെ മറ്റൊരു തെറ്റിദ്ധാരണയാണ്'[34]

### മുസ്‌ലിം വിവാഹം: സവിശേഷതകളും ഉപാധികളും

ഇസ്‌ലാമിലെ വിവാഹത്തിന് മൂന്ന് വശങ്ങളുണ്ട്. 1) നിയമപരം 2) സാമൂഹ്യം 3) മതപരം

നിയമപരമായി അത് ഒരു ഉടമ്പടിയാണ്. അത് അലംഘനീയവും മതാനുഷ്ഠാനപരവുമായ ദിവ്യസമാഗമമല്ല. അതിന് മൂന്ന് പ്രത്യേകതകളുണ്ട്. 1) സമ്മതമില്ലാതെ വിവാഹമില്ല. വധുവിന്റെ സമ്മതം ഇസ്‌ലാമിക വിവാഹത്തിന് നിർബന്ധമാണ്. 2) ഉടമ്പടി എന്ന നിലക്ക് അതിന്റെ വിഛേദനത്തിന്ന്, പങ്കാളികളുടെ നടപടി മുഖേനയോ നിയമം മുഖേനയോ വിവാഹ ഉടമ്പടി റദ്ദാക്കുന്നതിന്ന് അതിൽ പല തരത്തിലുള്ള ഉപാധികളുണ്ട്. 3) വ്യക്തിഗതമായി കേസ് കൊടുക്കാൻ തക്കവണ്ണം മാറ്റപ്പെട്ടുകൊണ്ടിരിക്കുന്ന നിയമ പരിധിക്കകത്തുള്ള ഉപാധികളാണ് വിവാഹ ഉടമ്പടിയിലുള്ളത്.

വിവാഹത്തിന്റെ സാമൂഹിക വശത്തിന് മൂന്ന് സുപ്രധാന ഘടകങ്ങളുണ്ട്.1) വിവാഹം കഴിഞ്ഞ തിന്

ശേഷം തീർച്ചയായും ഉന്നത മായ പദവിയാണ് ഇസ്‌ലാമിക നിയമം സ്ത്രീക്ക് നൽകുന്നത്. 2) നിയന്ത്രിത ബഹുഭാര്യത്വം അനുവദിക്കുന്നു. 3) പ്രവാചകൻ വിവാഹത്തിന്റെ പാവന പദവിയെ ജീവിത മാതൃകയിലൂടെയും ധാർമികമായ ഉപദേശങ്ങളിലൂടെയും പ്രോത്സാഹിപ്പിക്കുകയുണ്ടായി. വിവാഹത്തിന് കഴിവുള്ളവരെല്ലാം അത് നിർവഹിക്കട്ടെ എന്ന പ്രവാചകൻ ഉദ്ബോധിപ്പിക്കുകയുണ്ടായി. സമൂഹത്തിന്റെ മതപരമായി ഇസ്‌ലാമിൽ വിവാഹം സമൂഹത്തിന്റെ അടിസ്ഥാനമായിട്ടാണ് കണക്കാക്കപ്പെടുന്നത്.

അതായത് വിവാഹം പാവനമായ ഉടമ്പടിയാണ്. അതേസമയം അതൊരു പാവനമായകരാറുകൂടിയാണ്. ഒരു സ്ഥാപനം എന്ന നിലക്ക് വിവാഹം മനുഷ്യനെ ഉത്ക്കർഷത്തിലേക്ക് നയിക്കുന്നതും മാനവരാശിയുടെ നൈര്യന്തരത്തിന് ഉപാധിയായി വർത്തിക്കുകയും ചെയ്യുന്നു. താൽക്കാലിക വിവാഹങ്ങൾ നിരോധിക്കപ്പെടുകയും ദമ്പതികൾ പരസ്പരം സ്നേഹത്തോടെയും സാമൂഹികാടിസ്ഥാനത്തിലാണ് അംഗീകരിക്കപ്പെടുന്നത്. അതൊരു ഉടമ്പടിയാണ്. ബഹുമാനത്തോടെ കഴിയാൻ ആജ്ഞാപിക്കപെടുകയും ചെയ്തു.[35]

ഇസ്‌ലാമിലെ വിവാഹത്തിന്റെ നിയമപരത അതിന്റെ ലാളിത്യം കൊണ്ട് ശ്രദ്ധേയമാണ്. വിവാഹം യാതൊരുവിധ ആചാരങ്ങളും ക്ലേശകരമായ മാമൂലുകളുമില്ലാതെയും ആരുടെയും സവിശേഷമായ അധികാരങ്ങളില്ലാതെയും നടത്താവുന്നതാണ്. നിയമപരമായ വ്യാഖ്യാനമനുസരിച്ച് അഞ്ച് ഉപാധികളാണ് മുസ്‌ലിം വിവാഹത്തിന്റെ സാധുതക്ക് ആവശ്യമായി വരുന്നത്. സമർപ്പണം, സ്വീകരണം, പരിഗണന, പ്രായപൂർത്തി, വിഷയവസ്തു എന്നിവയാണവ. സുപ്രാധമായുള്ളത് സമർപ്പണവും സ്വീകരണവുമാണ്. ഉടമ്പടിയിൽ പങ്കെടുക്കുന്ന ഒരു കക്ഷിയുടെ സമർപ്പണവും തുടർന്നു മറുകക്ഷിയുടെ സ്വീകരണവും ഒരേവേദിയിലെ സമാഗമത്തിൽ നടക്കുന്നു. ഇതിന്റെ വിളംബരത്തോടെ നിയമപരമായ വിവാഹ ഉടമ്പടിയായി. ഇസ്‌ലാമിലെ വിവാഹത്തിൽ, നിയമപരമായ യോഗ്യതയില്ലാത്ത പ്രായപൂർത്തിയാകാത്തവരുടെ കാര്യത്തിൽ രക്ഷിതാക്കന്മാർക്ക് ആ മൈനർക്ക് വേണ്ടികരാറിൽ പങ്കെടുക്കുന്നതിന് നിയമപരമായി സാധുതയുണ്ട്. ഒരു കക്ഷിയുടെ ഭാഗത്തു നിന്നുള്ള സമർപ്പണത്തിനും സ്വീകരണത്തിനും ആവശ്യമായ സാക്ഷികളുണ്ടായിരിക്കണമെന്നേയുള്ളു. (ഹനഫിക ളുടെ നിയമത്തിൽ രണ്ട്, ശിയാക്കളുടെ നിയമത്തിൽ സാക്ഷികൾ വേണമെന്നില്ല.)[36]

സ്ത്രീക്കും പുരുഷനും വിവാഹ പങ്കാളിയെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മുസ്‌ലിം വിവാഹനിയമത്തിന്റെ അടിസ്ഥാന സവിശേഷതയാണ്. മുസ്‌ലിം വിവാഹത്തിൽ നിർബാധം ഏർപ്പെടുവാനുള്ള രണ്ട് നിയമപരമായ യോഗ്യത ബുദ്ധി സ്ഥിരതയും പ്രായപൂർത്തിയുമാണ്. അത് നിയമത്തിന്റെ ഒരു അംഗീകൃത തത്ത്വമാണ്. ചുരുക്കത്തിൽ വിവാഹത്തിൽ പങ്കെടുക്കുന്ന ഓരോ കക്ഷിയും മറ്റു കാരാറുകളിലെന്ന പോലെ അതാതിടത്തെ നാട്ടുവഴക്കങ്ങൾക്കനുസരിച്ച് വിധിക്കുന്നു. ചുരുക്കത്തിൽ വിവാഹത്തിലെ വ്യക്തിപരമായ ശേഷിയെന്നത് അതാത് പ്രദേശത്തെ നിയമങ്ങളെ ആശ്രയിച്ചിരിക്കും. മുസ്‌ലിം നിയമത്തിനു കീഴിൽ നിയമസാധുത്വമുള്ള ഒരു വിവാഹ ഉടമ്പടിയിൽ ഏർപ്പെടാൻ മറ്റു വ്യവഹാരങ്ങൾ നിർവഹിക്കാൻ നിർമിക്കുന്ന ഉടമ്പടികൾക്കുള്ള അതേ അടിസ്ഥാനവും അതേ ഉപാധികളുമാണുള്ളത്. പ്രാഥമികമായി പങ്കെടുക്കുന്ന ഇരു കക്ഷികളും അവർ ചെയ്യുന്ന കർമത്തെപറ്റി പൂർണമായും അറിയാൻ കഴിഞ്ഞിരിക്കണം. ഇരുകക്ഷികളിൽ പെട്ട ആർക്കെങ്കിലുമൊരാൾക്ക് മാനസിക വൈകല്യം ഉണ്ടെങ്കിൽ അഥവാ ഉടമ്പടിയുടെ സ്വഭാവംഅറിയാൻ കഴിയാത്ത ഒരാളാണെങ്കിൽ ആ കരാർ നിരർഥകമാണ്. രണ്ടാമതായി അവർ ആക്ഷികളും പ്രായപൂർത്തിയായവരായിരിക്കണം. (അവർക്ക് വേണ്ടി അവരുടെ രക്ഷിതാക്കളാൽ വിവാഹം ഉടമ്പടി ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ). മൂന്നാമതായി അവർ അവരുടെ സ്വതന്ത്ര ഇച്ഛക്കനുസരിച്ചായിരിക്കണം പ്രവർത്തിക്കേണ്ടത് അല്ലാതെ നിർബന്ധത്തിന് വഴങ്ങിയിട്ടായിരിക്കരുത്.[37]

വിവാഹ കരാറിൽ ഏർപ്പെടുന്നവർക്ക്യാതൊരു വിധപ്രായപരിധിയും മുസ്‌ലിം നിയമം നിർദേശിക്കുന്നില്ല. നിയമാനുസാരമുള്ള മാമൂൽ വിവാഹങ്ങൾക്ക് അതിൽ പങ്കെടുക്കുന്ന കക്ഷികൾക്ക് പ്രായപൂർത്തിയാകേണ്ടതുണ്ട്. സ്റ്റേറ്റ് അനുശാസിക്കുന്ന നിയമപ്രകാരമുള്ള പ്രായത്തിന്റെ പരിധിയിൽ കുറഞ്ഞ പ്രായത്തിൽ ദമ്പതിമാർ വിവാഹിതരായെങ്കിൽ പോലും അവരുടെ വിവാഹം പ്രായപൂർത്തിയാവുമ്പോൾ സാധുവായിരിക്കും. പ്രായപൂർത്തിയും വിവേചന ബോധവും വിവാഹത്തിന്റെ സാധുവായ ഉടമ്പടിക്ക് ആവശ്യമായ ഘടകങ്ങളാണ്. നിയമത്തിന് മുമ്പിൽ ശിശുവായ ഒരാൾക്ക് ഏതെങ്കിലും നിയപരമായ വ്യവഹാരത്തിൽ പ്രവേശിക്കുന്നതിന് അയോഗ്യനാണ്. അപ്രകാരം തന്നെ വിവാഹ ഉടമ്പടിയിൽ പ്രവേശിക്കു ന്നതിനും അയോഗ്യത യുണ്ട്. ഇംഗ്ലീഷ് പൊതു നിയമം പോലെ വിവേചനബോധവും ഗ്രഹണ ശേഷിയുമുള്ള ഒരു മൈനർ ഏർപ്പെടുന്ന ഉടമ്പടിയും, മറ്റൊരാൾ മൈനറായിരിക്കെ തന്നെ ഗ്രഹണശേഷിയില്ലാത്ത ഒരു മൈനറും തമ്മിലുള്ള ഉടമ്പടിയും തമ്മിലുള്ള വ്യത്യാസം മുസ്‌ലിം നിയമവും സൃഷ്ടിക്കുന്നുണ്ട്. വിവേചന ബോധം പ്രാപിച്ചിട്ടില്ലാത്ത മൈനർ ഏർപ്പെടുന്ന വിവാഹ കരാർ അപ്രകാരം അനന്തര ഫലത്തെക്കുറിച്ച് ഗ്രഹണ ശേഷിയില്ലാത്തയാൾ ഏർപ്പെടുന്ന കാരാർ തികച്ചും അസാധുവാണ്. ഇതേ ഉപാധികൾ തന്നെ ആൺകുട്ടിയുടെ കാര്യത്തിലെന്ന പോലെ പെൺകുട്ടിയുടെ കാര്യത്തിലും

ബാധകമാണ്.അവൾക്കും യഥാക്രമം വിവാഹ ഉടമ്പടിയിൽ പ്രവേശിക്കണമെങ്കിൽ പ്രായപൂർത്തിയാവുകയും ബുദ്ധിസ്ഥിരത ഉണ്ടായിരിക്കുകയും ചെയ്യണം. വിവേചന ബോധം പ്രാപിക്കുന്ന ഒരു പ്രത്യേകപ്രായം മുസ്‌ലിം നിയമം നിശ്ചയിച്ചിട്ടില്ല. എന്തായിരുന്നലും ഇംഗ്ലീഷ് നിയമപ്രകാരം കുട്ടികളിൽ ഏഴു വയസ്സുമുതൽ കാര്യങ്ങൾ അറിയാനുള്ള ആഗ്രഹവും നിയമ നടപടികളുടെ പ്രഭാവം ഗ്രഹിക്കാ നുള്ള നുള്ള ശേഷിയുമുണ്ട്. ഇന്ത്യൻ ശിക്ഷാ നിയമത്തിലും അക്രമണത്തിന്റെ ഉത്തരവാദിത്വം നിജപ്പെടുത്തിയുള്ള പ്രായം ഏഴാണ്.[38] പ്രായപൂർത്തി എന്നത് ഒരു ജീവശ്ശാസ്ത്ര പ്രതിഭാസമാണ്. 15 വയസ്സിൽ അത് പ്രാപിക്കുന്നതായി പൊതുവേ കരുതപ്പെടുന്നു. പ്രായപൂർത്തി നേരത്തെ തന്നെ ആൺകുട്ടികളിലും പെൺകുട്ടികളും സംഭവിക്കുന്നതിനുള്ള സാദ്ധ്യതയും തള്ളിക്കളയുന്നില്ല. ചില പ്രത്യേക സാഹചര്യത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 12 വയസ്സിലും 9 വയസ്സിൽ പോലും പ്രായപൂർത്തിയെത്തിയതായി കണ്ടു വരുന്നു.[39] പ്രിവികൗൺസിൽ പ്രകാരം ആതിഖാ ബീഗവും മുഹമ്മദ് ഇബ്രാഹിമും തമ്മിലുള്ള കേസിൽ മുഹമ്മദൻ നിയപ്രകാരം ഒരു പെൺകുട്ടി പ്രായപൂർത്തിത്തിയാവുന്നത് രണ്ട് വിധത്തിലാണ്. 1) 15 വയസ്സിന്റെ പൂർത്തീകരണം അല്ലെങ്കിൽ അതിന് മുമ്പായി പ്രായപൂർത്തിയെത്തൽ. സിബിത്ത് അഹ്മദും ആമിനാ ഖാത്തൂമും തമ്മിലുള്ള കേസിൽ[41] ശിയാ നിയമ പ്രകാരം പെൺകുട്ടിക്ക് എട്ടു വയസിനും ഒമ്പത് വയസ്സിനുമിടയിൽ പ്രായപൂർത്തിയെത്തുമെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. നവാബ് സാദിക്ക് അലി ഖാനും V. ജയ് കിശോരി 42 കേസിൽ മുസ്‌ലിം പെൺകുട്ടിക്ക് ഒമ്പത് വയസ്സാണ് പ്രിവി കൗൺസിൽ നടത്തിയ മറ്റൊരു അഭിപ്രായം. ഹനഫി, ഇസ്നാ അശ്രി നിയമ പ്രകാരം മൈനറായ ഒരു പെൺകുട്ടി അവളുടെ രക്ഷിതാക്കന്മാരുടെ സമ്മതമോ ഇടപെടലോ ഇല്ലാതെ വിവാഹം ഉടമ്പടി ചെയ്യാൻ പാടില്ല. ഇസ്മായീലിയാ നിയമ പ്രകാരം യാതൊരു പെൺകുട്ടിയും അവൾ മൈനറോ മേജറോ ആകട്ടെ അവൾ തന്റെ രക്ഷിതാവിന്റെ ഇടപെടലില്ലാതെ വിവാഹക്കരാറിൽ ഏർപ്പെടാൻ പാടില്ല, എന്നാൽ രക്ഷിതാവിന് അവരുടെ സമ്മതമില്ലാതെ വിവാഹത്തിന് നിർബന്ധിക്കാനും പാടില്ല. ശാഫി നിയമത്തിൽ പെൺകുട്ടികൾക്ക് അവരുടെ രക്ഷിതാവിന്റെ സമ്മതമില്ലാതെ വിവാഹ ഉടമ്പടിയിൽ ഏർപ്പെടാൻ സാധ്യമല്ല. അവളുടെ ഒന്നാമത്തെ വിവാഹത്തിനൊഴികെ ഈ നിയമം ബാധകമല്ല. ശാഫി പെൺകുട്ടി രക്ഷിതാവിന്റെ സമ്മതമില്ലാതെ ഏർപ്പെട്ട വിവാഹ ഉടമ്പടിയിൽ അസാധുവായിരിക്കും എന്ന നിലപാടിൽ ഇന്ത്യൻ കോടതി സ്വീകരിച്ചിട്ടുണ്ട്.[43] അലഹബാദ് ഹൈക്കോടതി അയ്യൂബ് ഹസ്സൻ അക്താരി & ഓർസ്[44] കേസിൽ സ്വീകരിച്ച വിധി ശ്രദ്ധിക്കുക.

മുഹമ്മദൻ വിവാഹ നിയമമനുസരിച്ച് വിവാഹം പോലെയുള്ള ഉദ്ദേശങ്ങൾക്കായി ഒരു മൈനർ പെൺകുട്ടിയുടെ രക്ഷിതാവ് വിവാഹ ഉടമ്പടിയിൽ ഏർപ്പെട്ടതായി തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ അത് സാധുവായേക്കാവുന്നതാണ്. അകന്ന ഒരു ബന്ധു അടുത്ത ബന്ധുവിന്റെ സമ്മതമില്ലാതെ ഒരു മൈനറായ പെൺകുട്ടിയുടെ വിവാഹ ഉടമ്പടിയിലേർപ്പെടുകയും ആ അടുത്ത ബന്ധുവിനെ വിവാഹം നടത്തികൊടുക്കാൻ കഴിയുന്ന അടുത്ത ബന്ധുവാണെന്ന് തിരിച്ചറിയുകയും ആ വിവാഹത്തെ അടുത്ത ബന്ധു അംഗീകരിക്കാതിരിക്കുകയും ചെയ്താൽ പ്രസ്തുത അകന്ന ബന്ധു മൈനർ പെൺകുട്ടിക്ക് വേണ്ടി ഏർപെട്ട വിവാഹ ഉടമ്പടി റദ്ദാക്കപെടുകയും പ്രാബല്യം നഷ്ടപ്പെടുന്നതുമാണ്. അത്തരം കേസുകളിൽ വിവാഹിതർ പരസ്പരം ശാരീരികമായ പങ്കിടൽ നടന്നാലും ആ വിവാഹം റദ്ദാക്കപ്പെടും.'

കേരളാ ഹൈകോടതിയിൽ ആദം Vs മുഹമ്മദ് കേസിൽ[45] പ്രായപൂർത്തിയായ പെൺകുട്ടിയുടെ സമ്മതമില്ലാതെ മുസ്‌ലിം നിയമത്തിൽ വിവാഹം സാധുവാകില്ല. പ്രായപൂർത്തിയായ പെൺകുട്ടി വിവാഹത്തിന് അവളുടെ സമ്മതം നൽകിയിട്ടില്ല എന്ന് തെളിവുകളുണ്ടെങ്കിൽ അവളുടെ പിതാവ് ആ വിവാഹത്തിന് സമ്മതിച്ചെങ്കി ൽ പോലും ആ വിവാഹം സാധുവായിരിക്കുമെന്ന് കണക്കാക്കാൻ സാദ്ധ്യമല്ല. ശാഫി വിഭാഗത്തിന്റെ ഒരു കേസിൽ മദ്രാസ് ഹൈകോർട്ടിന്റെ കൂടി വീക്ഷണം ഇപ്രകാരമാണ്.[46]

പിതാവ് തന്റെ പ്രായപൂർത്തിവന്ന കന്യകയായ മകളുടെ സമ്മതമില്ലാതെ വിവാഹം കഴിപ്പിച്ചാൽ ആ വിവാഹം റദ്ദാകുന്നതാണ്. മകളുടെ സമ്മതം ***വലി***യിൽ കൂടി മാത്രം പ്രകടമാവൽ ആവശ്യവുമാണ്.

വിവാഹ സമയത്ത് പെൺകുട്ടിയുടെ വിവാഹ സമ്മതമെടുക്കുക എന്ന കാര്യം പരിഗണിക്കു മ്പോൾ അനുഭവത്തിൽ അത് ശരീഅത്ത് അനുശാസിക്കും വിധം യഥാർഥത്തിൽ പ്രാവർത്തികമാക്ക പെടുന്നില്ല. 68% കേസുകളിലും വിവാഹ സമയത്ത് പെൺകുട്ടിയോട് കൂടിയാലോചിക്കുകയോ അവളുടെ സമ്മതം നേരിട്ട് വാങ്ങുകയോ ചെയ്യുന്നില്ല. (ടേബിൾ1 കാണുക) മിക്കവാറും രക്ഷിതാക്കന്മാർ ഇന്ന് നാം കാണുന്ന രീതിയിൽ പാരമ്പര്യ ആചാരങ്ങൾ തുടരുകയാണ് ചെയ്യുന്നത്. അവർ പറയുന്നത്, മക്കൾക്ക് വേണ്ടി വിവാഹം ഏർപ്പാടാക്കേണ്ട ചുമതല അവരുടെ രക്ഷിതാക്കന്മാരുടെതാണ് എന്നാണ്. പെൺകുട്ടികൾ അവരുടെ രക്ഷിതാക്കൾ എതൊരു വിവാഹമാണോ ഏർപ്പാടാക്കുന്നത് അത് അവർ അനിവാര്യമായും അംഗീകരി ക്കേണ്ടതുണ്ട്.

എല്ലാ മുസ്‌ലിം നിയമസരണിയിലും പുരുഷനാണ് വിവാഹ ഉടമ്പടി

യിലേർപ്പെടാനുള്ള അധികാരം (പുരുഷൻ, അയാൾ സ്വന്തമായോ അല്ലെങ്കിൽ മറ്റൊരു സ്ത്രീയുടെ രക്ഷിതാവായിക്കൊണ്ടോ അല്ലെങ്കിൽ ഏജന്റായിക്കൊണ്ടോ) ഉടമ്പടിയിൽ ഏർപ്പെടുന്ന ആൾ അവികലമായ മാനസികാരോഗ്യം ഉള്ളയാളും പ്രായപൂർത്തിപ്രാപിച്ചയാളുമായിരിക്കണം. എന്തായിരുന്നാലും പ്രത്യേകം ശ്രദ്ധിക്കേ ണ്ടകാര്യം മുസ്ലിം പെൺകുട്ടികളടക്കം മൈനർമാരായ പെൺകുട്ടികളുടെ വിവാഹം 1926 ലെ ശൈശവ വിവാഹ നിരോധന നിയമ പ്രകാരം നിരോധിക്കപെട്ടതാണ്. ആ നിയമ പ്രകാരം 18 വയസ്സിന്ന് താഴെയുള്ള ആൺകുട്ടികൾക്കും 15 വയസ്സിന് താഴെയുള്ള പെൺകുട്ടികൾക്കും വിവാഹം നടത്തിക്കൊടുക്കൽ കുറ്റമാണ്. ഇത് മുസ്ലിംകളടക്കം എല്ലാ ഇന്ത്യൻ പൗരന്മാർക്കും ബാധകമായ പൊതുനിയമമാണ്. കാലാകാലങ്ങളിലുണ്ടായ ഭേദഗതികളോടെ ആ നിയമം 1978ൽ ഇന്ന് കാണുന്ന രൂപത്തിൽ എത്തിച്ചേർന്നിരിക്കുന്നു. അതായത് പെൺകുട്ടിയുടെ പ്രായം 18 ആയി ഉയർത്തികൊണ്ടുള്ള ഇന്നത്തെ രൂപം. ഇത് ഒരു ശിക്ഷാ നിയമമാണ്. ഈ നിയമ പ്രകാരം ഇത്തരം വിവാഹങ്ങൾക്ക് ഉത്തരവാദിയാവുന്ന എല്ലാവരും ശിക്ഷാർഹരാണ്.

ഇതർഥമാക്കുന്നത്.18 വയസ്സിന് താഴെയുള്ള മുസ്ലിം പെൺകുട്ടി വിവാഹിതയായാൽ, അവളും വിവാഹിതനായ വരനും ***ഖാദിയും*** (അവർ ഈ വിവാഹത്തെപ്പറ്റി അറിഞ്ഞുകൊണ്ട് പങ്കാളികളായിട്ടു ണ്ടെങ്കിൽ) ഇതിൽ കുറ്റക്കാരാണ്. ആ വിവാഹം സാധുവാണോ എന്ന് തീരുമാനിക്കേണ്ടതും പെൺ കുട്ടിക്ക് ആ വിവാഹം ബാധകമാണോ എന്ന് പരിശോധിക്കേണ്ടതും മുസ്ലിം പേഴ്സണൽ നിയമമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഈ കേസിലെ മുസ്ലിം ബാധകമാവുന്ന, വിവാഹത്തിന്റെ രക്ഷകർതൃത്വം, പ്രായപൂർത്തിഎന്നിവ സംബന്ധിച്ച നിയമം അതേപടി അവികലമായി തുടരും. ശ്രദ്ധേയമായ മറ്റൊരു കാര്യം 1926 ലെ ശൈവ വിവാഹ നിരോധന നിയമ പ്രകാരം മൈനർ പെൺകുട്ടിക്ക് ജയിൽ ശിക്ഷ നൽകാൻ പാടില്ല. അവൾക്ക് നൽകാവുന്ന ഒരേയൊരു ശിക്ഷ പിഴശിക്ഷയാണ്. അതിനെക്കാളുപരിയായി 18 വയസ്സിന് കീലുള്ള പെൺകുട്ടിയുടെ നിർദിഷ്ട വിവാഹം ഒരു നിയമാധികാരമുള്ള കോടതി ഇഞ്ചങ്ങ്ഷൻ മുഖേന തടയാവുന്നതാണ്. അത്തരം ഇഞ്ചങ്ങ്ഷൻ അവഗണി ക്കുകയാണെങ്കിൽ അത് കോടതിയലക്ഷ്യവും നിയമപരമായി ശിക്ഷയർഹിക്കുന്ന കുറ്റവുമായിരിക്കും. അത്തരം വിവാഹത്തിന് എത്രതന്നെ മുസ്ലിം നിയമത്തിന്റെ അംഗീകാരമുണ്ടെങ്കിലും ശിക്ഷാർഹമായിരിക്കും.[47.] അങ്ങ നെ വരുമ്പോൾ . മുസ്ലിം മൈനറെ സംബന്ധിച്ച മുസ്ലിം വ്യക്തിനിയമവും ശൈശവ വിവാഹ നിരോധന നിയമവും തമ്മിൽ പ്രകടമായ ഒരു സംഘർഷന മുള്ളതായി കാണാം. മുസ്ലിം നിയമത്തിലെ പ്രായപൂർത്തി സിദ്ധാന്തത്തിന്റെ താൽപര്യം പരിഗണിക്കുമ്പോൾ 1929 ലെ ശൈശവ വിവാഹനിരോധനനിയമം

നിയമാനുസാരമാണ്. അപ്പോൾ മുസ്ലിംവ്യക്തിനിയമത്തിന് കീഴിൽ 18 വയസ്സിന് താഴെയുള്ള മുസ്ലിം പെൺകുട്ടിയുടെ വിവാ ഹം നടത്തുന്നത് 1929 ലെ ശൈശവ നിരോധന നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ഇൻഞ്ചങ്ങ്ഷൻ മുഖേന തടയപ്പെടാവുന്നതാണ്.

***തുടരും***

*(വിവ: എ. എം.)*

## Reference


25 Supra note 14 at 77., 26 Tahir
27 *Supra* note 25 at p. 31, 28 *Abdul Kadir v. Salima* (1886) 8 Allahabad 14 9.FB 29 *Ibid.*, 30 *Supra* note 28., 31 *Supra* note 13 at p. 45. 32 *Ibid.*
33 *Supra* note 20 at p. 327.
34 V.R. Krishna Iyer, “Reform of The Muslim Personal Law” In (ed) Tahir Mahmood, *Islamic law in Modern India* 23 (Indian Law Institute, New
35 *Supra note 16 at p.15*
36 id at 86
37Sayed Ameer*Law of Mohammedans in India and Pakistan*, pp. 273-4
38 Ibid p. 274
39 Supra note 24 at p.50
40 AIR 1916 PC 250.
41 (1928) 50 ALL 733.
42 (1928) 30 Bom LR 1346.
*43 Supra* note 39 at pp.50,51
44 AIR 1963 All 525(V 50 C 151).
45 1990(1) KLT 705.
46 *Hasan Kutty Bearj v. Jainaba*, AIR 1928 Mad 1285.
47 Tahir Mahamood, “Islamic Law of Mmuslim Women in Modern India”, VI (1) *Religion andLaw weekly* 21 (1997).


# രോഗികൾക്ക് സുവാർത്ത

അബ്ദുല്ലാ (റ) നിവേദനം: നബി(സ) കഠിന ജ്വരം ബാധിച്ച് കിടക്കുന്ന അവസരത്തിൽ ഞാൻ നബി (സ) അടുക്കൽ പ്രവേശിച്ചു. ഞാൻ പറഞ്ഞു: തീർച്ചയായും താങ്കൾക്ക് കഠിന ജ്വരം ബാധിച്ചിരിക്കുന്നു. അങ്ങേക്ക് ഇരട്ടി പുണ്യം ലഭിക്കാൻ വേണ്ടിയായിരിക്കാം. നബി(സ) അരുളി: അതെ ഏതൊരു മുസ്ലിമാവട്ടെ വല്ല അസുഖവും അവന് ബാധിച്ചാൽ മരത്തിൽ നിന്ന് ഇല ഉണങ്ങിവീഴും പോലെ അവന്റെ പാപങ്ങൾ അവനിൽ നിന്ന് ഉണങ്ങി വീണു പോയിക്കൊണ്ടിരിക്കും (ബുഖാരി)

കുറിപ്പുകൾ

# വന്നു പോവുന്ന ധൂമകേതുക്കൾ

മുസാഫിർ

**ധൂ**മ കേതുക്കളുടെ അഥവാ വാൽ നക്ഷത്രങ്ങളുടെ വരവും പോക്കും ആധുനിക വാനശാസ്ത്ര ത്തിന്റെ ആഘോഷ വേളകളാണ്. ഇപ്പോൾ സൂര്യനെ വലം വെച്ച് വിദൂരങ്ങളിലേക്ക് തിരോഭവിച്ചു കൊണ്ടിരിക്കുന്ന ധൂമകേതുവാണ് **ഐസോൺ**. ശാസ്ത്ര ലോകം വമ്പിച്ച ഒരുക്കങ്ങൾ നടത്തിയാണ് ഐസോണിനെ വരവേൽക്കാനൊരുങ്ങിയത്. രണ്ട് റഷ്യൻ ഗോളശാൽ യൂണിയൻ നൽകിയ ആധികാരിക ശാസ്ത്രനാമം C/2012 S1 എന്നാണ്. ധൂമകേതുവിനെ പറ്റിയുള്ള സാമാന്യവിവരം അതിന്റെ ശാസ്ത്ര നാമത്തിലുണ്ട്. പേരിലെ **'C'** എന്നത് വീണ്ടുംവരാത്ത അഥവാ ആവർത്തിക്കാത്ത (Non Periodical) ധൂമകേതു എന്നതിന്റെ സൂചനയാണ്. 2012 കണ്ടെത്തിയ വർഷവും, **'S'** കണ്ടെത്തിയത് സെപ്തംബർ മാസമാണെന്നും **'1'** എന്ന സംഖ്യ ആ മാസം കണ്ടെത്തിയ ആദ്യ ധൂമകേതുവാണെന്നും സൂചിപ്പിക്കുന്നു. ഈ വിധമെന്ന പ്രതീക്ഷയിൽ ധൂമകേതുവിനെ ജനകീയനാക്കാൻ ആകാശ നിരീക്ഷകർ അതിന്ന് 'ക്രിസ്മസ് കോമറ്റ്'എന്ന പേരും നൽകി. സാധാരണ ഗതിയിൽ ധൂമകേതുവിന് സൂര്യനോടടുക്കുന്തോറും തിളക്കം കൂടി വരേണ്ടതാണ്. ഐസോണിന് അത്രയൊന്നും ഗ്ലാമറുണ്ടാവില്ല എന്നാണ് ശാസ്ത്ര വിദഗ്ധർ അവസാന വിശകലനത്തിൽ പറയുന്നത്. കാരണം ഐസോൺ മരിച്ചു കൊണ്ടിരിക്കുന്ന ഒരു ധൂമകേതുവാണെന്നാണ് ഇപ്പോഴത്തെ ശാസ്ത്ര നിഗമനം.



സ്ത്രജ്ഞന്മാർ 2012 സപ്തംബർ 21-നാണ് ആകാശ വിദൂരതയിൽ വെച്ച് ഐസോണിനെ കണ്ടെത്തിയത്. റഷ്യയിലെ വടക്കൻ കോക്ക സസിനടുത്തുവെച്ച് അവർ ഉപയോഗിച്ച ടെലസ്കോപ്പിന്റെ പേരിൽ നിന്നാണ് ഐസോൺ എന്ന പേർ വന്നത്. (International Scientific Optical Network-ISON)ഐസോൺ എന്ന ആ ഓമനപേരിലാണ് ധൂമകേതു അറിയപ്പെട്ടു ന്നതെങ്കിലും അതിന് ഇന്റർനാഷനൽ അസ്ട്രോണമിക്കമാണ് ധൂമകേതുക്കളുടെ പേരിടൽ നടത്തുന്നത്. ഐസോണിന്റെ വരവ് ഒരു സംഭവമാക്കാനും ജനങ്ങളിൽ ഗോളശാസ്ത്ര വിജ്ഞാനം പകരാനുമുള്ള സന്ദർഭമാക്കിമാറ്റാനും ശാസ്ത്രജ്ഞന്മാരും ശാസ്ത്ര പ്രസ്ഥാനങ്ങളും അസ്ട്രോണമിക്കൽ അസോസിയേഷനുകളും കരുതിയിരുന്നു. 2013 ഡിസംബർ മാസത്തിലെ ക്രിസ്മസ്സ് കാലത്ത് ആകാശത്ത് പൂർണ ശോഭയോടെ ദീപ്തപ്രഭാവവാനായി നിൽക്കുഅതായത് ഏതൊരു ധൂമ കേതുവും സൂര്യനെ സന്ദർശിച്ച് തിരിച്ചു പോവുമ്പോൾ അതിന്റെ ശരീരം നിർമിച്ചിരിക്കുന്ന പൊടിപടലങ്ങളും ധൂളികളും ജലാംശവും കുറേ നഷ്ടപ്പെടുന്നു. വീണ്ടും വരുമ്പോൾ അത്രയും ശോഷിച്ച ശരീരവുമായിട്ടായിരിക്കും വരിക. അങ്ങനെ ക്രമേണ ധൂമകേതുക്കൾ ശോഷിച്ച് നശിച്ചുപോകും. പ്രപഞ്ചത്തിലെ ആദിമ പദാർഥം ഉൾക്കൊള്ളുന്ന ധൂമകേതു പ്രപഞ്ച രഹസ്യ

ങ്ങൾ അനാവരണം ചെയ്യുന്ന ചെപ്പാണ്.

എന്താണ് ഈ ധൂമ കേതൂ? കേന്ദ്രഭാഗം (Nucleus) ശീർഷം (Coma) വാൽ(Tail) എന്നീ ഘടകങ്ങളുള്ള സൂര്യനെ പ്രദക്ഷിണം ചെയ്യുന്ന ആകാശവസ്തുവാണ് ധൂമകേതു. 70 ശതമാനത്തോളം ഐസും ബാക്കി പാറക്കഷണങ്ങളും ധൂളികളും അടങ്ങിയ ഇവയെ മലിന ഹിമം(Dirty Ice) എന്നും വിളിക്കുന്നു. സൗരയൂഥത്തിന്റെ അധിപതിയായ സൂര്യനെ സന്ദർശിക്കാനെത്തുന്ന ധൂമകേതുക്കൾക്ക് ഏകദേശം 30 കോടി കിലോമീറ്റർ അകലെ വെച്ച് തന്നെ വാൽ രൂപപ്പെടും. സൂര്യനോടടുക്കുംന്തോറും ചൂടും പ്രകാശവുമേറ്റ് ധൂമകേതുക്കളിലെ ഐസും പൊടിപടലങ്ങളും ബാഷ്പമായാണ് പ്രകാശിക്കുന്ന വാൽ രൂപപ്പെടുന്നത്. വാൽ എപ്പോഴും സൂര്യന് എതിർ ദിശയിലായിരിക്കും. വാലിന് ലക്ഷക്കണക്കിന് കി. മീറ്റർ വരെ നീളവുമുണ്ടാകും.

ധൂമകേതുക്കളെ ഭ്രമണവൃത്ത കാലയളവിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചിട്ടുണ്ട്. ദീർഘ ഭ്രമണ വൃത്തകാലമുള്ളവയും ഹ്രസ്വ ഭ്രമണവൃത്ത കാലമുള്ളവയും. മൂന്നേകാൽ വർഷം മുതൽ ദശലക്ഷക്കണക്കിന് വർഷം വരെ പ്രദക്ഷിണ കാലമുള്ള ധൂമകേതുക്കളുണ്ട്. 200 വർഷത്തിന് കുറഞ്ഞ കാലയളവിൽ സൂര്യനെ സന്ദർശിക്കുന്നവ ഹ്രസ്വ ഭ്രമണ വൃത്തകാലമുള്ളവയും, 200 വർഷത്തിന് മുകളിൽ സന്ദർശനം നടത്തുന്നവയും ഒരിക്കൽ മാത്രം വരുന്ന ധൂമകേതുക്കളെയെല്ലാം പൊതുവേ ആവർത്തിക്കാത്തവ (Non Periodical) എന്നാണ് പറയാറ്. ഇപ്പോൾ വന്ന ഐസോൺ ആ ഗണത്തിൽ പ്പെടുന്നതാണ്. ധൂമകേതുക്കളുടെ ഉറവിടത്തെ ക്കുറിച്ച് ഡച്ച് ശാസ്ത്രജ്ഞനായ ജാൻ ഹെൻട്രിക്ക് ഉർട്ടിന്റെ നിഗമനങ്ങൾ ഏറെക്കുറെ അംഗീക രിക്കപ്പെട്ടിട്ടുണ്ട്. അതായത് നമ്മുടെ സൗരയൂ ഥത്തിനപ്പുറത്ത് വിദൂരമായ ഒരു ഭ്രമണ പഥത്തിൽ കോടാനുകോടി ധൂമകേതുക്കൾ സൂര്യനെ കേന്ദ്രമായി ചുറ്റിക്കറ ങ്ങിക്കൊണ്ടിരിക്കുന്നു. താരതമ്യേന ഭാരം കുറഞ്ഞ ധൂമകേതു പല വിദൂര നക്ഷത്രങ്ങളുടെയും ഗോളങ്ങളുടെയും ആകർഷണത്തിൽ പെട്ട് സ്ഥാന ചലനം സംഭവിക്കുകയും സൗരയൂഥത്തിനകത്തേക്ക് കുതിച്ചെത്തുകയും ചെയ്യും എന്നാണ് ഊർട്ടിന്റെ കണ്ടെത്തൽ. ഈ ധൂമകേതു കൂട്ടത്തെ ഊർട്ട് ബെൽട്ട് അല്ലെങ്കി ൽ ഊർട്ട് മേഘങ്ങൾ എന്നാണ് വിളിക്കുന്നത്. ഗോളങ്ങളെതന്നെ തകർക്കാൻ മാത്രം അത്യന്തം അപകടകാരിയാണ് വഴി തെറ്റി വരുന്ന ഈ ധൂമകേതുക്കളും ഉൽക്കകളും. ചൊവ്വ, വ്യാഴം എന്നീ ഭാരിച്ച ഗ്രഹങ്ങളുടെ വമ്പിച്ച ഗുരുത്വബലം കൊണ്ടാണ് വഴി തെറ്റി വരുന്ന ഈ അപകടകാരികൾ സൂര്യനിലും മറ്റു ഗോളങ്ങളിലും പതിക്കാതെ ഒരു നിശ്ചിത ഭ്രമണ പഥത്തിലൂടെ കടന്നു പോകുന്നത്. ഇവിടെ വിശുദ്ധ ഖുർആനിലെ ശ്രദ്ധേയമായ ഒരു പരാമർശം കാണുക: '***തിരസ്കൃതമായ( യഥാസ്ഥാനത്ത് നിന്നും മാറിയ) എല്ലാ ശൈത്വാനിൽ നിന്നും നാം അവയെ (ആകാശത്തെ) സുരക്ഷിതമാക്കി വെക്കുകയും ചെയ്തിരിക്കുന്നു. (15:18) ആകാശത്തെ ഗ്രഹങ്ങളാകുന്ന അലങ്കാരം കൊണ്ട് നാം അലങ്കരിച്ചിരിക്കുന്നു അതിക്രമകാരികളായ എല്ലാ പിശാചിൽ നിന്നും (ശൈത്വാൻ) സുരക്ഷിതവും ആക്കിയിരിക്കുന്നു.*** *(37: 7,8)* ഈ വചനത്തിൽ സമാഉദ്ദുൻയാ(താഴത്തെ ആകാശം, സമീപസ്ഥമായ ആകാശം) സൗരയൂഥത്തെയാണ് അർഥമാക്കുന്ന ത്. സൗരയൂഥത്തെ 'കവാക്കിബ്' (ഗ്രഹങ്ങൾ) കൊണ്ട് അലങ്കരിച്ചുവെന്നും ഈ സൂക്തം പറയുന്നു. സ്വയം പ്രകാശമില്ലാത്തതും പ്രകാശം പ്രതിഫലി പ്പിക്കുന്നതു മായ ഗോളങ്ങളെ യാണ് 'കവാക്കി ബ്'(കൗകബ്ന്റെ ബഹുവചനം ) എന്ന പദം കൊണ്ട് അർഥമാ ക്കുന്നത്. അങ്ങനെ വരുമ്പോൾ സൗരയൂഥത്തിലേക്ക് അതിക്ര മിച്ചെത്തുന്ന ഗോള വസ്തുക്കളെ 'ശൈത്വാൻ' എന്ന അർഥത്തിൽ പ്രയോഗിക്കുന്നു) ഗോളവസ്തുക്കളുടെ അതായത് ധൂമകേതുക്കളുടെയും ഉൽക്കകളുടെയും ഛിന്ന ഗ്രഹങ്ങളുടെയും അതിഭീ കരമായേക്കാവുന്ന കൂട്ടിയിടിയിൽ നിന്ന് ഗ്രഹഭീമന്മാരായ വ്യാഴം, ചൊവ്വ എന്നീ ഗ്രഹങ്ങളാണ് ഭൂമിയടക്കമുള്ളസൗരയൂഥത്തെയും മറ്റ് ഗ്രഹങ്ങളെയും സുര ക്ഷിതമാക്കുന്നത് എന്ന ആധുനിക ശാസ്ത്രത്തിന്റെ വെളിപ്പെടുത്തലുകളല്ലേ വിശുദ്ധ ഖുർആൻ ഇവിടെവ്യക്തമാക്കുന്നത്?! വാൽ നക്ഷത്രത്തിന് സംസ്കൃതത്തിൽ ധൂമകേതു എന്നും ഉൽക്കകൾക്ക് ക്ഷുദ്രഗ്രഹം എന്നുമുള്ള പ്രയോ ഗം ഖുർആന്റെ ശൈത്വാൻ പ്രയോഗം പോലെനാശം വിതക്കാൻ ശേഷിയുള്ളതാണെന്ന സൂചനയാണ് നൽകുന്നത്.

ദീർഘകാല ധൂമകേതുക്കൾ വരുന്നത് ഊർട്ട് ബെൽട്ടിൽ നിന്നാണെങ്കിൽ ഹ്രസ്വകാല ധൂമകേതുക്കൾ വരുന്നത് കൈപ്പർ വലയ (Kuiper Belt)ത്തിൽ നിന്നാണ്. ഡച്ച് അമേരിക്കൻ അസ്ട്രോണമറായ ജെറാൾഡ് കൈപ്പർ ആണ് ഈ വലയം കണ്ടു പിടിച്ചത്. സൗരയൂഥത്തിനകത്ത് തന്നെയാണെങ്കിലും ഏറ്റവും അകലെയുള്ള നെപ്ട്യൂൺ കറങ്ങുന്ന ഭ്രമണപഥ മാണ് ഊർട്ട് വലയം. സൗരയൂഥ നിർമാണത്തിന് ശേഷം വന്ന ഉൽക്കകളും പാറയും പൊടിപടലങ്ങളും മറ്റു ഉപയോഗ ശൂന്യമായ പ്രപഞ്ച വസ്തുക്കൾ നിക്ഷേപിച്ച സൗരയൂഥത്തിലെ ഒരു പുറമ്പോക്കു പ്രദേശം പോലെയാണിത്. ഈ ഭ്രമണ വൃത്തത്തിലാണ് ഹ്രസ്വ കാലധൂമ കേതുക്കളുമുള്ളത്. പ്രശസ്തമായ ഹാലി ധൂമകേതു ഒരു ഹ്രസ്വകാല ധൂമകേതുവാണ്. 75-76 വർഷം കൂടുമ്പോൾ മുറതെറ്റാതെ ഭൂവാസികൾക്കെല്ലാം ദർശനം നൽകി ഹാലി സൂര്യനെ വലം വെച്ച് തിരിച്ചു പോകും. 1986 ലാണ് ഹാലി അവസാനമായി വന്നത്. ഇനി

വരിക 2061-2062 വർഷത്തിലായിരിക്കും.

ഭൂമിയിൽ എങ്ങിനെ ജലമുണ്ടായി എന്ന്ത് പ്രപഞ്ചവിജ്ഞാനികൾക്കിടയിൽ ഒരു തർക്ക പ്രശ്നമാണ്. 70% ഐസുകളുള്ള ധൂമകേതുക്കളിൽ നിന്നാണ് ഭൂമിക്ക് ജലം ലഭിച്ചത് എന്ന സിദ്ധാന്തം ഏറ്റവും പ്രബലമാണ്. ഇതിലേക്ക് സൂചന നൽകുന്ന ഖുർആൻ വചനം നോക്കൂ: '*നീ കാണുന്നില്ലേ, അല്ലാഹു മേഘങ്ങളെ മെല്ലെ മെല്ലെ ചലിപ്പിക്കുന്നു .... അപ്പോൾ അവയുടെ വിടവിൽ നിന്ന് മഴ പുറത്ത് വരുന്നത് നിനക്ക് കാണാം. അകത്ത് ഹിമങ്ങളുള്ള മലകളെ ആകാശത്ത്നിന്നും അവൻ ഇറക്കി...... (വയുനസ്സിലു മിന സ്സമാഇ മിൻ ജിബാലിം ഫീഹാ മിൻ ബറദ്:)' (24: 44)* ഈ ഖുർആൻ വചനത്തിൽ ആദ്യ ഭാഗത്ത് മേഘങ്ങളിൽ (സഹാബ്:) നിന്ന് ജലത്തെ വർഷിപ്പിക്കുന്ന സാധാരണ പ്രതിഭാസത്തെക്കുറിച്ച് ഖുർആൻ പറയുന്നു 2:22, 14:22 16:10,65 എന്നീ വചനങ്ങളിലും ഇത്തരം പ്രതിപാദനങ്ങൾ കാണാം. എന്നാൽ ആകാശത്ത് നിന്നും മഞ്ഞുമലകളെ ഇറക്കി എന്ന പ്രതിപാദനം ഭൂമിയുടെ ആവാസ വ്യവസ്ഥ രൂപം കൊള്ളുന്നതിന് മുമ്പേ ഭൂമിക്ക് ജലം ലഭിച്ചത് ധൂമകേതുക്കളിൽ നിന്നാണെന്നതിലേക്ക് സൂചന നൽകുന്നു.

ഈ ആകാശ പ്രതിഭാസങ്ങളിലെല്ലാം നമുക്കെന്ത് കാര്യം എന്ന് പറഞ്ഞ് ഭൂമിയേ മാത്രം നോക്കി തലകുനിച്ച് നടന്ന് കാലം കഴിക്കുന്ന മനുഷ്യനോട് ആകാശത്തേക്ക് തലഉയർത്തി നോക്കാനും വാനലോകത്തെ അത്ഭുതങ്ങളെ കുറിച്ച് ചിന്തിക്കാനും ദൈവത്തിന്റെ സൃഷ്ടി വൈഭവങ്ങളെക്കുറിച്ച് മനസ്സിലക്കാനും അറിവ് കരസ്ഥമാക്കാനും ശക്തമായ നിരവധി ആഹ്വാനങ്ങൾ 15 നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഖുർആൻ നൽകിയിരിക്കുന്നു. ഖുർആൻ പറയുന്നു: ***പറയുക, ആകാശങ്ങളിലും ഭൂമിയിലും എന്താണ് സംഭവിക്കുന്നതെന്ന് നോക്കൂ. എന്നാൽ സത്യത്തിൽ വിശ്വസിക്കാത്ത ജനതക്ക് ദൃഷ്ടാന്തങ്ങളും മുന്നറിയിപ്പുകളും ഒരു പ്രയോജനവും ചെയ്യില്ല.(10:102)*** .ശാസ്ത്രങ്ങളുടെ രാജ്ഞിയായ ഗണിത ശാസ്ത്രം, ആകാശ ഗോളങ്ങളുടെ ചലനത്തിൽ നിന്നാണ് മനുഷ്യൻ പഠിച്ചതെന്നും ആകാശത്തിലെ ഗോളചനങ്ങളുടെ ഒരു ഉദ്ദേശ്യം അതാണെന്നും ഖുർആൻ വ്യക്തമാക്കുന്നു. '***അവനത്രെ സൂര്യനെ ഉജ്ജ്വല തേജസ്സുള്ളതും ചന്ദ്രനെ പ്രകാശം പ്രതിഫലിക്കുന്നതും വർഷങ്ങളുടെ എണ്ണവും ഗണിതവും അറിയുന്നതിന് വേണ്ടി അതിന് (ചന്ദ്രൻ) വിവിധ രാശി മണ്ഡലങ്ങൾ (മൻസിലുകൾ- അഥവാ നക്ഷത്ര ഭവനങ്ങൾ) നിർണയിക്കുകയും ചെയ്തിരിക്കുന്നത്. വ്യക്തമായ യാഥാർഥ്യത്തിന് വേണ്ടിയല്ലാതെ അല്ലാഹു അത് സൃഷ്ടിച്ചിട്ടില്ല. കാര്യങ്ങൾ ഗ്രഹിക്കുന്ന ജനതക്ക് വേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു.'(10: 6)*** നിർഭാഗ്യകരമെന്ന് പറയട്ടെ എല്ലാ വൈജ്ഞാനിക വിഷയങ്ങളിലുമെന്ന പോലെ, മുസ്‌ലിംകളുടെ മതജീവിതവുമായി ബന്ധമുണ്ടായിരുന്നിട്ടും അവർ ഏറ്റവും അവഗണിച്ച ഒരു ശാസ്ത്രമാണ് ഗോള ശാസ്ത്രം. 'അബ്ദുൾ ഖാദറും അമാവാസിയും പോലെ ' എന്ന ശൈലിരൂപപ്പെട്ടുമാറ് ആ അജ്ഞത ഗുരുതരമാണ്. മാനം നോക്കി മാസം നിർണയിക്കാൻ പോലും ഇന്ന് മുസ്‌ലിം സമുദായം അശക്തമായിരിക്കുന്നു.

ഖുർആൻ പറയുന്നു: '***ആകാശങ്ങളിലും ഭൂമിയിലും എത്രയെത്ര ദൃഷ്ടാന്തങ്ങൾ അവയുടെ അരികിലൂടെ അവയെക്കുറിച്ച് ചിന്തിക്കാതെ അശ്രദ്ധരായി അവർ കടന്നു പോകുന്നു.'( 12: 106)***. വിശുദ്ധ ഖുർആന്റെ ഏറ്റവും പ്രിയപെട്ട ശാസ്ത്ര വിഷയങ്ങളിലൊന്നാണ് അസ്ട്രോണമി. അതിന്റെ ചില അദ്ധ്യായങ്ങളുടെ തലക്കെട്ടുകൾ തന്നെ ഗോളശാസ്ത്ര സംബന്ധിയാണ്.അന്നജ്മ്(നക്ഷത്രം) അശ്ശംസ് (സൂര്യൻ) ബുറൂജ് (ആകാശ രാശികൾ) അൽഖമർ (ചന്ദ്രൻ) ഫജ്റ്(പ്രഭാതം) ലൈൽ(രാത്രി) മുതലായവ. ഖുർആന്റെ ആഹ്വാന പ്രകാരം മദ്ധ്യനൂറ്റാണ്ടുകളിൽ മുസ്‌ലിംകൾ നടത്തിയ വൻ വൈജ്ഞാനിക മുന്നേറ്റങ്ങളാണ് ഇന്നും ആധുനിക അസ്ട്രോണമിയുടെ അടിസ്ഥാനം. വി. ഖുർആൻ പറയുന്നു: '***തങ്ങളുടെ മേൽ ഭാഗത്തുള്ള ആകാശത്തേക്ക് അവർ നോക്കീട്ടില്ലേ? എങ്ങനെയാണ് അതിനെ നാം സൃഷ്ടിക്കുകയും അലങ്കരിക്കുകയും ചെയ്തിട്ടുള്ളത്. അതിൽ വൈകല്യങ്ങളൊന്നുമില്ല.' (50:7)*** ബുദ്ധിമാന്മാരുടെ (ഉലിൽ അൽ ബാബ്) അടയാളമായി ഖുർആൻ പറയുന്നത് കാണുക: '***ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വഭാഗങ്ങളിൽ (കിടന്നും) അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുകയും ആകാശ ഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ പറയും) ഞങ്ങളുടെ നാഥാ!, നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത് നീ പരിശുദ്ധനാണ് അതിനാൽ നീ ഞങ്ങളെ നരക ശിക്ഷയിൽ നിന്നും രക്ഷിക്കേണമേ' (3: 4)***

മനുഷ്യനെ നൂറ്റാണ്ടുകളായി വിസ്മയിപ്പിച്ചു കൊണ്ടിരിക്കുന്ന ആകാശത്തിലെ അദ്ഭുതങ്ങൾ ഒരിക്കലും നിലക്കുന്നില്ല. നമ്മുടെ തലക്ക് മുകളിൽ വിവൃതമായി നിൽക്കുന്ന ഈ ബ്രഹ്മാണ്ഡ കടാഹം നിരന്തരം നിരീക്ഷിച്ച് പഠിക്കുന്ന ഒരാൾക്ക് ദൈവത്തിന്റെ മഹത്വവും പ്രപഞ്ചത്തിൽ മനുഷ്യനുള്ള സ്ഥാനവും ബോദ്ധ്യമാവും. അതുകൊണ്ടാണ് ആകാശം സത്യവിശ്വാസികളുടെ നിരന്തരനിരീക്ഷണത്തിന് വിധേയമാക്കണമെന്ന് അല്ലാഹു മനുഷ്യനെ ഓർമിപ്പിക്കുന്നത്.



## പി കെ. ഇബ്‌റാഹിം സാഹിബ്

കണ്ണൂർ ടൗൺ അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിലെ അംഗമായ ജനാബ് പി. കെ. ഇബ്‌റാഹിം സാഹിബ് (78) 27-10-2013 ന് വഫാത്തായി. ഇന്നാ ലില്ലാഹി... 1997 ൽ ബയ്അത്ത് ചെയ്ത അദ്ദേഹം വിശ്വാസത്തിന്റെ പേരിൽ നിസ്തുലമായി ത്യാഗങ്ങൾ വരിച്ച മഹദ് വ്യക്തിത്വമായിരുന്നു. 16 വർഷമായി കണ്ണൂർ അഹ്‌മദിയ്യ മസ്ജിദിൽ ഖാദിമായി സേവനമനുഷ്ഠിച്ച് വരികയായിരുന്നു.

മുൻ സംസ്ഥാന അമീർ ഡോ. മൻസൂർ അഹ്‌മദ് സാഹിബിൽ നിന്നാണ് അദ്ദേഹത്തിന് ജമാഅത്തിന്റെ സംന്ദേശം ലഭിച്ചത്. 2008 ൽ അമീറുൽമുഅ്മിനീൻ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് (അയ്യദഹു)കേരളം സന്ദർശിച്ചപ്പോൾ അല്ലാഹുവിന്റെ ഖലീഫയെ നേരിട്ട് കാണുകയുണ്ടായി. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും ജന്നത്തും നല്കുമാറാകട്ടെ.

ഇബ്‌റാഹീം സാഹിബിന് ഏഴു മക്കളാണ്. ആറുപെണ്ണും മൂന്ന് ആണും.

INTERNATIONAL

## എൻ. അബ്ദുൽകരീം സാഹിബ്

പഴയങ്ങാടി ജമാഅത്തിലെ ദീർഘകാല അംഗമായിരുന്ന നടുവിലകത്ത് അബ്ദുൽകരീം സാഹിബ് 19-10- 2013 ശനിയാഴ്ച ഉച്ചകഴിഞ്ഞ് വഫാത്തായി ഇന്നാ ലില്ലാഹി.... 87 വയസ്സായിരുന്നു.

കണ്ണൂർ സിറ്റിയിൽ തലമുറകളായി അഹ്‌മദികളുള്ള ഒരനുഗൃഹീത കുടുംബത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. കേരളത്തിലെ ആദ്യ അഹ്‌മദി എടപ്പകത്ത് അബ്ദുൽഖാദിർകുട്ടി സാഹിബ് പരേതന്റെ മാതാമഹനും സത്യദൂതൻ മുൻ പത്രാധിപർ മർഹൂം എൻ. അബ്ഹുർറഹീം സാഹിബ് അനുജനുമായിരുന്നു.

1946-ൽ ഖാദിയാനിൽ നടന്ന വാർഷിക സമ്മേളനത്തിന് ഒരാഴ്ച മുമ്പേയാണ് അദ്ദേഹവും എൻ. ഹാമിദ് സാഹിബിന്റെ അനുജൻ മഹ്മൂദ് അഹ്‌മദ് സാഹിബും ബോംബെയിൽനിന്ന് ആദ്യമായി ഖാദിയാനിലെത്തിയത്. ജൽസയ്ക്കു ശേഷം ഖലീഫത്തുൽമസീഹ് സാനിയുടെ കൈസ്പർശിച്ച് നേരിട്ട് ബയ്അത്തു ചെയ്യാനും അദ്ദേഹത്തിന് ഭാഗ്യം കിട്ടി. 9 മാസം ഖാദിയാനിൽ അദ്ദേഹം താമസിച്ചു.

ഇന്ത്യാ വിഭജനത്തിന്റെ കാലഘട്ടത്തിൽ പരേതൻ ഖാദിയാനിലായിരുന്നു. ഉത്തരേന്ത്യ ഒന്നടങ്കം വർഗീയ ലഹളയിൽ കത്തി അമർന്നുകൊണ്ടിരുന്ന അക്കാലത്ത് താനുമായി ബന്ധപ്പെട്ട ഒരു സംഭവം അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പിൽനിന്ന് ഇവിടെ ചുരുക്കി വിവരിക്കട്ടെ. അദ്ദേഹം പറയുന്നു: "1947 ആഗസ്റ്റ് 31 ന് ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് സാനി മിർസാ ബശീറുദ്ദീൻ സാഹിബ്(റ) ഖാദിയാനിൽനിന്ന് ലാഹോറിലേക്ക് ഹിജ്റത്ത് ചെയ്തു. അന്നുതന്നെ ഒന്നരമണിയ്ക്ക് ലാഹോറിലെത്തി. അപ്പോൾ ഞാൻ ഖാദിയാനിലുണ്ടായിരുന്നു. സെപ്തംബർ മാസത്തിൽ ഞാനും ചെരിക്കാക്കയും (മർഹൂം എൻ. മഹ്മൂദ് അഹ്‌മദ് സാഹിബ്) ഒന്നാമത്തെ ഖാഫ്‌ലയിൽതന്നെ പാകിസ്താനിലേക്ക് നടന്നു പോകാനായി ഒരു കാളവണ്ടിൽ സാധനങ്ങളെല്ലാം എടുത്തുവച്ചു. പക്ഷേ, പുറപ്പെട്ടില്ല. കാരണം അപ്പോൾ ഞങ്ങളുടെ പീടികയുടെ മുമ്പിൽ ഒരു പട്ടാളലോറി കൊണ്ടു വെച്ചിരിക്കുന്നത് കണ്ടു. അതിലെ ഡ്രൈവർ തമിഴനായിരുന്നു. ചെരിക്കാക്ക ഡ്രൈവറോടു സംസാരിച്ചപ്പോൾ സാധനങ്ങളെല്ലാം ലോറിയിലെടുത്ത് വെക്കാൻ അയാൾ പറഞ്ഞു. അങ്ങനെ കാളവണ്ടിയിൽനിന്ന് സാധനങ്ങൾ ലോറിയിലേക്ക് മാറ്റി. അപ്പോഴേക്കും മറ്റു പട്ടാള ലോറികളുമെത്തി. ഞങ്ങളുടെ ലോറി ഖാദിയാനിൽനിന്ന് പുറപ്പെട്ട് മറ്റൊരു വഴിയിലൂടെ സഞ്ചരിച്ച് ഒരു ഗ്രാമത്തിലെ അഭയാർഥികളായ മുസ്‌ലിംസ്ത്രീകളേയും മറ്റുംകയറ്റി വെളുപ്പിന് 3 മണിയോടുകൂടി അതിർത്തിയിലെത്തി. വഴിക്കുവെച്ച് സിക്കുകാർ ഞങ്ങളുടെ വാഹനം പരിശോധിച്ച് എന്റെ പെട്ടിയിലുണ്ടായിരുന്ന സാധനങ്ങളെല്ലാം എടുത്തു കൊണ്ടുപോയി. പലരുടേയും സാധനങ്ങൾ ഒരു മൈതാനത്ത് വിതറിയിരിക്കുന്നതും കണ്ടു. ഞങ്ങൾ പുറപ്പെടാൻ വിചാരിച്ച ആദ്യത്തെ ഖാഫ്‌ല പുറപ്പെട്ടുവെങ്കിലും ബട്ടാലയിൽവച്ച് സിക്കുകാർ അവരെ ആക്രമിക്കുകയും പലർക്കും പരിക്കേൽക്കുകയും സാധനങ്ങൾ പിടിച്ചുപറിച്ചുകൊണ്ടുപോകുകയും ചെയ്തു. ഇത്തരം കാര്യങ്ങൾ തന്റെ ഡയറിയിൽ വിശദീകരിച്ചെഴുതിയിട്ടുണ്ട്.

1949-ൽ ഖലീഫത്തുൽമസീഹ് സാനിയും അദ്ദേഹത്തിന്റെ വന്ദ്യമാതാവ് ഹദ്‌റത്ത് നുസ്‌റത്ത് ജഹാം ബീഗം സാഹിബ(റ)യും സിന്ധിലെ, കുന്ദ്രിയിൽ വന്നിരുന്നു. അന്ന് ഉമ്മുൽമുഅ്മിനീനെ നേരിൽ കാണാനും അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചു.

അബ്ദുൽകരീം സാഹിബിന് ഖലീഫത്തുൽ മസീഹ് ഥാലിഥ്, ഖലീഫത്തുൽമസീഹ് റാബിഅ്,



**എൻ. അബ്ദുൽകരീം**

ഖലീഫത്തുൽ മസീഹ് അൽഖാമിസ് എന്നിവരുമായും കൂടിക്കാഴ്ച നടത്താൻ ഭാഗ്യം കിട്ടി. കൂടാതെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പല അകാബിർ സ്വഹാബിമാരേയും കാണാനും തൗഫീഖ് ലഭിച്ചു.

ഭാര്യ ബിലാവിനകത്ത് സൈനബാ സാഹിബ. മക്കൾ: അബ്ദുന്നാസ്വിർ, ശാക്കിറ, അബ്ദുന്നാഫിഅ്, ശബീറ. മരുമക്കൾ: നാസിർ അഹ്മദ് സിദ്ദീഖ്, സലീം അഹ്മദ്. കെ.വി, റജ്ന, ദിശാന പർവിൻ. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നല്കുമാറാകട്ടെ ആമീൻ.

www.alislam.org




കണ്ണൂർ സിറ്റി അഹ്മദിയ്യാ ജമാഅത്ത് ജവഹർ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ഈദ് മിലൻ പരിപാടിയിൽ മുഖ്യാതിഥി കണ്ണൂർ എം. പി. ശ്രീ. കെ. സുധാകരൻ പ്രസംഗിക്കുന്നു.ഫാദർ ദേവസ്യ എരത്തറ,( ആശംസ) കണ്ണൂർ ജമാഅത്ത് അമീർ മസ്ഊദ് സാഹിബ് ,കണ്ണൂർ മുനിസിപ്പൽ വെസ് ചെയർമാൻ ശ്രീ. ടി. ഓ. മോഹനൻ ( ഉദ്ഘാടകൻ) , എം അബ്ദുർഹ്മാൻ സാഹിബ് ( മുഖ്യ പ്രാസംഗികൻ) പ്രൊഫ: എം മുഹമ്മദ് സാഹിബ് (അദ്ധ്യക്ഷൻ) എന്നിവർ സമീപം. പി. ഷഫി അഹ്മദ് സാഹിബ് , ടി. ഷറഫുദ്ദീൻ സാഹിബ് എന്നിവർ പ്രസംഗിച്ചു.




ദജ്ജാൽ സമകാലീന ലോകത്തെ മഹാദുരന്തം എന്ന വിഷയത്തിൽ ഒക്ടോബർ 21 ന് കോഴിക്കോട് നടത്തിയ സെമിനാർ ജില്ലാ അമീർ കെ. യു. അഹ്മദ് കോയ ഉദ്ഘാടനം ചെയ്യുന്നു. മൗലവി ഇസ്മായീൽ, മൗലവി സുൽത്താൻ അഹ്മദ്, എ.എം. മുഹമ്മദ് സലിം സാഹിബ് എന്നിവർ പ്രസംഗിച്ചു




കരുനാഗപ്പള്ളിയിൽ നടന്ന അൻസാറുല്ലാഹ് തിരുവനന്തപുരം മേഖല തർബിയത്ത് ക്യാമ്പ് കൊല്ലം ജില്ലാ അമീർ അഹ്മദ് ഷരീഫ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു

7 November 2013

Vol: 85 Issue.**11**
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14
Licensed to Post Without Prepayment
**The Sathyadoothan Monthly**


# Ahmadiyya Muslim Community

*Apps for mobile devises*

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

## Quran

Read the Holy Quran in easy Yassarnal Quran Font

## Conditions of Bai'at

A pocket reference of Shara't-e-Bai'at in 7 languages

## Sermons

Huzoor's Friday Sermons In 15 languages

## MTA

Watch MTA Live, view Schedule and much more

## Ahmadiyya News

Stay up to date with the Latest jama'at news




View these apps at
alislam.org/apps
or scan the QR code below

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020 Toll Free (9 am to 9 pm)**